പുസ്തകം 8 ലക്കം 10
സെപ്തംബർ 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകത്ത്വ

Eka Thathwa

മാസിക



ഒരേ ഒരു പ്രശ്നം മതി
എല്ലാവരേയും ഒന്നാക്കാനും ഇല്ലാതാക്കാനും !

# കേരളചരിത്രത്തിലെ അവിസ്മരണീയമായ ഒരു കറുത്ത അദ്ധ്യായം

# പ്രളയം 2018

പ്രളയത്തിൽ മരിച്ചുപോയവരുടെ സ്മരണയ്ക്കുമുന്നിൽ
ഏക തത്ത്വയുടെ കണ്ണീരിൽ കുതിർന്ന

## ആദരാഞ്ജലികൾ.

**ജാതി മത വേർതിരിവുകളില്ലാതെ ഉച്ച നീചത്വങ്ങളില്ലാതെ
ദരിദ്രനെന്നോ പണക്കാരനെന്നോ വ്യത്യാസമില്ലാതെ
അധികാരത്തിന്റെ ഹുങ്കില്ലാതെ
ഒരേ മനസ്സുമായി ദുരിതക്കയത്തിൽ നിന്നും ജനങ്ങളെ കരകയറ്റുവാൻ ജീവൻ പോലും
പണയപ്പെടുത്തി മുന്നോട്ടുവന്ന് സഹായിച്ച, സഹകരിച്ച ഓരോരുത്തർക്കും
അതുപോലെ ദുരിതബാധിതർക്ക് യഥാസമയം
ഭക്ഷണവും സാമ്പത്തിക സഹായവും നല്കി സഹകരിച്ച എല്ലാവർക്കും...**

# ഏക തത്ത്വയുടെ ബിഗ് സല്യൂട്ട്...

**പ്രത്യേകിച്ച്...**

- കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സമയോചിതമായ ഇടപെടലുകൾക്ക്...
- സായുധ സേനയുടെ ധീര ജവാൻമാർക്ക്...
- ഫയർ ഫോഴ്സ് ജീവനക്കാർക്ക്...
- ജലസേചനവകുപ്പ്, ഫോറസ്റ്റ്, കെ. എസ്. ഇ. ബി. ജീവനക്കാർക്ക്...
- സി. ആർ. പി. എഫ്, ആർ. എ. എഫ്, ആർ. പി. എഫ്,
  പോലീസ്, മറ്റ് ഗവൺമെന്റ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും
- സന്നദ്ധ സംഘടനകളുടെ പ്രവർത്തകർക്ക്...
- മത്സ്യ തൊഴിലാളികൾക്ക്...
- ഒറ്റപ്പെട്ട സഹായസഹകരണങ്ങൾ നല്കിയ
  എല്ലാ സുമനസ്സുകൾക്കും, നാട്ടുകാർക്കും. **ബിഗ് സല്യൂട്ട്...**

**നമ്മളെ ആരോ ഒന്നിപ്പിച്ചിരിക്കുന്നു...
ഏക ചിന്തയോടെ...
ഏക പ്രാർത്ഥനയോടെ...
ഏക മനസ്സോടെ...
പ്രവൃത്തികളെ ഏകോപിപ്പിച്ച്
ഇനിയും നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം.
ഐകമത്യം മഹാബലം.**

- വീടും പറമ്പും കൃഷിയും ജോലിയും കുടുംബാംഗങ്ങളും നഷ്ടപ്പെട്ട ഓരോരുത്തരേയും കണ്ടെത്തി സംരക്ഷിക്കേണ്ടത്, ആശ്വസിപ്പിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.
- സാമ്പത്തിക സഹായം അർഹതപ്പെട്ടവരുടെ കൈകളിലേയ്ക്കുതന്നെ എത്തിക്കാൻ നാമോരോരുത്തരും പ്രതിജ്ഞാബദ്ധരാവണം..
- അനധികൃതമായി ദുരിതബാധിതർക്കുള്ള ആനുകൂല്യങ്ങൾ കൈപറ്റുന്നവരും അധാർമ്മികമായി ജീവിക്കുന്നവരും ഓർക്കുക **പാപത്തിന്റെ കൂലി മരണമത്രെ!**

₹ 15

# ഏക തത്ത്വ

## മാസിക

പുസ്തകം 8 ലക്കം 10
സെപ്തംബർ 2018

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർ ഫോട്ടോ**
ഉല്ലാസ് ഗോവർദ്ധൻ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil
Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം



**ലേഖനം**
7 – വരദാ – എം. എം. മേനോൻ
8 – മതനിരപേക്ഷ സമൂഹത്തിന്റെ കാലികപ്രസക്തി
– ടി. വി. നാരായണൻ കുട്ടി
14 – അപരിചിതരും പരിചിതരും – ചെറിയാൻ തോട്ടുങ്കൽ
18 – ഇന്നത്തെ വിദ്യാഭ്യാസ സംവിധാനം ഉചിതമോ ?
– ഡോ. സുനീത് മാത്യു
25 – അപസ്മാരം – അശോപ്പി ചേർത്തല
26 – സുഖയാത്രയിലെ പ്രതിസന്ധി – പി. ആർ. ജോസ്

**കഥ**
11 – അഞ്ചുകഥകൾ – സുരേഷ് തെക്കീട്ടിൽ
17 – മൂന്നുകഥകൾ – ഉണ്ണി വാര്യത്ത്
21 – പേരുദോഷം – ജിജോ രാജകുമാരി
27 – പൊതിച്ചോറ് – ജോസഫ് പൂതക്കുഴി
30 – കൊതുകുമന്ത്രം – ജനാർദ്ദനൻ പി. വണ്ടാഴി
32 – താള് – ടി. കെ. ഉണ്ണികൃഷ്ണൻ
33 – നാട്ടുവെളിച്ചം – എം. ഡി. വിശ്വംഭരൻ

**കവിത**
8 – വേറെ തരമില്ല സോദരാ – അജയ് ബാലചന്ദ്രൻ
21 – 2018ലെ വർഷം – എടത്തറ ജയൻ
23 – ഓണക്കാലം – മീനാക്ഷി എഴുവത്ത്
23 – പുണ്യജ്വാല – പ്രതിഭ അംബാടി
24 – ആത്മവിശ്വാസം – രാധാകൃഷ്ണൻ. എ
24 – മഴനൊമ്പരം – റീന രാധ
26 – പെയ്തുതോർന്നുവോ – ശ്രീജ . ആർ
30 – ഓണമെത്തുമ്പോൾ – വിജയൻ കല്ലട
38 – അത്രമേൽ പ്രിയങ്കരിയുടെ എഴുത്തിലെ നിഗൂഢതകൾ
തിരയുന്നവൻ – തുളസി കേരളശ്ശേരി
42 – മാവേലി എൻ വീട്ടിൽ വന്നിരുന്നോ? – മനോഹരി സി. ബി.

**സ്മരണ**
12 – എന്റെ അഭിനയ സ്മരണകൾ – മുക്കം ഭാസി

**യാത്രാവിവരണം**
15 – ദേവഭൂമിയിലെ ദേവദാരുക്കൾ – ഈശ്വർകുമാർ തരവത്ത്

**ആരോഗ്യം**
20 – കഞ്ചാവ് – ഡോ. സി. രാമകൃഷ്ണൻ

**മഹാത്മ**
22 – സുഹൃത്ബന്ധം – ബിന്ദു. കെ

**പാചകം**
35 – കാരറ്റ് ഹൽവ – പി. എൻ. ഗംഗാലക്ഷ്മി

**കതിരും പതിരും**
41 – പുതുച്ചൊല്ലുകൾ – സൈനുദീൻ മുണ്ടക്കയം

**ദൈവനാമത്തിൽ**
39 – വിധി – മുഹമ്മദ് കനി

# ഒരേ ഒരു പ്രശ്നം മതി

## എല്ലാവരേയും ഒന്നാക്കാനും ഇല്ലാതാക്കാനും !



ഇ. ടി. മുരളീധരൻ

**മാ**തൃകാപരമായി ജീവിക്കുന്ന ഒരു വ്യക്തിക്ക് കുറച്ചു നല്ല കാര്യങ്ങൾ മാത്രമേ ചെയ്തുതീർക്കാനാകൂ. ആ വ്യക്തിയേ സഹായിക്കാനായി കണ്ടറിഞ്ഞ് കുറച്ചുപേരെത്തുമ്പോൾ കുറച്ചധികം കാര്യങ്ങൾ ചെയ്യാനാകും. പക്ഷെ പ്രവർത്തനങ്ങൾ കൂടുമ്പോൾ പരാതികളും കൂടും. പലരുടേയും അഭിപ്രായം വകവെയ്ക്കാനാകാതെ മുന്നോട്ടുപോകേണ്ടിവരും. പിന്നീട് ഓരോരുത്തരുടേയും സ്ഥാപിത താത്പര്യങ്ങൾ സംരക്ഷിക്കുക എന്നത് സംഘടനയുടെ, രാഷ്ട്രീയ പാർട്ടിയുടെ നിലനില്പ്പിന് ആത്യന്താപേക്ഷിതമാകും. മനസ്സാക്ഷിക്ക് അംഗീകരിക്കാൻ സാധിക്കാത്ത പലതും കൂടെയുള്ളവർ ചെയ്യുമ്പോൾ നോക്കിനിൽക്കാനേ കഴിയുകയുള്ളൂ. എന്തിനുവേണ്ടിയാണോ ഈ പ്രസ്ഥാനമാരംഭിച്ചത് ആ ലക്ഷ്യമെല്ലാം മറന്ന് നിലനിൽപ്പിനായുള്ള പോരാട്ടമാകും പിന്നീട് നടക്കുക. ഇന്നത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളേയും നോക്കുക, ചെറുതും വലുതുമായ എല്ലാ സംഘടനകളേയും സാംസ്കാരിക കൂട്ടായ്മകളേയും ശ്രദ്ധിക്കുക, എല്ലാം ആദർശം വെടിഞ്ഞ് എന്തിനെന്നറിയാതെ വേഷങ്ങൾ മാത്രമായി പരിണമിച്ചതായി കാണാം.

നിങ്ങൾക്ക് ഒറ്റയ്ക്ക് ചെയ്യാൻ കഴിയുന്നവ ചെയ്താൽ മതി. അങ്ങനെ ഓരോരുത്തരും ചെയ്യുമ്പോൾ കുറച്ചെങ്കിലും ഇവിടെ നന്മയുണ്ടാകും. എല്ലാവരും നല്ല കഴിവുള്ളവരാണ്. പക്ഷെ ഒന്നിച്ചുചേർന്നാൽ ആരും സ്വന്തം കഴിവുകളെ ഉപയോഗിക്കാറില്ല. പകരം പരസ്പരം കുറ്റപ്പെടുത്തി സ്വൈര്യക്കേടുണ്ടാക്കി ജീവിക്കും, ആളാവാൻ നോക്കും. പരസ്പരം വിട്ടുകൊടുത്തും അഭിപ്രായങ്ങൾ ഏകോപിപ്പിച്ചും മുന്നേറണമെങ്കിൽ നല്ല പക്വതയുള്ളവരായിരിക്കണം. എല്ലാം ഒത്തുവന്നാലും സംഘടനയുടെ വളർച്ചയ്ക്കാനുപാതികമായി പല സ്വാർത്ഥൻമാരും സംഘടനയിൽ വന്നുചേരും. പിന്നെ ലക്ഷ്യങ്ങൾ മാറും. പ്രവൃത്തിയേക്കാളും അധികാരത്തിനായുള്ള മത്സരമാകും, നിലനില്പിനുള്ള പോരാട്ടമാവും നടക്കുക. യഥാർത്ഥത്തിൽ ആദർശപരമായ ഒരു സംഘടന കെട്ടിപ്പടുക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ച ആളുകളുടെ മനസ്സ് വേദനിക്കും. അവർ മനസ്സില്ലാമനസ്സോടെ പിന്മാറിത്തുടങ്ങും. അങ്ങിനെ നല്ലവരെല്ലാം വിട്ടൊഴിഞ്ഞുപോയ കുറേ രാഷ്ട്രീയ പാർട്ടികളും സംഘടനകളും പ്രവർത്തകരുമാണ് ഇന്നുള്ളത്.

പലരേയും ശകാരിച്ച് നന്നാക്കാമെന്ന് ചിലർ കരുതുന്നു. മറ്റുചിലർ സ്നേഹം നടിച്ച് നന്നാക്കിയെടുക്കാമെന്ന് കരുതുന്നു. പക്ഷെ യഥാർത്ഥത്തിൽ സ്നേഹം നടിച്ചല്ല മറിച്ച് സ്നേഹം നല്കി നന്നാക്കിയെടുക്കുകയാണ് വേണ്ടത്. പക്ഷെ ഒരുപാട് സമയമെടുക്കും. ആർക്കും സമയമില്ലല്ലോ. ശകാരിച്ചും അടിപിടി കൂടിയും ജീവിതം ജീവിച്ചുതീർക്കുകയാണ് പലരും. ആർക്കും സമാധാനം എന്നൊന്ന് വേണ്ടാത്തത് പോലെ... പരസ്പരം സമാധാനം കെടുത്തി എന്നും ദുഃഖിതരായി ജീവിക്കുകയാണ് ഇവിടെ. ക്ഷമയോടെ ചിന്തിച്ച് പ്രവൃത്തിച്ചാൽ ഏവർക്കും സമാധാന ജീവിതം കൈവരും. പക്ഷെ ക്ഷമയില്ലല്ലോ ഒന്നിനും... ഒരുവെട്ടിന് രണ്ട് തുണ്ട് എന്നതുപോലെയാണ് പലരുടേയും വാക്കും പ്രവൃത്തിയും. എല്ലാവർക്കും ജീവിതം മടുത്തുതുടങ്ങിയതിന്റെ ലക്ഷണമാണെന്നു തോന്നുന്നു ഇതെല്ലാം. അധികം വൈകാതെ തന്നെ എല്ലാം ഇല്ലാതാകും എന്ന് പലരും കരുതുന്നുണ്ട്. അതിനുമുമ്പ് സുഖലോലുപരായി കഴിയാനുള്ള ശ്രമമാണ് ഓരോരുത്തരും നടത്തുന്നത്. സത്യം, നീതി, ധർമ്മം ഇവയ്ക്കൊന്നും ഒരു പ്രസക്തിയുമില്ല. എല്ലാവരും അവരവരുടെ സുഖത്തിനുമാത്രമായി ജീവിക്കുന്നു. കൂടെയുള്ളവർക്ക് എന്തെങ്കിലും സംഭവിക്കുമ്പോൾ കൂടി പിറുപിറുത്തുകൊണ്ട് നിവൃത്തിയില്ലാതെ സഹായിക്കുന്നു എന്നുമാത്രം. മാനുഷിക മൂല്യങ്ങളെ തിരിച്ചുപിടിക്കാൻ ആരും ശ്രമിക്കുന്നില്ല. ഇനിയൊന്നും നേരാവാൻ പോകുന്നില്ല എന്നാണ് എല്ലാവരുടേയും വാദം. അതുകൊണ്ട് നീയും തോന്നിയതുപോലെ ജീവിച്ചോ. ഇത്രയ്ക്ക് ആത്മാർത്ഥതയും സത്യസന്ധതയുമൊന്നും ആവശ്യമില്ല. ഇത്തരത്തിലുള്ള ഉപദേശങ്ങൾ കേട്ട് ഓരോരുത്തരും നന്മയുടെ, സ്നേഹത്തിന്റെ പാത വെടിഞ്ഞ് ദിനംപ്രതി സ്വാർത്ഥൻമാരായിക്കൊണ്ടിരിക്കുന്നു. ചെയ്യുന്നതെല്ലാം തെറ്റാണെന്നും അതിന് ശിക്ഷ തീർച്ചയായും ലഭിക്കുമെന്നെല്ലാം അറിയാം. പക്ഷെ നമ്മളായിട്ടെന്തിന് സത്യം, ധർമ്മം, നീതി എന്നെല്ലാം പറഞ്ഞ് ബുദ്ധിമുട്ടി ജീവിക്കണം എന്നുകരുതി തോന്നിയതുപോലെ ജീവിക്കുന്ന ഒരു സമൂഹത്തിലേക്കാണ് പെരുമഴ പെയ്തിറങ്ങിയത്. എല്ലാവരും ഒരു ശിക്ഷ, നാശം പ്രതീക്ഷിച്ചിരിപ്പായിരുന്നു. മഴ നിൽക്കാതായപ്പോൾ, എല്ലായിടത്തും പ്രളയം ബാധിച്ചപ്പോൾ മരണശിക്ഷ ഏറ്റുവാങ്ങാൻ തയ്യാറായി നിൽക്കുന്ന കുറ്റവാളിയെ പോലെ ചെയ്തുപോയ തെറ്റുകൾക്ക് ശിക്ഷ കിട്ടിത്തുടങ്ങി എന്ന് മനസ്സിലായവർ ഒന്നും പ്രതികരിക്കാതെ നിന്നു. എല്ലാവരും മൂകരായി.

ചുറ്റുപാടും വെള്ളം. പല വീടുകളും വെള്ളത്തിനടിയിലായി എങ്കിലും കുടിക്കാൻ ശുദ്ധജലം കിട്ടാതെ പലരും വിഷമിച്ചു. അമ്മ പക്ഷി ഭക്ഷണം കൊണ്ടുവരുന്നതും കാത്ത് വായും പൊളിച്ച് മേൽപ്പോട്ട് നോക്കി നിൽക്കും കുഞ്ഞിക്കിളികളെ പോലെ ഹെലികോപ്റ്ററിൽ നിന്നും ലഭിക്കുന്ന ഭക്ഷണത്തിനായി കാത്തുനിന്ന പലരും ഉണ്ണാനും ഉടുക്കാനും ഇല്ലാത്തവരായിരുന്നില്ല, പഴകിയ ഭക്ഷണം കഴിച്ച് ശീലിച്ചവരായിരുന്നില്ല. ആർഭാട ഭക്ഷണം വേണ്ട എന്തെങ്കിലും ഒന്ന് കഴിക്കാൻ കിട്ടിയാൽ മതിയായിരുന്നു എന്നതായിരുന്നു ചിന്ത. മഴയെ തുടർന്ന് കറണ്ടുപോയി എല്ലാവരും ഇരുട്ടിലായി. ഇന്റർനെറ്റ് സംവിധാനങ്ങളും ടി.വി

യും റേഡിയോയും ഐ ഫോണും മിണ്ടാതെയായി. ഗതാഗത സൗകര്യങ്ങളെല്ലാം നിലച്ചു. എല്ലാവരും ഒറ്റപ്പെട്ടു. സമ്പന്നന്മാരായവർ തിങ്ങിപ്പാർക്കുന്ന ജില്ലയിലെ സ്ഥിതി ഇതാണെങ്കിൽ മറ്റിടങ്ങളുടെ കാര്യം പിന്നെ പറയാനുണ്ടോ? ജാതി ഭേദമില്ലാതെ മതവിദ്വേഷങ്ങളില്ലാതെ സമ്പന്നനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും സമൻമാരായി വാണിടുന്ന കാലത്തെ ഓർമ്മപ്പെടുത്തി നമ്മളെയെല്ലാവരേയും ഒന്നാക്കാനായി മഴ വന്നു. കുറേ കാലത്തോളമായി ചടങ്ങുകൾ മാത്രമായി ചുരുങ്ങിയ ഓണം അതിന്റെ യഥാർത്ഥ സന്ദേശം ഓർമ്മപ്പെടുത്തി കടന്നുപോയി. പലരും ഓണാഘോഷങ്ങൾ ഒഴിവാക്കി മറ്റുചിലർ കഞ്ഞിയും ചമ്മന്തിയും ചുട്ട പപ്പടവുമായി ആഗ്രഹങ്ങളേയെല്ലാം നിയന്ത്രിക്കാൻ പഠിച്ചു.

മനം വിട്ടൊന്ന് ഉറങ്ങാൻ പറ്റാത്ത കുറേ രാത്രികൾ കടന്നുപോയി. രാത്രിയും പകലുമായി ഇടമുറിയാതെ പെയ്ത മഴയുടെ ശബ്ദം മനസ്സിനെ അലോസരപ്പെടുത്തി. ആർക്കെല്ലാമോ എന്തെല്ലാമോ നഷ്ടപ്പെടുന്നതിന്റെ ശബ്ദം. ആരും ഇത്തവണ മഴക്കവിതകൾ രചിച്ചില്ല, സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തില്ല. കവിതയ്ക്കുമപ്പുറത്തെ യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞു പലരും കവിത എഴുതുന്നതുതന്നെ ഈ അവസരത്തിൽ, ഈ അവസ്ഥയിൽ അനുചിതമായി തോന്നിയിരിക്കാം. എന്തായാലും ജാതി മത രാഷ്ട്രീയ വർഗ്ഗീയ ചിന്തകളുമായി പണത്തിന്റെയും പദവിയുടേയും ഹുങ്കിൽ അഹങ്കരിച്ച് മറ്റുള്ളവരുടേയും സ്വൈര്യ ജീവിതം നശിപ്പിച്ചു ജീവിച്ചുവരുന്ന ഒരു സമൂഹത്തിനു ചിന്തിക്കാനായി ദൈവം നല്കിയ പാഠമായിരുന്നു മഴ. ഒന്നും നില്ക്കേണ്ടിടത്ത് നിന്നില്ലെങ്കിൽ എല്ലാം നഷ്ടപ്പെടും എന്ന് തിരിച്ചറിഞ്ഞു പലരും. എന്തിന് നമുക്കൊരുപാട് പ്രശ്നങ്ങൾ, ഒന്നുപോരേ എല്ലാവരേയും ഒന്നാക്കാനും ഇല്ലാതാക്കാനും. എല്ലാം സ്വയം തിരിച്ചറിഞ്ഞ് ഇനിയെങ്കിലും നമുക്ക് ഒരു മനസ്സോടെ ജീവിക്കാൻ കഴിയുമോ ? കഴിയാത്തിടത്തോളം പാഠങ്ങൾ, ശിക്ഷകൾ ആവർത്തിക്കപ്പെടുക തന്നെ ചെയ്യും.

പ്രളയത്തെത്തുടർന്ന് മുപ്പത്തൊമ്പതിൽ മുപ്പത്തഞ്ച് ഡാമുകളും തുറന്നു. ഇരുന്നൂറിൽപ്പരം ഉരുൾപൊട്ടലുകൾ, അമ്പതിൽ പരം മണ്ണിടിച്ചിലുകൾ, പുഴകളെല്ലാം കര കവിഞ്ഞും വഴിമാറിയും ഒഴുകി. മുന്നൂറിൽപ്പരം ജീവനുകൾ അപഹരിക്കപ്പെട്ടു. നിരവധി വീടുകൾ മണ്ണിനടിയിലായി. ലക്ഷക്കണക്കിനാളുകൾ അഭയാർത്ഥി ക്യാമ്പിലായി. ആരും ഒന്നും മിണ്ടാതായി. മിണ്ടുന്നതാകട്ടെ മഴ... മഴ... എന്നുമാത്രം. വളർത്തുമൃഗങ്ങൾ ഉൾപ്പടെ പല മൃഗങ്ങളും ഒലിച്ചുപോയി, കൃഷി നശിച്ചു. കടകളിലെല്ലാം വെള്ളം കയറി വില്പന ച്ചരക്കുകൾ നശിച്ചു. ബനിയനും ലുങ്കിയും പാന്റും ചുരിദാറും എന്തിന് നൈറ്റി വരെ ധരിച്ച് കയറാൻ പാടില്ലാത്തവിടെയെല്ലാം കയറിച്ചെന്നു. അമ്പലത്തിൽ കയറാൻ പാടില്ലാത്തവർ അമ്പലത്തിൽ കയറി പള്ളിയിൽ കയറാൻ പാടില്ലാത്തവൻ പള്ളിയിലും കയറേണ്ടിവന്നു, അവിടെ അന്തി ഉറങ്ങേണ്ടിവന്നു. ആരും അപ്പോൾ അശുദ്ധി കൽപ്പിച്ചില്ല, എതിർത്തില്ല, പ്രശ്നങ്ങൾ ഉണ്ടാക്കിയില്ല. എല്ലാവരും ഏക ദൈവ ചിന്തയിലായി, പ്രാർത്ഥനയിലായി. അല്ലെങ്കിലും സുഖമായിരിക്കുമ്പോഴാണല്ലോ മറ്റുള്ളവരെ വേദനിപ്പിക്കാനായി നാം ഓരോന്നു പറയുക, പ്രവർത്തിക്കുക. അതുകൊണ്ടുതന്നെയാണ് ദൈവം നമുക്ക് ചെറുതും വലുതുമായ ദുഃഖത്തെ നിരന്തരം തന്നുകൊണ്ടിരിക്കുന്നതും.

പ്രത്യേകതരം ദൈവനാമങ്ങളൊന്നുമില്ലാതെ ആചാരാനുഷ്ഠാനങ്ങളൊന്നുമില്ലാതെ ഒരേ മനസ്സിൽ പലരും ദൈവത്തെ വിളിച്ചപേക്ഷിച്ചു പ്രാർത്ഥിച്ചു. മഴ വഴി മാറി വെയിലുവന്നു. വെയിലുവരേണ്ട താമസം ദുരിതാശ്വാസ നിവാരണ ഫണ്ടിലേയ്ക്ക് ഉദാരമായി സംഭാവന തരുക. പേരിൽ മാത്രം ഒതുങ്ങിനിന്ന, ദുരിതബാധിത പ്രദേശം കണ്ടിട്ടില്ലാത്ത പല സാമൂഹിക സാംസ്കാരിക സംഘടനകളും ട്രസ്റ്റുകളും പിരിവിനായ് പുറത്തിറങ്ങി. ദുരിതം അനുഭവിച്ച് വലഞ്ഞുപോയവരുടെ അടുത്തുചെന്ന് പിടിച്ചുപറി തുടങ്ങി. പിരിവിനൊരു കാരണം കിട്ടിയ സന്തോഷത്തിലാണവർ. അതുപോലെ പ്രളയത്തിനുകാരണം അയ്യപ്പൻ കോപിച്ചതാണ്, ബിഷപ്പിന്റെ ശാപമാണ് എന്നെല്ലാം പറഞ്ഞുകൊണ്ട് പതിയെ അന്ധവിശ്വാസികളുടേയും വർഗ്ഗീയവാദികളുടേയും ശബ്ദവും പുറത്തേക്കുവന്നുതുടങ്ങി. കേന്ദ്രം ഫണ്ട് തന്നില്ല, കേരളം ഫണ്ട് ദുരുപയോഗം ചെയ്തു എന്നെല്ലാം ആരോപിച്ച് പതിവുപോലെ രാഷ്ട്രീയക്കാർ രംഗത്തെത്തി ബഹളം തുടങ്ങി. സാഹിത്യകാരൻമാർ മഴക്കെടുതിയെക്കുറിച്ച് കവിതയെഴുതിത്തുടങ്ങി. അങ്ങിനെ എല്ലാ വേഷധാരികളും തലപൊക്കി. സത്യത്തിൽ വൃത്തികെട്ടവർ ഇനിയും ബാക്കിയുണ്ട്. നല്ല കുറേ മനുഷ്യർ പോയി എന്നല്ലാതെ ശരിക്കും ഒലിച്ചുപോകേണ്ട കുറച്ചുപേർ ഒലിച്ചുപോയിട്ടില്ലെന്ന് തോന്നുന്നു. അവർ കുറച്ചുപേർ മതി ഇനി എല്ലാം പഴയപടി ആക്കാൻ. നഞ്ച് എന്തിന് നാനാഴി എന്ന ചൊല്ല് കേട്ടിട്ടുണ്ടല്ലോ അല്ലേ?

കൈയൂക്കുള്ളവൻ കാര്യക്കാരൻ. പല ക്യാമ്പുകളിലും കൈയ്യൂക്കുള്ളവർ ഉണ്ടായിരുന്നു. ആനുകൂല്യം കിട്ടാനായി വീട് ഉപേക്ഷിച്ച് ക്യാമ്പിൽ ചെന്നവരുണ്ട്. അവിടെ ച്ചെന്ന് കച്ചവടം ചെയ്തവരുണ്ട്. ദുരിതാശ്വാസ നിവാരണ ഫണ്ടിലേയ്ക്ക് പണം സ്വരൂപിക്കാൻ മദ്യത്തിന്റെ വില കൂട്ടാം എന്ന് സർക്കാർ തീരുമാനം എടുക്കാൻ തുടങ്ങും മുമ്പേ കുറച്ചുപേർ കുടിച്ചുകൂത്താടി ക്യാമ്പിലെത്തി അടിപിടിയുണ്ടാക്കുകയും തുടർന്ന് മദ്യഷാപ്പുകൾ അടച്ചിടേണ്ടിയും വന്നു. ചിതറിക്കിടക്കുന്ന ഒരു സമൂഹത്തിന്റെ പരിച്ഛേദം ഈ ക്യാമ്പുകളിലും കാണാമായിരുന്നു. അന്നദാനത്തിന് ഭക്ഷണം കഴിക്കാൻ വരുന്ന പലരുടേയും വീട്ടിൽ കഴിക്കാൻ ആവശ്യത്തിൽ കൂടുതൽ ഭക്ഷണമുള്ളവരാണ്. കൈയ്യൂക്കുകൊണ്ടും അധികാരം കൊണ്ടും ക്യൂ നിൽക്കാതെ അവർ ഭക്ഷണം കഴിച്ചുപോകും. ദിവസത്തിൽ ഒരുനേരത്തെ ഭക്ഷണം പോലും കഴിക്കാനില്ലാത്തവൻ ക്ഷമയോടെ കൗതുകത്തോടെ ഇതെല്ലാം മാറി നിന്ന് വീക്ഷിക്കും, ഭക്ഷണം ലഭിക്കാതെ മടങ്ങും. ഇതുപോലെ യഥാർത്ഥത്തിൽ മഴക്കെടുതി അനുഭവിച്ചവർ ദുരിതാശ്വാസ ഫണ്ട് കൈപ്പറ്റാനാവാതെ മടിച്ചും മാറിയും നിന്നാൽ അനർഹർ, കൈയ്യൂക്കും അധികാരവും ഉള്ളവർ ദുരിതാശ്വാസ ഫണ്ടും കൊണ്ടുപോകും തീർച്ച. ഈ സംഭവങ്ങൾ എല്ലാം തന്നെ പഠിക്കുന്നവർക്കായി സൃഷ്ടിക്കപ്പെട്ടവയാണ് പക്ഷെ നമ്മൾ എത്ര മാത്രം പഠിച്ചു പാഠങ്ങൾ എന്ന് ചിന്തിക്കേണ്ടതുണ്ട്.

ഈ പ്രളയത്തിൽ നിന്നും രക്ഷിക്കാനായി ആകാശത്തുനിന്ന് ഒരു ദൈവവും ഇറങ്ങിവന്നില്ല എന്ന് ചിലർ പറയുന്നു സോഷ്യൽ മീഡിയയിലൂടെ ഈ ചോദ്യം പ്രചരിപ്പിക്കുന്നു. ഇവർ സത്യത്തിൽ പ്രളയബാധിതരല്ല. സുഖലോലുപരായി ഇരിക്കുന്നവരാണ്. വേറെ പണിയൊന്നുമില്ലാത്തവരാണ്. ഹെലികോപ്ടറിൽ വന്ന സൈനികരുടെ രൂപത്തിൽ ആകാശത്തുനിന്നും അതുപോലെ മത്സ്യതൊഴിലാളികളുടേയും മറ്റും മനുഷ്യരൂപത്തിൽ ഭൂമിയിലും ദൈവം ഇറങ്ങിവന്ന് സഹായിച്ചതായി പലർക്കും അനുഭവപ്പെട്ടിട്ടുണ്ടാവും. ഒരു മനുഷ്യദൈവത്തിനും മന്ത്രത്തിനും തന്ത്രത്തിനും ഒരു വിശ്വാസത്തിനും ആരേയും ഈ പ്രളയത്തിൽ സഹായിക്കാൻ കഴിഞ്ഞില്ല അതിന് സാധാരണക്കാരായ മനുഷ്യർ തന്നെ വേണ്ടിവന്നു എന്ന് മറ്റു ചിലർ പറയുന്നു. ഇതെല്ലാം വരുത്തിത്തീർത്തവർ തന്നെ ഇതിന് പരിഹാരം കാണണം എന്ന ഒരു വലിയ പാഠത്തെ മനസ്സിലാക്കാതെയാണ് ഇത്തരത്തിൽ ചോദ്യങ്ങൾ ഉയർത്തുന്നത്. മാനവ സേവ തന്നെയാണ് മാധവ സേവ. എല്ലാവരും പരസ്പരം സഹകരണത്തോടും സ്നേഹത്തോടും സൗഹാർദത്തോടും ജീവിക്കാൻ വേണ്ടി പറഞ്ഞുവിട്ടിട്ട് അതെല്ലാം മറന്നതിനുള്ള ഒരു ശിക്ഷയാവാം ഈ ദുരന്തം.

ഭൂമി കുലുക്കമോ പ്രളയമോ കൊടുങ്കാറ്റോ എന്തുവന്നാലും മനുഷ്യദൈവത്തെ കുറ്റപ്പെടുത്താൻ മാത്രം മനുഷ്യദൈവങ്ങൾ എന്തു തെറ്റുചെയ്തു ? ഞാൻ ദൈവമല്ല എന്ന് അവർ ഓരോരുത്തരും എത്ര തവണ പറഞ്ഞിരിക്കുന്നു. പക്ഷെ കുറേപേർ അവരെ അങ്ങനെ കണ്ടുപോയി. അത് തെറ്റാണ് എന്നും പറയാനാവില്ല. കാരണം അവരുടെ ജീവിതത്തിലെ ഒരു വഴിത്തിരിവിന് ഒരു പക്ഷെ ഇത്തരം ആളുകൾ കാരണമായിത്തീർന്നിരിക്കാം. ചിലപ്പോൾ നമ്മളെത്തന്നെ പലരും ദൈവമായി കാണുന്നുണ്ടാവാം. എന്തുകൊണ്ടും കൂടുതൽ വിനീതനായി എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമല്ലാതെ നമുക്ക് എന്തു ചെയ്യാനാവും ? നാം മനുഷ്യരാണല്ലോ. ഓരോരുത്തർക്കും ഓരോ അദ്ധ്യാപകരെയാണ് ഇഷ്ടം. അതുപോലെ ഓരോ ഗുരുക്കന്മാർക്കും നിരവധി അനുയായികളുമുണ്ട്. ശിഷ്യന്മാർ അറിവിൽ ആദ്യം ഗുരുവിനോളമെങ്കിലും വളരട്ടെ. അതുകഴിയുമ്പോൾ ഗുരുവിനെ അവർ തന്നെ മാറ്റും. അങ്ങനെ ഗുരു മാറി മാറി വരും. നാം എവിടെ നിൽക്കുന്നു എന്ന് പിടികിട്ടാത്തിടത്തോളം ആരേയും കുറ്റപ്പെടുത്തേണ്ട. എല്ലാവരും പടവുകൾ കയറി വരട്ടെ. വീക്ഷണം ഉയരുമ്പോൾ എല്ലാം എല്ലാവർക്കും മനസ്സിലാവുക തന്നെ ചെയ്യും.


മനുഷ്യദൈവത്തെ പോലെത്തന്നെ വിമർശിക്കപ്പെടുന്ന ഒന്നാണ് ജ്യോതിഷവും ജ്യോതിഷരും. ഒരുനല്ല സൈക്കോളജിസ്റ്റാണ് ഒരു നല്ല ജ്യോതിഷി. അവരുടെ പ്രവചനങ്ങൾ ചിലപ്പോൾ തെറ്റിയെന്നും വരാം. കാരണം അവരും മനുഷ്യരാണല്ലോ. അവരിലും അറിവ് പൂർണ്ണമല്ലല്ലോ. കുമ്പസാരം പോലെ മനസ്സിനെ ശുദ്ധീകരിക്കാനും മാർഗ്ഗനിർദ്ദേശം ലഭിക്കാനും പോന്നതാണ് ജ്യോതിഷം. നമ്മുടെ അറിവിന്റെ വളർച്ചയിൽ ഗുരു മാറി മാറി വരുന്നതുപോലെ ജ്യോതിഷനും മാറി മാറി വരും. ജ്യോതിഷത്തോടുള്ള കാഴ്ച്ചപ്പാടുകളും മാറിക്കൊണ്ടിരിക്കും. എന്തുകൊണ്ടും എല്ലാ തലത്തിലും എല്ലാവരും ഉണ്ട്. എല്ലാവരും വ്യത്യസ്തരും അതേസമയം ഈ സന്ദർഭത്തിലെ അനിവാര്യതയുമാണ്.

എല്ലാം എല്ലാവർക്കും വേണ്ടി സൃഷ്ടിക്കപ്പെട്ടവയല്ല. എല്ലാം പരസ്പര വിരുദ്ധങ്ങളും പൂരകങ്ങളുമാണ്. ചിലർ ദൈവത്തിൽ വിശ്വസിക്കും ഒപ്പം പ്രേതത്തിലും. ജ്യോതിഷത്തിൽ വിശ്വസിക്കും പക്ഷെ പുനർജ്ജന്മത്തിൽ വിശ്വസിക്കില്ല. മറ്റു ചിലർ പുനർജ്ജന്മത്തിൽ വിശ്വസിക്കും പക്ഷെ മനുഷ്യൻ മൃഗമായി പുനർജ്ജനിക്കും എന്ന് വിശ്വസിക്കില്ല. ചിലർ ഇഹലോകത്ത് വിശ്വസിക്കും പരലോകത്ത് വിശ്വസിക്കില്ല. എന്തായാലും എല്ലാ വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു എന്ന് ആരറിയുന്നു. ഒന്നിലുള്ള വിശ്വാസം എടുത്ത് കളഞ്ഞാൽ മറ്റേതും എടുത്ത് കളയേണ്ടിവരും. ചിലർ ബഹുദൈവത്തിൽ വിശ്വസിക്കുന്നു, അവതാരങ്ങളിൽ വിശ്വസിക്കുന്നു, തത്വമസി എന്നും പറയുന്നു, ആരാധാനാലയങ്ങളിൽ പോയി പലവിധ വഴിപാടുകളും ചെയ്യുന്നു. എന്തായാലും ഒരാവശ്യവുമായി മുന്നിൽ വരുന്നവരിലുള്ള ദൈവചൈതന്യത്തെ തിരിച്ചറിയുന്നുമില്ല. അഹിംസാ സിദ്ധാന്തം ഇഷ്ടപ്പെടുന്നു പക്ഷെ സസ്യഭുക്കാവാൻ തയ്യാറല്ലതാനും. സത്യം, ധർമ്മം, നീതി എന്നിവയെക്കുറിച്ചെല്ലാം ഘോരം ഘോരം പ്രസംഗിക്കും പക്ഷെ പ്രവൃത്തിയിൽ അത് കാണാനുമില്ല. എന്തുകൊണ്ടും പരസ്പര വിരുദ്ധങ്ങളായവ ചെയ്യുന്നുണ്ടോ എന്ന് സ്വയം പരിശോധിക്കുക. ചിലർ ഇഷ്ടപ്പെടാനും മറ്റുചിലർ ഇഷ്ടപ്പെടാതിരിക്കാനുമുള്ള കാരണം നമ്മളിൽത്തന്നെയുണ്ട്. അവയെ കണ്ടെത്തി പരിഹരിക്കുക.

ഒരു താങ്ങ് എടുക്കുമ്പോൾ വേറൊരു താങ്ങ് കൊടുക്കണം. അല്ലാതെ ഉള്ള താങ്ങുമെടുത്ത് ദുരിതക്കയത്തിലേയ്ക്ക് ആരേയും തള്ളി വിടാതിരിക്കുക. തെറ്റാണ് ചെയ്യുന്നത് എന്ന് മനസ്സിലായവർ ചെയ്യാതിരിക്കുക. അല്ലാത്തവർ മനസ്സിലാകും വരെ ചെയ്യുക തന്നെ ചെയ്യും. അത് ദൈവത്തിന്റെ പദ്ധതിയാണ്. അവരെ കാണിച്ചാണ്, കണ്ടാണ് മറ്റുള്ളവർ പഠിക്കുന്നതും നിങ്ങൾ പഠിച്ചതും അതുകൊണ്ട് മനസ്സിലായിടത്തോളം മനസ്സിലാക്കിത്തന്നതിന് ദൈവത്തിന് നന്ദി പറയുക. ആരേയും മാറ്റാനായി ശ്രമിക്കേണ്ട. സ്വയം മാറിയാൽ നമ്മുടെ ചുറ്റുപാടുകളും മാറുന്നതായി കാണാം കാരണം നമ്മൾ അടുത്ത പടിയിലെത്തിയിരിക്കുന്നു. ഇവിടേയും പഠിക്കാനായി നിരവധി പാഠങ്ങൾ ഉണ്ട്. പഠിച്ചു മുന്നേറുക.

ഓന്ത് ഓടിയാൽ ഏതുവരെ പോകും എന്ന ചൊല്ല് കേട്ടിട്ടില്ലേ? അതുപോലെ ഏറിവന്നാൽ മനുഷ്യൻ ഏതുവരെ പോകുമെന്ന് പൂർണ്ണമായി അറിയാവുന്നവനുണ്ടെന്ന് മറന്നും അഹങ്കരിച്ചും ജീവിക്കരുത്. ആരും നിസ്സാരക്കാരനല്ല, ആരും മഹാൻമാരുമല്ല. ഓരോരുത്തർക്കും ഓരോരോ കർത്തവ്യങ്ങളുണ്ട്. അതുചെയ്തുതീർക്കാതെ ഇവിടെ നിന്നും പോകാനുമാകില്ല. ചെയ്തുതീർക്കാൻ വൈകുംതോറും തിരിച്ചുപോകാനും വൈകും. തിരിച്ചുപോകാൻ വൈകുംതോറും ദുരിതങ്ങളും കൂടും. അതുകൊണ്ട് കടമകളേയും കർത്തവ്യങ്ങളേയും ഭംഗിയായി സമയം കളയാതെ നിർവ്വഹിച്ച് എത്രയും പെട്ടെന്ന് ഈ മുഹൂർത്തത്തിൽ നിന്ന് അടുത്ത മുഹൂർത്തത്തിലേയ്ക്ക് നീങ്ങുക.

# വരദാ



എം. എം. മേനോൻ
0491 6451469, 0491 2572939

**ലോ**ക മഹായുദ്ധത്തിനു ശേഷത്തെ അമേരിക്കയിലെ ധനികരും സാഹസിയും അത്യദ്ധ്വാനിയുമായ മധ്യവർഗ്ഗത്തിനും യുവാക്കൾക്കും സൽക്കർമ്മത്തിനു പ്രേരണയായി, ശ്രീ. എക്കണത്ത് ഈശ്വരൻ 'വിഷ്ണു സഹസ്രനാമം' എന്ന പുസ്തകത്തിൽ നൽകിയ ഒരു നാമമാണ് തലക്കെട്ടിൽ കൊടുത്തത്.

നമ്മുടെ പുരാണകഥകളിൽ സാധാരണമായി വിവരിക്കുന്ന ഒരു പ്രധാന സംഭവമാണ്, ഇച്ഛാലാഭത്തിനായി നടത്തുന്ന തീവ്രതപസ്സ്/ ധ്യാനം എന്നിവയുടെ ഫലമായി സന്തുഷ്ടനായ ഈശ്വരൻ (ഭഗവാൻ) ഭക്തന് വരദാനം നൽകുന്നത്. പക്ഷെ സർവ്വജ്ഞൻ, സർവ്വശക്തൻ, സർവ്വവ്യാപിയായ ഒരു ദൈവത്തിൽ വിശ്വാസം കുറവുണ്ടാവാൻ സാധ്യതയുള്ള അമേരിക്കക്കാർക്ക് സ്വീകാര്യമായ ഒരു വ്യാഖ്യാനം (ഇന്നത്തെ നമ്മുടെ നിരീശ്വരവാദികൾക്കും യുക്തിവാദികൾക്കും തന്നെ!) ശ്രീ. എക്കണത്ത് ഈശ്വരൻ നൽകുന്നുണ്ട്. ദൈവം എന്നത് ലോകരുടെ ചേഷ്ടകൾ കണ്ട് നക്ഷത്രമണ്ഡലത്തിൽ ഊഞ്ഞാലാടി രസിക്കുന്ന 'വെള്ളത്താടി' അല്ല! (ദൈവത്തിന് സംവേദനാരഹിതമായ പുരുഷരൂപം കൊടുത്തതിനാൽ പുരുഷമേധാവിത്വം, സ്ത്രീപീഡനം എന്നുള്ളവർക്ക് എതിരെ ഒച്ചപ്പാടുണ്ടാക്കുന്ന തരുണീരത്നങ്ങൾക്ക് തീർച്ചയായും വിരോധമുണ്ടാവുകയില്ല!) നമ്മളെല്ലാവരുടേയും അകത്ത്, വിസ്മയജനകമായ സാധനങ്ങളെ സാക്ഷാൽക്കരിക്കാനുള്ള ശക്തിയും കഴിവും, പരമാത്മാവിന്റെ പ്രതിബിംബവുമായ ജീവാത്മാവും ഉണ്ട്. ആവശ്യമാണ് വെല്ലുവിളിയെ സ്വീകരിച്ച് പോരാടാനുള്ള സാഹസം, ആത്മാർത്ഥത, ഏകാഗ്രത, അദ്ധ്വാനം എന്നിവ. നമ്മുടെ കർമ്മങ്ങൾക്ക് ഉചിതഫലം (പാരിതോഷികമോ ശിക്ഷയോ) നൽകുന്നത് പുറമെയുള്ള വേറിട്ട ശക്തിയല്ല. കർമ്മഫലങ്ങളുടെ ബീജം നമ്മുടെ കർമ്മങ്ങളിൽ തന്നെയുണ്ട്. ആത്മാർത്ഥമായും ദൃഢതയോടും ചെയ്യുന്ന സൽക്കർമ്മങ്ങളുടെ ഗുണകര ഫലത്തെ വരദാനമായി കരുതുന്നത് പ്രചോദകമാണെന്ന് ഒരു സംശയവും ഇല്ല. പക്ഷെ... പക്ഷെ, ഇത്തരം വരദാനങ്ങൾക്ക്, നമ്മുടെ ജീവിതത്തിന്റെ ഉത്തമലക്ഷ്യമാക്കേണ്ട '<u>ശാശ്വത സുഖശാന്തി</u>' പ്രദാനം ചെയ്യാൻ ശക്തിയില്ലെന്നുള്ളത് നിസ്സംശയം <u>അപ്രിയമായ</u> ഒരു സത്യമാണ്. ഇതിനും പുറമെ, ലഭിക്കുന്ന ഏതു വരദാനവും നമ്മുടെ ദരിദ്രർ/ദൗർഭാഗ്യഗ്രസ്തർ/അസഹായർ എന്നിവർക്ക് ദുരിതമുണ്ടാക്കുന്നുവെങ്കിൽ തീരെ വർജ്ജ്യം അല്ലെ ? ചിന്തിക്കുക! മറിച്ചു, ഇത്തരം 'ചെറു സന്തോഷങ്ങൾ' നമ്മുടെ ഊർജ്ജത്തേയും സമയത്തേയും പാഴാക്കി ഉത്തമ ലക്ഷ്യത്തെ അടയുന്നതിന് തടസ്സമായും വരാം. ഒരുപക്ഷെ, ഇതുകാരണമാണ് ഗ്രീസ് രാജ്യത്തിൽ പ്രചാരമുള്ള ഒരു പഴമൊഴി 'ദൈവം ശിക്ഷാർഹരുടെ ആഗ്രഹങ്ങളെ എളുപ്പത്തിൽ സാധിപ്പിച്ചു കൊടുക്കുന്നു' എന്നതും 'മൈഡാസ് രാജാവിന്റെ കഥ' (ഏക തത്ത്വ ലക്കം 8 പുസ്തകം 6 ജൂലൈ 2016) 'തൊട്ടതെല്ലാം പൊന്നാകട്ടെ' എന്ന വരദാനം ഒരഭിശാപമായി യല്ലെ മാറിയത് ? ഇത് ഒരുദാഹരണമായെടുക്കാം...

ഏകാഗ്രതയോടെ ഇച്ഛാലാഭത്തിനായി ഉഴക്കുന്നതിലെന്തു ദോഷമാണ് ? നമ്മുടെ ആശകൾ/ ആർത്തികൾ തീവ്രമാകുമ്പോൾ അന്യർക്ക് ദോഷം ചെയ്യാവുന്ന മാറ്റങ്ങളെക്കുറിച്ച് നാം അറിയാതെ പോകുന്നു. ഇന്ന് വ്യാപകമായി വരുന്ന പര്യാവരണ പ്രദൂഷണം, ഊർജ്ജസ്രോതുകളുടെ (ഖനിജ എണ്ണ, കൽക്കരി) പരിഹാരാതീതമായി വരുന്ന വിനാശം എന്നിവയുടെ മൂലകാരണമാണ് അനിയന്ത്രിത ആഗ്രഹം / ആർത്തി. ഏതുവലിയ പെരുവയറനും ഒരു വയറിലധികം തിന്നുവാൻ കഴിയുകയില്ല. ഈ വാസ്തവത്തെ മനസ്സിലാക്കാൻ ശ്രമിക്കാതെ അനിയന്ത്രിത, അടങ്ങാത്ത ആർത്തിയാൽ നാം കബളിക്കപ്പെടുന്നത്, ആവശ്യങ്ങളെ ഒന്നു നിറവേറ്റിയാൽ/പൂരിപ്പിച്ചാൽ മലിനീകരണം നിലക്കും എന്ന <u>മിഥ്യാവിചാരത്താലാണ്</u>. ഇന്നത്തെ മനമോഹക പരസ്യങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം നമ്മളേവരുടേയും മനസ്സിലെ ഇല്ലായ്മ/പോരായ്മ എന്ന <u>തോന്നലിനെ</u> ശക്തപ്പെടുത്തുവാനല്ലെ? അതിനാൽ പരിഹാരം തേടുന്നത് സാങ്കേതിക വിജ്ഞാനത്തിലോ (Technology), ഉത്പാദകരിലോ ഭേദഗതി വരുത്തിയിട്ടില്ല. തിരുത്തൽ വേണ്ടത് <u>ഉറവിടത്തിലാണ്</u>... ആധുനിക ഭൗതികതയുടേയും ഉപഭോക്തൃസംസ്കാരത്തിന്റേയും മാസ്മരിക ആകർഷണത്താൽ വ്യതിചലിക്കപ്പെടുന്ന അനിയന്ത്രിത <u>മനസ്സിലാണ്</u>. ഉപഭോക്താക്കളുടെ (അനാവശ്യ!) ആവശ്യങ്ങൾ തരത്തിലും എണ്ണത്തിലും വർദ്ധിക്കുമ്പോൾ അവയെ പൂരിപ്പിക്കാൻ ഉത്പാദനവും ഉത്പാദകരും (ധനസമ്പാദ്യത്തിനായി!) അധികരിച്ചു വരുന്നു, പ്രദൂഷണവും പലവിധത്തിൽ പ്രത്യക്ഷപ്പെടുന്നു. ജനങ്ങൾക്ക് ഇതിനാൽ ജോലി ലഭിക്കുന്നു എന്ന മിഥ്യാവാദവും ഉണ്ട് !

സാങ്കേതിക വിജ്ഞാനം <u>മെച്ചപ്പെടുമ്പോൾ</u> നിഷ്കാസിതമാകുന്ന ഊർജ്ജം (പാഴാക്കപ്പെടുന്നത്) കുറയും എന്ന നിലയുണ്ട്. അല്ലാത്തപക്ഷം ഉണ്ടായിവരുന്ന മാലിന്യത്തേയും ഉപയോഗമില്ലാത്ത വസ്തുക്കളേയും റോക്കറ്റ് (Rocket) ഉപയോഗിച്ച് ബഹിരാകാശത്തേക്ക് അയച്ചുവിടാൻ ഏർപ്പാടുണ്ടാക്കാം... ഇത്തരം ചിന്തനം 'Eat the cake and have it too!' (കേക്ക് തിന്നുകയും ചെയ്യാം തീരാതെ കൈയിൽ തന്നെ വെക്കാം) എന്ന അസംഭവ, കാല്പനിക വാദം അല്ലെ ?

സർവ്വ ജീവജാലത്തിന്റെ

വാസ്തവ നന്മക്കായി നമ്മുടെ ജീവിതരീതി സരളമാക്കാൻ ശ്രമിക്കാതെ (മരവുരി ഉടുത്ത്, ഫലമൂലാദികൾ മാത്രം ഭക്ഷിച്ച് കാട്ടുജീവിതം നയിക്കണം എന്ന അർത്ഥം തീരെയില്ല!), വിവേക ജീവിയായ നമുക്ക് വേറെ മാർഗ്ഗമില്ല എന്നത് സ്പഷ്ടമാണ്.

സ്വാതന്ത്ര്യപ്രാപ്തിക്ക് 71 വർഷങ്ങൾക്കുശേഷം ഇന്ന് നാം ആധുനിക സുവിധാസാമഗ്രികളുടെ അടിമയായല്ലെ വരുന്നത് ? ചിന്തിക്കുക! ഉണരുക !!

■ കവിത




**അജയ് ബാലചന്ദ്രൻ**
9895659050


# വേറെ തരമില്ല സോദരാ...

തീക്ഷ്ണമാംവേനലിൽ
വരണ്ട കണ്ഠത്തിലെ
ജലകണകണികയ്ക്കുപോലും
ബാഷ്പമാവാതെ തരമില്ല!

മേഘ ഘോരവനമായിമാറിയ
ബാഷ്പവൃന്ദത്തിനു
മഴയായി ഭൂമിയിൽ
പതിയ്ക്കാതെ തരമില്ല!

മണ്ണിന്റെ ദാഹം മാറിയാൽ
പിന്നെയാ നീർച്ചാലുകൾ
അവ കൂട്ടമായ്
പുഴയായൊഴുകാതെ തരമില്ല!

പുഴ വീട്ടിലെത്തിയാൽ
നാഥനും നാഥയ്ക്കും,
ഉണ്ണികൾക്കുമൊപ്പം
തോണികയറാതൊരു തരവുമില്ല!

കലികാല ലീലകൾ കാണുമ്പോൾ,
ഈ മന്ത്രം മനതാരിൽ
ആത്മാർത്ഥമായ്
ചൊല്ലുകയല്ലാതൊരു തരവുമില്ല!

'കാലേ വർഷതു പർജന്യ
പൃഥിവി സസ്യശാലിനി
ദേശോയം ക്ഷോഭരഹിത
സജ്ജനസന്തു നിർഭയ'






**ടി. വി. നാരായണൻ കുട്ടി**
9446030344


ന്നാക്കി മാറ്റിയിരിക്കുന്നു. എന്തുകൊണ്ട് ഇങ്ങിനെ സംഭവിച്ചു ? എന്നതിനുത്തരം ചികഞ്ഞുനടന്നാൽ ഒരുപാട് കാര്യങ്ങൾ പ്രതിപാദിക്കാനുണ്ടാകും. എങ്കിലും ഇവയിൽ പ്രധാനപ്പെട്ടത് അധികാരമോഹവും, പണത്തോടുള്ള ആർത്തിയും തന്നെയാണെന്ന് കാണാൻ കഴിയും. നേരായ വഴിയിലൂടെ അധികാരം കൈക്കലാക്കാൻ സാധിക്കില്ലെന്ന് മനസ്സി

# മതനിരപേക്ഷ സമൂഹത്തിന്റെ കാലികപ്രസക്തി

**'മ**തനിരപേക്ഷത' എന്ന വാക്ക് ഒരുവ്യക്തിയുടെ നിലപാട് സൂചിപ്പിക്കുന്ന പദമാണ്. ഈ നിലപാടുള്ള വ്യക്തി ഏതെങ്കിലും മതത്തിൽ വിശ്വസിക്കുന്നവനോ, അല്ലാത്തവനോ ആകാം. വ്യക്തികളെപ്പോലെ ഈ നിലപാട് സ്വീകരിക്കുന്ന കുടുംബങ്ങളേയും സമൂഹങ്ങളേയും കാണാം. പണ്ടൊക്കെ ഇന്ത്യയിലെ ബഹുഭൂരിഭാഗം ജനങ്ങളും ഈ നിലപാടിനെ അനുകൂലിക്കുന്നവരായിരുന്നു. അതിന് പ്രധാനകാരണം, സ്വാതന്ത്ര്യാനന്തരം, നമ്മുടെ ഭരണഘടന അനുശാസിച്ചിരുന്ന 'മതേതരത്വം', 'ജനാധിപത്യം' എന്നീ മൂല്യങ്ങളും. ഈ മൂല്യങ്ങൾ സംരക്ഷിക്കാനും, ഉപയോഗപ്പെടുത്താനും നൽകിയ മൗലികാവകാശങ്ങളും എല്ലാ ജനങ്ങളും അക്ഷരംപ്രതി അനുസരിച്ചതുകൊണ്ടാണെന്ന് കാണാം. ഇതനുസരിച്ച് ജീവിച്ചവർക്ക് 'മതനിരപേക്ഷ' നിലപാടിനോടാണ് ആഭിമുഖ്യമുണ്ടാവുക. മാത്രമല്ല നാനാത്വത്തിൽ ഏകത്വം എന്ന നമ്മുടെ സങ്കല്പം അന്വർത്ഥമാക്കണമെങ്കിലും ഈ നിലപാട് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെ ഈ നിലപാട് അവരറിയാതെ തന്നെ അവരിലേക്ക് വന്ന് ചേരുകയായിരുന്നു.

എന്നാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യ ഏതാണ്ട് എഴുപത് വർഷം പിന്നിടുമ്പോഴേക്കും ഇവയിൽ ധാരാളം മാറ്റങ്ങൾക്ക് വിധേയമായി. ഇന്ന് ജനങ്ങൾ 'മതനിരപേക്ഷത' എന്ന വാക്ക് കാലിക പ്രസക്തിയുള്ള ഒലാക്കി ജാതി, മത, ഈശ്വരവിശ്വാസം എന്നീ മനുഷ്യന്റെ ദൗർബല്യങ്ങളെ ചൂഷണം ചെയ്തു, സാമ്പത്തിക സഹായം നൽകി, അവരെ തങ്ങളുടെ വരുതിയിലാക്കി വോട്ടുബാങ്കാക്കി മാറ്റാമെന്ന വിശ്വാസം ഇവർക്കുണ്ടായിരുന്നുവെന്ന് കാണാം. അതിന്നിവർക്ക് ഏറ്റവും ഉചിതമായ സാഹചര്യം, സാക്ഷരത കുറവും, തൊഴിലില്ലായ്മ രൂക്ഷവുമായ സംസ്ഥാനങ്ങളിലാണെന്നും ഇവർക്കറിയാം. ഇത്തരത്തിൽ കുറേശ്ശേ ആധിപത്യം സ്ഥാപിച്ച് കഴിഞ്ഞാൽ പിന്നെ സാമ്പത്തിക നേട്ടം കൊയ്ത് ഇതുപയോഗിച്ച് പലരേയും വിലക്ക് വാങ്ങി മുന്നേറാനുള്ള വഴി ഇവർക്കറിയുകയും ചെയ്യാം. ഇതിന്നായി വമ്പർ കോർപ്പറേറ്റുകൾ ഇവരെ സഹായിക്കാൻ തങ്ങളുടെ വാതിൽ തുറന്നിട്ടിരിക്കുന്ന അവസ്ഥയുമുണ്ട്. ഇത് ഇത്തരക്കാരുടെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്യുന്നു.

ഇത്തരം പ്രീണനങ്ങൾക്ക് പുറമെ, ജാതി, മത, ചിന്തകൾ ജനങ്ങളിൽ ഉദ്ദീപിക്കുന്ന രീതിയിലുള്ള പ്രവൃത്തികളും, പ്രസ്താവനകളും കഴിഞ്ഞ കുറച്ചു കാലങ്ങളിലായി കൂടിവരുന്നത് ശ്രദ്ധിച്ചാൽ ഇത് മനസ്സിലാകും. ഇതിന്നായി ഇന്ത്യയിലെ ജനങ്ങളെ ഏറെ സ്വാധീനിച്ച ചരിത്രപുരുഷന്മാരുടെ പല ചെയ്തികളും വളച്ചൊടിച്ച് അവർ തങ്ങളുടെ വക്താക്കളാണെന്നൊക്കെ കൊട്ടിഘോഷിക്കുന്നത് സർവ്വസാധാരണമായിക്കൊണ്ടിരിക്കുന്നു. മതനിരപേക്ഷ

വക്താക്കളായിരുന്നു പല സ്വാതന്ത്ര്യസമരസേനാനികളും. എല്ലാ മതക്കാരേയും ഒരേപോലെ കണ്ട പല മതാചാര്യന്മാരും, സാമൂഹ്യപരിഷ്ക്കർത്താക്കളും, തങ്ങളുടെ ആരാധനാപാത്രങ്ങളാണെന്നൊക്കെയുള്ള പ്രചരണത്തിന്റെ ഭാഗമായി രാജ്യത്ത് പലേടത്തും അവരുടെ പ്രതിമകൾ സ്ഥാപിക്കാനുള്ള നീക്കങ്ങളും നടക്കുന്നു. ഇത്തരം പ്രചാരണങ്ങൾക്ക് പുറമെ, പുരാതന രാജാക്കന്മാർ നിർമ്മിച്ചതും, നമ്മുടെ രാജ്യത്തിന് നല്ലൊരു വരുമാനം നേടിത്തരുന്നതുമായ ചില സ്മാരകങ്ങളുടെ പിതൃത്വം ഏറ്റെടുക്കാനും ഇവർ കോപ്പുകൂട്ടുന്നു. ഇതുമായി ബന്ധപ്പെട്ട അനാവശ്യ പ്രസ്താവനകൾ നടത്തുന്നതും, ഇവർക്ക് നേതൃത്വം കൊടുക്കുന്നതും ഉന്നതരായവരും, രാജ്യത്തെ ഉത്തരവാദപ്പെട്ട പദവികൾ വഹിക്കുന്നവരുമാണെന്നതാണ് ഏറെ ഗൗരവമുള്ളത്. ചില പ്രസ്താവനകൾ നടത്തി എതിർപ്പ് രൂക്ഷമാവുമ്പോൾ യാതൊരു ജാള്യവുമില്ലാതെ അവ പിൻവലിക്കുന്നതും സർവ്വസാധാരണമായിരിക്കുന്നു. അപ്പോഴേക്കും, പലസ്ഥലങ്ങളിലും ഇതിന്റെ പ്രത്യാഘാതങ്ങൾ ഉരുത്തിരിഞ്ഞിട്ടുണ്ടാകും. ഇത് തന്നെയാണിവരുടെ ലക്ഷ്യവും. രാജ്യത്തെ ജനങ്ങൾക്കിടയിൽ ഒരുതരം അരക്ഷിതാവസ്ഥ സൃഷ്ടിക്കുക എന്നതാണ് ഒരുലക്ഷ്യം.

കുറേക്കാലം മുതൽക്കേ ചില പ്രാദേശിക രാഷ്ട്രീയപാർട്ടികൾ തങ്ങളുടെ പ്രവർത്തനങ്ങളിൽ ജാതി, മത ചായ്‌വ് പ്രകടിപ്പിച്ച് വോട്ടർമാരെ സ്വാധീനിച്ചിരുന്നെങ്കിലും ഇത്രത്തോളം പ്രകടമായിരുന്നില്ല. അന്നവർ പറഞ്ഞത് തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനാണെന്നാണ്. തുടർന്ന് ഈ നയം ചില സ്ഥലങ്ങളിൽ നേരിയ തോതിൽ ഗുണകരമായിയെന്ന് കണ്ടപ്പോൾ ദേശീയ പാർട്ടികളടക്കം ഈ പാത പിൻതുടർന്നു. ഇതിന്റെ ഫലമോ, ജനങ്ങൾക്കിടയിൽ, സമാധാന ഭംഗവും, അസഹിഷ്ണുതയും, വളർന്ന്, ഒരുതരം ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. നമ്മുടേത് മതേതരത്വത്തിലധിഷ്ടിതമായ ഭരണഘടനയാണെന്ന് പറയുന്നുണ്ടെങ്കിലും ജാതി, മതാടിസ്ഥാനത്തിൽ രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കരുതെന്ന് അനുശാസിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. ഇതിവർക്ക് തുണയാവുകയും ചെയ്തു. ഇത്തരത്തിൽ രൂപം കൊണ്ട പ്രാദേശിക പാർട്ടികളെ നക്കാപ്പിച്ച വല്ലതും നൽകി തങ്ങളുടെ കൂടെക്കൂട്ടി നേട്ടം കൊയ്യാമെന്നത്, ചില ദേശീയ പാർട്ടികൾക്ക് ഗുണകരമാവുകയും ചെയ്തു.

പണ്ടത്തെ സമുദായനേതാക്കൾ തങ്ങളുടെ വാക്കിലും, പ്രവൃത്തിയിലും അന്തസ്സും, മിതത്വവും പുലർത്തിയിരുന്നു. മാത്രമല്ല അന്യമതസ്ഥരെ ബഹുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് തങ്ങൾമാത്രം മതിയെന്ന ദാർഷ്ട്യത്തോടെ മറ്റുള്ളവരെ തള്ളിപ്പറയുന്ന സാഹചര്യമാണുള്ളത്. ഭരണത്തിൽ ഭൂരിപക്ഷമുള്ളപ്പോൾ എന്ത് നിയമവും പാസ്സാക്കിയെടുക്കാൻ ബുദ്ധിമുട്ടില്ല. ഭൂരിപക്ഷമുണ്ടാക്കാൻ വേണ്ടി ജാതി സംഘടനയുടെ പേരിൽ മത്സരിച്ച് ജയിച്ചവരും കോഴ നൽകി കാല്മാറ്റി തങ്ങളുടെ പാർട്ടിയെ പിന്തുണയ്ക്കാൻ ക്ഷണിക്കലും നിർലജ്ജം നടത്തുന്നു. ഇത്തരത്തിൽ കാലുമാറി വരുന്ന പാർട്ടികളുടെ അംഗീകാരം റദ്ദുചെയ്യാനുള്ള നിയമം ഭരണഘടനയിലില്ലാത്തത് ഇവർക്കേറെ ഗുണകരമാവുകയും ചെയ്യുന്നു. ഇത്തരത്തിൽ ഭൂരിപക്ഷമൊപ്പിച്ച് ഭരണത്തിലേറുന്നതും ഇവിടെ പതിവായിരിക്കുന്നു. ഇത്തരം സമ്പ്രദായം നിലനിൽക്കുന്നേടത്തോളം നമ്മുടെ നഷ്ടപ്പെട്ട മൂല്യങ്ങളെപ്പറ്റി ഓർത്ത് സാധാരണ ജനങ്ങൾക്ക് വിലപിക്കാനേ കഴിയൂ.

സാഹിത്യകാരന്മാരിൽ ഭൂരിപക്ഷവും, ഒരുചെറിയ വിഭാഗം മാധ്യമപ്രവർത്തകരും മതനിരപേക്ഷ നിലപാടുള്ളവരാണ്. അതുകൊണ്ട് തന്നെ ഭീഷണിപ്പെടുത്തിയും, വേണ്ടിവന്നാൽ ജീവനെടുത്തും ഇവരുടെ പ്രവൃത്തികൾക്ക് കടിഞ്ഞാണിടാനുള്ള പ്രവർത്തനങ്ങൾ വ്യാപകമായി കഴിഞ്ഞ കുറച്ച് കാലങ്ങളായി നടക്കുന്നു. സർക്കാർ നിയമിക്കുന്ന സെൻസർബോർഡ് അനുമതി നൽകിയാൽ പോലും, ജാതി, മത സ്പർദ്ധ സൃഷ്ടിച്ച് സംഘർഷാവസ്ഥ സൃഷ്ടിക്കുന്നതും ഒരു സ്ഥിരസംഭവമായിരിക്കുന്നു. ഇത്തരത്തിൽ ഭരണഘടനയേയും, ജനാധിപത്യ വ്യവസ്ഥകളേയും നോക്കുകുത്തികളാക്കുന്നതുമൂലം, ഭാരതത്തിൽ തുടക്കം മുതൽ നിലനിന്ന മതേതര സംവിധാനവും, ബഹുസ്വര ദേശീയതയും കനത്തവെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു. കൂടാതെ നാം കഴിക്കുന്ന ഭക്ഷണം, പറയുന്ന വാക്ക്, കൂടാതെ ഓരോ ചെയ്തികളിലും ജാതി, മത ചിന്തകളെ അടിസ്ഥാനമാക്കിയുള്ള വ്യാഖ്യാനങ്ങൾ നടത്തി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നേരിട്ട് ജനങ്ങളുമായി സംവദിക്കാനോ, അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാനോ, സാധിക്കാത്ത അവസ്ഥയിൽ തങ്ങളുടെ പ്രവൃത്തികളെ ന്യായീകരിക്കുന്ന ഒരുരീതിയിലേയ്ക്ക് കാര്യങ്ങൾ എത്തിനിൽക്കുന്നു. മതനിരപേക്ഷ മൂല്യങ്ങളുള്ള മാധ്യമക്കാരുടെ വ്യാപ്തി കുറയാനുള്ള പ്രധാനകാരണം, സാമ്പത്തികമായി ഇവർ പുറകോട്ട് പോകേണ്ടി വരുന്നതുകൊണ്ടാണ്. മറിച്ച് ഭൂരിപക്ഷ മാധ്യമങ്ങളും ഏതെങ്കിലും ഒരു കോർപ്പറേറ്റ് മുതലാളിയുടെ കീഴിലായിരിക്കും. തങ്ങൾക്ക് പരമാവധി സാമ്പത്തിക ലാഭം കൊയ്യാൻ സഹായിക്കുന്ന രാഷ്ട്രീയ പാർട്ടികളോടായിരിക്കും ഇവർക്ക് കൂറ്. അതുകൊണ്ടുതന്നെ വാർത്തകൾ വളച്ചൊടിച്ചും, വ്യാജവാർത്തകൾ സൃഷ്ടിച്ചും, പലപ്രധാന വാർത്തകളും പൂഴ്ത്തിയും ഇവർ കാര്യം സാധിക്കുന്നു. ഫലമോ ജനങ്ങൾക്ക് സത്യാവസ്ഥ മനസ്സിലാക്കുവാനുള്ള അവകാശം നിഷേധിക്കപ്പെടുന്നു.

ജാതി-മത വിശ്വാസങ്ങളിൽ കയറിപ്പിടിച്ചുള്ള കളികൾ കാരണം രാജ്യത്തെ ബഹുഭൂരിപക്ഷ ജനങ്ങൾക്കിടയിലും ഒരുതരം അരക്ഷിതബോധം ഉടലെടുത്തിരിക്കുന്നു. സമാധാനപരിപാലനം പോലീസിന്റേയും, പട്ടാളത്തിന്റേയും കോടതിയുടേയും ഉത്തരവാദിത്വമായിരിക്കെ, ചില രാഷ്ട്രീയപാർട്ടിക്കാർ തങ്ങൾ വിശ്വസിക്കുന്ന മതക്കാരേയും, അവരുടെ വിശ്വാസങ്ങളേയും മാത്രം സംരക്ഷിക്കാനായി സായുധസേനകൾ

ക്ക് രൂപം കൊടുത്ത് നാട്ടിലെ സമാധാനാന്തരീക്ഷം തകർക്കാനൊരുങ്ങുന്നു. ഇത് മൂലം പല സംസ്ഥാനങ്ങളിലും ഒരുവിഭാഗം ജനങ്ങൾ അസ്വസ്ഥരാണ്. കൂടുതലും കീഴ്ജാതിയിൽ പെട്ടവരാണ് ഇത്തരക്കാരുടെ ഇരകൾ. ഇത്തരം സംഭവങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്നു. എപ്പോഴാണ്, എന്താണ്, സംഭവിക്കുക എന്ന് പറയാൻ പറ്റാത്ത അവസ്ഥ. ഇതിനുപുറമെ കോർപ്പറേറ്റ് പ്രീണനത്തിന്റെ ഭാഗമായി സാധാരണ ജനങ്ങളെയടക്കം സാമ്പത്തിക ഞെരുക്കത്തിൽ കുരുക്കി അസ്വസ്ഥരാക്കുന്നു. 'മതേതരത്വം' എന്ന വാക്ക് തന്നെ ഭരണഘടനയിൽ നിന്ന് നീക്കം ചെയ്യണമെന്നൊരാവശ്യവും ഈയിടെ ഉയരുകയുണ്ടായി. താമസിയാതെ 'ജനാധിപത്യം' എന്ന വാക്കിലേക്കും ഇവർ കടന്നുകയറുമെന്നാണിത് സൂചിപ്പിക്കുന്നത്. തെരഞ്ഞെടുപ്പിൽ കൃത്രിമം കാണിച്ച് ഇതിലേക്കുള്ള പടികളും ചവിട്ടിത്തുടങ്ങിയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ തിരനോട്ടം ഈയിടെയായി ചില സ്ഥലങ്ങളിൽ നടന്നതിനും തെളിവുകൾ പുറത്ത് വന്നിരുന്നു. മാത്രമല്ല തങ്ങളുടെ നേതാക്കളുടെ മേൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ തെളിയിക്കപ്പെട്ടാൽ ഭരണത്തുടർച്ച ഉണ്ടാകില്ലെന്ന ഭീതിയിൽ, ഭരണകൂട സംവിധാനങ്ങളേയും ഇവർ ദുരുപയോഗം ചെയ്യുന്നു. ചില പ്രമാദ കേസുകളുടെ വാദം കേൾക്കാൻ മുൻഗണന മറികടന്ന്, തങ്ങൾക്കനുകൂലമായി വിധി പ്രസ്താവിക്കാനായി, തങ്ങൾക്കിഷ്ടമുള്ള ന്യായാധിപന്മാരെ നിയമിക്കുന്ന നടപടി വിവാദമായത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. ഇതിന്നെതിരെയുള്ള പ്രതിഷേധം അതേ പരമോന്നത നീതിപീഠത്തിലെ സീനിയർ ജഡ്ജിമാരിൽ നിന്ന് തന്നെ ഉണ്ടായതും ഏറെ ഗൗരവമേറിയതാണ്. രാജ്യത്തിന്റെ അഖണ്ഡതയും, പരമാധികാരവും കാത്തു സൂക്ഷിക്കാൻ ബാദ്ധ്യസ്ഥരായവർ തന്നെ അതിനെ തുരങ്കം വെക്കുന്ന പ്രവൃത്തിയിൽ വ്യാപൃതരാവുന്നത് നമുക്ക് കാണേണ്ടിവരുന്നു.

ജനങ്ങൾക്കുപകാരപ്രദമായ പുതിയ, പുതിയ ശാസ്ത്രപരീക്ഷണങ്ങളിലൂടെ രാജ്യം മുന്നേറാൻ ശ്രമിക്കുമ്പോൾ അതിനെയൊക്കെ പുറകോട്ടടിക്കുന്ന രീതിയിൽ അന്ധവിശ്വാസങ്ങളെ വലിച്ചിഴച്ച്, നിരക്ഷരരും, തൊഴിലില്ലാത്തവരുമായ ജനങ്ങളെ മുമ്പിൽനിർത്തി നാടാകെ ഭീതിയിലാക്കുന്നു. നല്ല ജോലിയും സാക്ഷരതയുമുള്ളവരെ പ്രലോഭിപ്പിച്ച് ഇതിലേക്ക് കൊണ്ടുവരാൻ കഴിയില്ലെന്നവർക്കറിയാം. ഇതിനേറ്റവും നല്ല ഉദാഹരണം 'കേരളം' തന്നെ !

ശ്രീനാരായണ ഗുരുവിന്റെ ഒരു ജാതി, ഒരുമതം, ഒരുദൈവം എന്ന വചനം മതനിരപേക്ഷതയുടെ ഏറ്റവും നല്ല ഉദാഹരണമാണ്. 'നാമെല്ലാം, ഒന്നാണ്. ജാതി, മതം, ദൈവവിശ്വാസം എന്നിവയുടെ പേരിൽ വേർപിരിയേണ്ടവരല്ല' എന്നാണ് ഗുരു പറഞ്ഞത്. ഇത് ഗുരു മറ്റൊരു വിധത്തിലും വ്യക്തമാക്കുന്നു. ഏതാണ്ട് എട്ടോളം പ്രകാരങ്ങളെ ചേർത്ത് അതിന് 'മതം' എന്ന പേര് നൽകുകയാണ് ചെയ്തത്. ഇത്തരത്തിൽ ആചാരങ്ങൾ കൂട്ടിച്ചേർത്ത് അതിനെ മതമെന്ന് വിളിക്കുമ്പോൾ പലമതസാരങ്ങളെ കൂട്ടിച്ചേർത്ത് ഒറ്റമതമേ ഉള്ളൂവെന്ന് സമർത്ഥിച്ചുകൂടെ?" എന്നദ്ദേഹം ചോദിക്കയുണ്ടായി. 'കാഞ്ച ഏലയ്യ' ഇതേപ്പറ്റി മറ്റൊരു വാദമാണുന്നയിച്ചത്. ബുദ്ധമതത്തിന്റെ തകർച്ചയ്ക്ക് ശേഷം ഇന്ത്യയിൽ ബ്രാഹ്മണമതത്തിനായിരുന്നു ആധിപത്യം. ഇതിനെ പിന്നീട് ഹിന്ദുമതമെന്ന് വിളിച്ചുതുടങ്ങിയതാണത്രെ. ഗുരു മറ്റൊരു കാര്യം കൂടി സൂചിപ്പിക്കുന്നു. ക്രിസ്തുമതം സ്നേഹമാണ്. ഇസ്ലാം മതം സാഹോദര്യവും. ഇവ പരസ്പരം പൂരകങ്ങളായതിനാൽ മതഭേദങ്ങൾക്ക് അർത്ഥമില്ലാതാവുന്നു! ഗുരു ഇതിനെ അടിസ്ഥാനമാക്കിയാണ് 1916ൽ 'നമുക്ക് ജാതിയില്ല' എന്ന വിളംബരം നടത്തിയത്. അതിനുശേഷം ഇരുപത് വർഷം കഴിഞ്ഞ് തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സ് ക്ഷേത്രപ്രവേശനവിളംബരവും നടത്തി. ജനനമോ, ജാതിയോ, സമുദായമോ കാരണം വിശ്വാസികളുടെ ശാന്തിയും, സാന്ത്വനവും, നിഷേധിക്കാൻ പാടില്ലെന്ന ഉൽക്കണ്ഠയിലാണ് ഇത് പ്രഖ്യാപിക്കുന്നതെന്നാണ് അദ്ദേഹം ഇതിലൂടെ ജനങ്ങളെ അറിയിച്ചത്. എത്രയും വർഷങ്ങൾക്ക് മുൻപേ കേരളത്തിൽ മതനിരപേക്ഷ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകിയിരുന്നുവെന്നതിന് ഇതിൽപ്പരം തെളിവെന്ത് വേണം.

തുടർന്ന് സാമൂഹ്യ പരിഷ്ക്കർത്താക്കളായ സ്വാമി വിവേകാനന്ദൻ, അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ, ഡോ. പൽപ്പു, നിത്യ ചൈതന്യയതി, കുമാരനാശാൻ, നടരാജഗുരു, കെ. കേളപ്പൻ, മന്നത്ത് പത്മനാഭൻ എന്തിനേറെ പി. കൃഷ്ണപിള്ള, എ. കെ. ജി. തുടങ്ങിയവരെല്ലാം മത നിരപേക്ഷതയുടെ വക്താക്കളും ആ നിലപാടിലേക്ക് ജനങ്ങളെ എത്തിക്കുന്നതിന് സ്വയം മാതൃക കാട്ടിയവരുമായിരുന്നു. ഇവരുടെയെല്ലാം ലക്ഷ്യം ഒന്ന് തന്നെയായിരുന്നു. ജാതി മതചിന്തകളും, അനാചാരങ്ങളും മൂലം ദുഷിച്ച സാമൂഹ്യ വ്യവസ്ഥിതിയിൽ നിന്നും ജനങ്ങളെ രക്ഷിച്ച് രാജ്യത്ത് ശാന്തിയും, സമാധാനവും കാത്തുസൂക്ഷിക്കുക എന്നത് തന്നെ. ഇതിന് ഓരോ വ്യക്തിയിലും മതനിരപേക്ഷതയുടെ വിത്ത് പാകുകയേ വഴിയുള്ളൂ.


നാമെല്ലാവരും ജനിക്കുമ്പോൾ വെറും മനുഷ്യരാണെന്നും ഉപനയനം കഴിയുമ്പോൾ നമ്പൂതിരിയും, ബ്രാഹ്മണനും, മാമോദീസ മുക്കിക്കഴിയുമ്പോൾ ക്രിസ്ത്യാനിയും, സുന്നത്ത് കഴിഞ്ഞാൽ മുസ്ലീമും ആകുന്നുവെന്നതുകൊണ്ടുതന്നെ ജാതികളൊക്കെ മനുഷ്യ സൃഷ്ടികൾ തന്നെയാണെന്നും, ഒന്ന് മനസ്സിലാക്കാനെങ്കിലും ശ്രമിക്കണമെന്നേ പറയാനുള്ളൂ. ജീവിക്കുന്നേടത്തോളം കാലം എല്ലാവരേയും, ഒരേപോലെ കാണാനും, പരസ്പരം പരമാവധി ആവുന്നത്ര സഹായങ്ങൾ ചെയ്യാനും, അവരുടെ ദുഃഖങ്ങളിൽ പങ്കാളികളാവാനും സാധിച്ചാൽ തന്നെ ഓരോ വ്യക്തിയിൽ നിന്നും ജാതി മതചിന്തകൾ, ഒരുപരിധിവരെ ഇല്ലാതാവുകയും, ഇതിന്റെ പ്രതിഫലനം സമൂഹത്തിലും, രാജ്യത്തേക്കും പ്രകടമാവുകയും ചെയ്യും. ഈ മാറ്റം മൂലം ഓരോ വ്യക്തിയും താനറിയാതെ അവരുടെ മനസ്സ് മതനിരപേക്ഷ നിലപാടിലേക്ക് നീങ്ങുമെന്ന കാര്യത്തിൽ സംശയമില്ല. ഈ നിലപാടു

ള്ളവർ ഭൂരിപക്ഷമായാൽ, ഇതിന്നെതിരെയുള്ളവരുടെ പത്തി താഴുകയും, രാജ്യത്ത് സമാധാനാന്തരീക്ഷവും, അഭിവൃദ്ധിയും ഉണ്ടാവുമെന്നും നിസ്സംശയം പറയാം.

ഈ നിലപാട് മുൻകാലങ്ങളിൽ നമ്മുടെ ഭരണകർത്താക്കളും, സാമൂഹ്യപരിഷ്ക്കർത്താക്കളും ഒരുപോലെ സ്വീകരിച്ചിരുന്നു. ഇതിനാണിപ്പോൾ ഭീഷണി നേരിട്ടിരിക്കുന്നത്. ഓരോ വ്യക്തിയും ഒരേ ഒരു കാര്യത്തിൽ ശ്രദ്ധിച്ചാൽ തന്നെ ഇതിന് പരിഹാരമുണ്ടാക്കാം. അതായത് മനുഷ്യനായി ജനിച്ചാൽ തന്റെ ജീവിതം സമാധാനപൂർണ്ണമായി ജീവിച്ചു തീർക്കണമെന്ന ആഗ്രഹം ഓരോരുത്തർക്കും ഉണ്ടാവുക സ്വാഭാവികം. അങ്ങിനെ ചിന്തിക്കുന്നയാൾക്ക് തന്നെപ്പോലെ മറ്റുള്ളവരും ഇതേ ആഗ്രഹമുള്ളവരായിരിക്കുമല്ലോ ? എന്ന ചിന്ത, മനസ്സിലുണ്ടായാൽ മാത്രം മതി. അതല്ലാതെ, കൃഷ്ണൻ, ഗണപതി തുടങ്ങിയ ദൈവങ്ങളുടേയും മറ്റും വേഷം കെട്ടിയും, ബിംബങ്ങൾ വഹിച്ചും ഘോഷയാത്രകൾ നടത്തിയതുകൊണ്ടോ, മറ്റേതെങ്കിലും ആഘോഷങ്ങൾ കൊണ്ടോ മതനിരപേക്ഷ മൂല്യങ്ങൾ ജനങ്ങളിൽ രൂപപ്പെടുത്താൻ കഴിയില്ല. അതോരോരുത്തരുടെ മനസ്സിൽ, തന്റെ, വാക്കും, പ്രവൃത്തിയും കൊണ്ട് രൂപം കൊള്ളേണ്ടതാണ്. പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തിക്കൊണ്ട് സർക്കാരുകൾക്ക് ഇക്കാര്യത്തിൽ ഒരു പരിധിവരെ ഗുണകരമായൊരു പങ്ക് വഹിക്കാൻ കഴിയും. പല ജാതിയിലും, മതത്തിലും പെട്ട, വ്യത്യസ്ത സാമൂഹ്യ പശ്ചാത്തലത്തിൽ നിന്നും വരുന്ന കുട്ടികൾ ഒന്നിച്ചിരുന്നു പഠിക്കുന്നതും, ഉച്ചഭക്ഷണസമയത്ത് ഭക്ഷണം പങ്കിട്ട് കഴിക്കുന്ന സാഹചര്യങ്ങളും അവരിൽ മതനിരപേക്ഷതയുടെ വിത്ത് വിതയ്ക്കാനുള്ള മണ്ണൊരുക്കുമെന്നത് തീർച്ചയാണ്. അയൽക്കാരായ വ്യത്യസ്ത മതവിഭാഗങ്ങളിൽ പെട്ടവർ അവരവരുടെ മതാചാരപ്രകാരമുള്ള ആഘോഷങ്ങളിൽ പരസ്പരം പങ്കെടുക്കുന്നതും ഇതേ ഫലം പ്രദാനം ചെയ്യും. ഇത്തരത്തിലുള്ള ഇടപഴകുന്നവരുടേയും, ചിന്തിക്കുന്നവരുടേയും എണ്ണം എത്രത്തോളം കൂടുന്നുവോ, അത്, ലോകത്തിലെ മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് മതങ്ങളും, ജാതികളും, ഉപജാതികളും ഏറെയുള്ള ഭാരതത്തിലെ ജനങ്ങൾക്ക് ഒരു മതനിരപേക്ഷ നിലപാടിലേക്കെത്താനും, അതിന്റെ ഗുണങ്ങൾ നാട്ടിനും, നാട്ടാർക്കും കൈവരാനും സഹായമാകും.

സാമ്പത്തികമായി ഇന്ത്യ പോലുള്ളൊരു രാജ്യം എത്ര പുരോഗമിച്ചാലും ജനങ്ങളിൽ മതനിരപേക്ഷ നിലപാടിന്റെ അഭാവം, രാജ്യത്തിന്റെ വളർച്ചയെ പുറകോട്ടടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. മൗലികാവകാശലംഘനത്തിലൂടെ പ്രശ്നം സൃഷ്ടിക്കുന്നവരെ മുഖം നോക്കാതെ രാജ്യത്തെ നിയമപരിപാലനവ്യവസ്ഥ അനുസരിച്ച് കർശന നടപടികളിലൂടെ നേരിടാൻ ഭരണകൂട സംവിധാനവും ആർജ്ജവം കാണിക്കണം. ഇങ്ങിനെയുള്ള ഭരണാധികാരികളുടെ കൂടെ രാജ്യത്തേയും, ജനങ്ങളേയും സ്നേഹിക്കുന്നവരും, സമാധാനകാംക്ഷികളുമായ ജനങ്ങളുടെ ഒരു നീണ്ട നിര തന്നെ ഉണ്ടാകുമെന്നതും തീർച്ചയാണ്.





സുരേഷ് തെക്കീട്ടിൽ
9446330957

## പുറം മോടികൾ

**അ**ല്ല ഇതാര് ഡൈ ചെയ്ത് മെയ്ക്കപ്പൊക്കെ ചെയ്ത് പുതിയ മോഡൽ ജീൻസും പാന്റുമൊക്കെയിട്ട്... ഞാൻ വിചാരിച്ചത് ഏതോ ചെത്ത് ന്യൂ ജനറേഷൻ പയ്യനാന്നാ. നന്നായി ഇനിയിപ്പോ ആ സ്ഥിരം വിത്തൗട്ട് ചായയൊന്നും വേണ്ടല്ലോ അല്ലേ. നല്ല മധുരത്തില് ഒന്നെടുക്കാം അല്ലേ.

## നഷ്ടപരിഹാരം

അല്ല അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞു തെറ്റി സംസാരം ഉണ്ടായി വളരെ നിസ്സാരകാരണം അതിൽത്തന്നെ തീരാവുന്നതേ ഉണ്ടായിരുന്നുള്ളു. പക്ഷേ പെട്ടെന്ന് കൈചുരുട്ടി എന്റെ മുഖത്ത് ആഞ്ഞിടിക്കുകയായിരുന്നു. തീർത്തും അപ്രതീക്ഷിതമായതിനാൽ എനിക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. ഞാനാകെ തരിച്ചുപോയി. പക്ഷേ രണ്ടാമത്തെ ഇടിക്ക് ഞാൻ ഒഴിഞ്ഞുമാറി. അതിനാലാണ് ഇടി ചുമരിൽ കൊണ്ടത്. ഇപ്പൊ കൈയ്യിന് ചതവുണ്ട് ഞാൻ ചതിച്ചു നഷ്ടപരിഹാരം വേണമെന്നൊക്കെ പറഞ്ഞ് ആളുകളേയും കൂട്ടി...

## അതുതന്നെ ധാരാളം

ഏയ്... നീ പറയുന്ന പോലൊന്നുമല്ല അഹങ്കാരം ശമിപ്പിക്കാനും ഞാനെന്ന ഭാവം ഇല്ലാതാക്കാനും വിനയവും മര്യാദയും ഉണ്ടാകാനും നീ പറയുന്നപോലെ പരന്ന വായനയും ഉയർന്ന ചിന്തയും വിശാലമായ കാഴ്ച്ചപ്പാടും ഒന്നുംതന്നെ വേണമെന്നില്ലെടാ കാര്യമായിട്ടൊരു പല്ലു വേദന വന്നാമതി... ധാരാളം.


## ത്രാണി

കടം വാങ്ങാതെയൊന്നും വീട് കയറ്റാനുള്ള ത്രാണിയുണ്ടായിരുന്നില്ലെടോ അന്ന്. ഇതിലെന്താ പുതുമ അതിപ്പൊ എല്ലാവരും അങ്ങനെയൊക്കെ തന്നെയല്ലേ ഇത്ര പറയാനുണ്ടോ

അതല്ലെടോ ആ വീട് വിറ്റാൽ പോലും കടം വീട്ടാനുള്ള ത്രാണിയില്ലെടോ ഇന്ന്.

## സഡൻ ഇഫക്ട്

ഒരാഴ്ച കൊണ്ട് ഇംഗ്ലീഷ് സംസാരിക്കാൻ പഠിപ്പിക്കുന്നു. വലിയ ബോർഡ് വെച്ച ഓഫീസിലേക്ക് ആ സ്ത്രീ കയറിപ്പോകുന്നത് കണ്ടു. വെറും ഒരു മിനിറ്റ്. ആ സ്ത്രീ ഉറക്കെ ഇംഗ്ലീഷ് സംസാരിക്കുന്നത് പുറത്തേക്ക് കേട്ടു. യു... ബ്ലഡി. ബാസ്റ്റാർഡ്... യുസ്ലെസ് ഫെലോ.





## എന്റെ അഭിനയ സ്മരണകൾ

ഭാഗം 20

മുക്കം ഭാസി
9846138693

# കറുത്ത സൂര്യോദയം സമ്മാനിച്ച ഒരു തീക്ഷ്ണ നാടകം

**ജ**നാധിപത്യത്തിന്റെ മൂർദ്ധാവിൽ അടിയന്തരാവസ്ഥ എന്ന ഇടിവാൾ പ്രയോഗിച്ചില്ലായിരുന്നുവെങ്കിൽ ശ്രീമതി. ഇന്ദിരാഗാന്ധി ഒരുപക്ഷെ ലോകം കണ്ട ഏറ്റവും മികച്ച ഭരണാധികാരികളിൽ ഒരാൾ ആവുമായിരുന്നു. ബാങ്ക് ദേശസാൽക്കരണത്തിലൂടേയും നാട്ടുരാജാക്കന്മാരുടെ മാലിഖാൻ നിർത്തലാക്കലിലൂടേയും മറ്റും മറ്റും ധീരയായ ഒരു ഭരണാധികാരിയായി ഇന്ത്യക്കാരുടെ മനസ്സിൽ ചേക്കേറിയിരുന്നു അവർ.

വിനാശകാലേ വിപരീത ബുദ്ധി എന്നുണ്ടല്ലോ ! ഒരുസംഘം ഉപജാകവൃന്ദത്തിന്റെ സ്തുതിഗീതത്തിൽ അവർ നിലവിട്ടുപോയി. 1975 ജൂൺ 25 ഇന്ത്യാ മഹാരാജ്യത്ത് ഉദിച്ചത് ഒരു കറുത്ത സൂര്യനായിരുന്നു. 'നാവടക്ക്, പണിയെടുക്ക്', എന്ന മുദ്രാവാക്യവും 'ഇന്ദിരാ ഇന്ത്യ', 'ഇന്ത്യ ഇന്ദിര' എന്ന മുദ്രാവാക്യവും അന്തരീക്ഷത്തിൽ മുഴങ്ങിയപ്പോൾ ജനാധിപത്യം മരണശയ്യയിൽ ഊർദ്ധശ്വാസം വലിയ്ക്കയായിരുന്നു !

1975 ജൂൺ 25 മുതൽ 1977 മാർച്ച് വരെയുള്ള നീണ്ടുനിന്ന ആ കാലഘട്ടം എത്രയെത്ര നിരപരാധികളുടെ ജീവനെടുത്തു! എത്രയെത്ര ജനാധിപത്യ വിശ്വാസികൾ ഇരുമ്പഴിയ്ക്കുള്ളിലായി! പോലീസ് മർദ്ധനമേറ്റ് ജീവച്ഛവങ്ങളായി മാറി ! സ്വന്തം പ്രസ്ഥാനത്തിൽ തന്നെ എതിർപ്പുമായി ചിലരെങ്കിലും രംഗത്തുവന്നു!

ഭീതിയുടെ ഇരുൾമൂടിയ രാപ്പകലുകൾ...! അത്തരമൊരു സന്ദർഭത്തിലാണ് ഏതാനും പേർ വീട്ടിൽ കയറിവരുന്നത്. അവരിൽ ഒരാൾ മാത്രം എനിയ്ക്ക് സുപരിചിതനാണ്. മാവൂർ ഗ്വാളിയോർ റയൺസിൽ ജോലിനോക്കുന്ന എന്റെ നാട്ടുകാരൻ ശ്രീധരൻ. ശ്രീധരൻ എല്ലാവരേയും എനിയ്ക്ക് പരിചയപ്പെടുത്തി. വിശ്വം കെ. അഴകത്ത്, സി. എൻ. വിദ്യാധരൻ, ഭാസി പെരുവയൽ, ഉണ്ണിയേട്ടൻ... ഇതിൽ ഭാസി പെരുവയൽ കോഴിക്കോട് ഡി. ഡി. ഓഫീസിൽ ക്ലാർക്ക്. മറ്റുള്ളവരൊക്കെ ഗ്വാളിയോർ റയൺസിലെ ജീവനക്കാരും കലാകാരന്മാരും.

കോഴിക്കോട് കോർപ്പറേഷൻ സംഘടിപ്പിയ്ക്കുന്ന ഇരുപത്തിയെട്ടാമത് അഖില കേരള നാടകമത്സരത്തിൽ വിശ്വം കെ. അഴകത്ത് രചിച്ച 'തിലോദകം' എന്ന നാടകം തിരഞ്ഞെടുക്കപ്പെട്ടിരിയ്ക്കുന്നു. നടീനടന്മാരെ ആവശ്യമുണ്ട്. എന്റെ സുഹൃത്ത് ശ്രീധരൻ പറഞ്ഞതനുസരിച്ച് എത്തിപ്പെട്ടതാണ് അവർ എന്റെ വീട്ടിൽ.

മാവൂർ 'നവരംഗ്' ആണ് നാടകം അവതരിപ്പിയ്ക്കുന്നത്. ഏതായാലും ഞാൻ പങ്കെടുക്കാമെന്ന് വാക്ക് കൊടുത്തു. അങ്ങനെ കോഴിക്കോട് 'അണിയറ'യിലേയ്ക്ക് എന്നെ ക്ഷണിച്ചു. ഞാൻ പോയി. ചെന്നപ്പോഴല്ലേ പൂരം ! അവിടെ സംവിധായകന്റെ നേതൃത്വത്തിൽ ഇന്റർവ്യൂ നടക്കയാണ്. ഒരുപാട് നടീനടന്മാർ കെ. ആർ. മോഹൻദാസ് എന്ന സംവിധായകനും ജയപ്രകാശ് കാര്യാൽ എന്ന സഹസംവിധായകനും ഡയലോഗ് കൊടുത്ത് ഓരോരുത്തരേയും അളന്ന് മുറിയ്ക്കയാണ്.

ഇത്തരമൊരനുഭവം എനിയ്ക്കാദ്യമാണ്. ഇങ്ങനെയൊരു 'ഏടാകൂടം' ഉണ്ടെന്നറിഞ്ഞിരുന്നുവെങ്കിൽ ഞാൻ വരില്ലായിരുന്നു. സുമുഖനും താടിക്കാരനുമായ സംവിധായകൻ എനിയ്ക്ക് കുറച്ച് ഡയലോഗ് തരുന്നു. അത് പറഞ്ഞ് അഭിനയിച്ചു കാണിയ്ക്കാൻ ആവശ്യപ്പെടുന്നു. വന്നുപോയില്ലേ ? ഞാൻ ഡയലോഗ് പറഞ്ഞ് അഭിനയിച്ചുകാണിയ്ക്കുന്നു. വിവരമറിയിയ്ക്കാം എന്ന് പറഞ്ഞ് പലരേയും പറഞ്ഞുവിടുന്നു. എന്നോട് അവിടെ നിൽക്കാൻ ആംഗ്യം കാണിച്ചതനുസരിച്ച് ഞാനവിടെ തന്നെ തങ്ങുന്നു !

എന്നെ സെലക്ട് ചെയ്തിരിക്കുന്നു. ഭാഗ്യം ! സംസ്ഥാന ലവലിലുള്ള രണ്ടാമത്തെ മത്സരനാടകത്തിൽ പങ്കെടുക്കുകയാണ്. ജില്ലാ ലവലിലുള്ള ഏതാനും മത്സരനാടകങ്ങളിലൊക്കെ പങ്കെടുത്തിട്ടുണ്ടെങ്കിലും.

കെ. ആർ. മോഹൻദാസ് ഒരു ബാങ്ക് ഉദ്യോഗസ്ഥനാണ്. ജയപ്രകാശ് കാരാൽ ചിത്ര കലാദ്ധ്യാപകനും. പിൽക്കാലത്ത് സംവിധാന രംഗത്ത് ഈ രണ്ടുപേരും വളരെ പ്രശസ്തരായി അറിയപ്പെട്ടു, അംഗീകരിയ്ക്കപ്പെട്ടു; ആദരിയ്ക്കപ്പെട്ടു. കോഴിക്കോടൻ നാടകരംഗത്തെ നക്ഷത്രത്തിളക്കമാണ് രണ്ടുപേരും. ജീവിതത്തിലിങ്ങനെയൊരു നാടകം ഞാൻ മുമ്പ് ചെയ്തിട്ടില്ല ! വളരെ ചിട്ടയായ റിഹേഴ്സൽ ക്യാമ്പ്. എല്ലാ സംഗീതോപകരണങ്ങളോടും കൂടിയ റിഹേഴ്സൽ ! ചെണ്ട, മൃദംഗം, തബല, ഹാർമോണിയം ഇവയുടെയൊക്കെ താളലയസംഗീതത്തിൽ

ഏതോ ഒരു മാസ്മരികലോകത്തേയ്ക്ക് ഉയർത്തപ്പെടുന്ന പ്രതീതി ! പുള്ളുവപ്പാട്ടും, നാടൻ പാട്ടുകളും കോർത്തിണക്കി അതിന്റെ നാദധാരയിൽ ഒഴുകിയാടുന്ന നർത്തകസംഘങ്ങൾ! മുണ്ടങ്ങാട് ശ്രീധരൻ ഭാഗവതരുടെ അതുല്യമായ സംഗീതാവിഷ്ക്കാരം.

അപാരമായ മുഹൂർത്തങ്ങൾ ! പ്രതീക്ഷയോടുകൂടി തന്നെയാണ് മത്സരവേദിയിലേയ്ക്ക് കാൽ കുത്തിയത് ! ഏറ്റവും നല്ല അവതരണം; രചന ദീപ സംവിധാനം - സംവിധാനം എന്നീ നാല് ഒന്നാം സമ്മാനങ്ങൾ ഞങ്ങൾ അടിച്ചുമാറ്റി! 'തിലോദകം', നാടകത്തിലെ മറ്റൊരു 'നാടക'മായിരുന്നു! ഏത് സാധാരണക്കാരനും മനസ്സിലാകുന്ന ഒരുപുറം നാടകം! ചുഴിഞ്ഞാലോചിയ്ക്കുന്നവന് ഉള്ളിൽ മറ്റൊരു നാടകം !!

ഉള്ളിലെ നാടകം പൊള്ളുന്നതായിരുന്നു. സത്യം പറഞ്ഞാൽ അഭിനേതാക്കളായ ഞങ്ങൾ പോലും അത് ശരിയ്ക്കും ഉൾക്കൊണ്ടിരുന്നില്ല. അടിയന്തിരാവസ്ഥ കാലഘട്ടമായിരുന്നത് കൊണ്ട് സ്ക്രിപ്റ്റ് പോലീസ് സ്റ്റേഷനിൽ ഹാജരാക്കണമായിരുന്നു. പോലീസുകാർ തിരിച്ചും മറിച്ചും പരിശോധിച്ചു. അവർക്കുണ്ടോ കാര്യം പിടികിട്ടുന്നു. പിന്നീട് പ്രൊഫസർ എ. പി. നമ്പൂതിരിയെ വരുത്തി പരിശോധിപ്പിച്ചു. ഒരു കുഴപ്പവുമില്ല എന്ന് അദ്ദേഹം പറഞ്ഞത്രെ! ആരൊക്കെയോ ബുദ്ധിജീവികൾ വീണ്ടും വീണ്ടും പരിശോധിച്ചു എന്നുകേൾക്കുന്നു.

അവതരണാനുമതി കിട്ടിയ ശേഷമാണ് ഞങ്ങൾ നാടകം അരങ്ങേറുന്നത്. നാടകത്തിലെ കഥാപാത്രങ്ങൾ ഇങ്ങനെ. നാറാണത്ത് ഭ്രാന്തനെ അനുസ്മരിപ്പിയ്ക്കുന്ന ഒരു ഭ്രാന്തൻ, യക്ഷി, കുറത്തി, കറുപ്പൻ, കമ്പിത്താൻ കറുപ്പന്റെ ശിങ്കിടി. കമ്പിത്താന്റെ ഒരു നടനഗായകസംഘം.

തിന്മയുടെ പ്രതീകമാണ് കറുപ്പനും ശിങ്കിടിയും. നന്മയുടെ പ്രവാചകൻ കമ്പിത്താൻ. അദ്ദേഹത്തെ പിൻതുണയ്ക്കുന്ന സംഘവും. ഇവർ തമ്മിലുള്ള സംഘട്ടനാത്മകരംഗങ്ങളിൽ കൂടി ഇതൾ വിരിയുന്ന രോമാഞ്ചദായകരംഗങ്ങളിൽ കൂടി കടന്നുപോകുന്ന നാടകം അത്ഭുതസ്തബ്ധരായാണ് കാണികൾ വീക്ഷിച്ചത് ! അതൊരു മാസ്മരികാനുഭൂതി തന്നെയായിരുന്നു കാണികൾക്ക്.

കറുപ്പന്റെ വേഷം ഞാൻ ചെയ്തപ്പോൾ കമ്പിത്താൻ പ്രഗത്ഭനടനായ അശോകൻ മാഷ് കൈകാര്യം ചെയ്തു. എന്റെ ശിങ്കിടിയായി അതുല്യനായ കാളിദാസനും. നാറാണത്ത് ഭ്രാന്തനെ പ്രതിഭാശാലിയായ കൊല്ലാർ കണ്ടി ഗോപാലൻ അവതരിപ്പിച്ചപ്പോൾ പാട്ടിയമ്മയായി അംബുജം സുരാസു വേഷപ്രച്ഛന്നയായി. കുറത്തിയായി അയിഷയും മത്സരിച്ചഭിനയിച്ച ഈ നാടകം എന്റെ അഭിനയജീവിതത്തിലെ മറക്കാനാവാത്ത ഒരു മുഹൂർത്തമായിരുന്നു.

കറുപ്പൻ എന്ന എന്റെ കഥാപാത്രം അവസാനം ഒരു 'തിറ'യുടെ കോലം കെട്ടിയാണ് വരവ്. (കുട്ടിക്കാലത്ത ഒരു തിറയാട്ടുകാരനാവണം എന്ന് മോഹിച്ചത് അങ്ങനെ സാധൂകരിച്ചു.) ചെണ്ടയുടെ താളലയത്തിൽ നൃത്തച്ചുവടുകളുമായി കമ്പിത്താനേയും സംഘത്തേയും നേരിട്ട് കറുപ്പൻ നിലം പരിശാവുന്നതോടെ നാടകാന്ത്യം.

ഒന്നാം സമ്മാനർഹമായ ഈ നാടകം പിന്നീട് നിരവധി വേദികളിൽ ഞങ്ങളവതരിപ്പിച്ചപ്പോൾ മറക്കാനാവാത്ത പല സംഭവങ്ങൾക്കും സാക്ഷിയാകേണ്ടിവന്നു. കോഴിക്കോട് ടൗൺഹാളിൽ അവതരിപ്പിയ്ക്കുമ്പോൾ കത്തിച്ച് പിടിച്ച പന്തം എന്റെ തിറവേഷത്തിനു പിടിച്ചു. എന്റെ എതിർ ട്രൂപ്പിലെ സംഘത്തിലുണ്ടായിരുന്ന നാടകകൃത്തായ വിശ്വം കെ. അഴകത്ത് അത് തച്ച് കെടുത്തി, പന്തം നിലത്തിട്ട് ചവിട്ടി, എന്നെ തീക്ഷ്ണമായി നോക്കി അതൊരു അഭിനയമുഹൂർത്തമാക്കിയിരുന്നില്ലെങ്കിൽ ഒരുപക്ഷെ ഇതെഴുതുവാൻ എനിയ്ക്ക് യോഗമുണ്ടാവുമായിരുന്നില്ല !

നാടകം കഴിഞ്ഞപ്പോൾ പല പ്രഗത്ഭരും സ്റ്റേജിൽ കയറിവന്നു എന്നെ നേരിട്ടഭിനന്ദിച്ചത് ഇപ്പോഴും എന്റെ സ്മരണയിലെ നക്ഷത്രചിഹ്നമാണ്. എന്റെ നാട്ടിലെ മൈക്രോ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഞങ്ങൾ ഈ നാടകം കളിയ്ക്കുന്നു. ഇരുവഞ്ഞിയുടെ മണൽ പരപ്പിൽ. ഞങ്ങളുടെ നാടകം കൂടാതെ താജിന്റെ കനലാട്ടം, മധു മാസ്റ്ററുടെ അമ്മ, വി. എം. കുട്ടിയുടെ മാപ്പിള ഗാനമേള എന്നിവയും വ്യത്യസ്ത ദിനങ്ങളിൽ അരങ്ങേറിയിരുന്നു. ടിക്കറ്റ് വെച്ചായിരുന്നു എല്ലാ പരിപാടികളും.

തിലോദകത്തിന്റെ അന്ത്യരംഗം ആടിത്തിമർക്കയാണ് കറുപ്പൻ ചെണ്ട മേളത്തിന്റെ അകമ്പടിയോടെ. അപ്പോഴതാ വരുന്നു കമ്പിത്താനും സംഘവും പുള്ളുവപ്പാട്ടിന്റെ താളലയവ്യന്യാസത്തോടെ കാണികളുടെ ഇടയിൽനിന്ന്. ഈ സംഘത്തിന്റെ പിന്നിലായി ഒരു സ്ത്രീയുമുണ്ട് മുടിയഴിച്ച് തുള്ളി തുള്ളിവരുന്നു കോമരത്തെപ്പോലെ. നാടകത്തിലെ കഥാപാത്രമല്ല. പിന്നെയാര് ? അത് മറ്റാരുമായിരുന്നില്ല. കമ്പിത്താനായി അഭിനയിച്ച അശോകൻ മാസ്റ്ററുടെ അമ്മയായിരുന്നു! അവർ സ്റ്റേജിലേയ്ക്കും കേറും എന്ന നില വന്നപ്പോൾ അശോകൻ മാഷുടെ ജ്യേഷ്ഠൻ ദാസൻ അമ്മയെ വിലങ്ങനെയെടുത്ത് കൊണ്ടുപോവുകയായിരുന്നു. അവർ തികച്ചും അബോധാവസ്ഥയിലായിരുന്നു !

അടിയന്തരാവസ്ഥ കഴിഞ്ഞപ്പോൾ പ്രൊഫ. എ. പി. പി. നമ്പൂതിരി ഈ നാടകത്തെ പറ്റി ഒരു റിവ്യൂ എഴുതി മാതൃഭൂമി വാരാന്തപ്പതിപ്പിൽ എന്റെ തിറയുടെ ചിത്രം വെച്ച്. അതിന്റെ ആശയം ഏതാണ്ടിങ്ങനെയായിരുന്നു. അടിയന്തരാവസ്ഥയെ നിശിതമായി വിമർശിയ്ക്കുന്ന ഈ നാടകത്തിൽ പ്രതീകാത്മകമായ വേഷത്തിലൂടെ ജീവിച്ചിരിയ്ക്കുന്ന കഥാപാത്രങ്ങളെയാണ് നാടകകൃത്ത് രംഗത്തവതരിപ്പിച്ചത്. ഇന്ദിരാഗാന്ധിയെ യക്ഷിയായും, ബൻസി ലാലിനെ കറുപ്പനായും, ജയപ്രകാശ് നാരായണനെ കമ്പിത്താനായും മാധ്യമങ്ങളെ കുറത്തിയായും, ജനാധിപത്യത്തെ നാറാണത്ത് ഭ്രാന്തനായും മറ്റും മറ്റും ധ്വനിപ്പിച്ച നാടകകൃത്തിന്റെ ഔചിത്യബോധം ശ്ലാഘനീയമാണ്; സംശയമില്ല.

(തുടരും)



ചെറിയാൻ തോട്ടുങ്കൽ
8281343742

# അപരിചിതരും പരിചിതരും

**എ**ല്ലാവരും ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ അപരിചിതർ തന്നെ. കാലക്രമേണ ഇടപെടലുകളും പെരുമാറ്റവും സൗഹൃദവും എല്ലാം കൊണ്ടും ഓട്ടോമാറ്റിക്കായി പരിചിതരാവുന്നു. പിന്നീട് വിട്ടുപിരിയാത്ത ബന്ധങ്ങളായി മാറുകയും ചെയ്യുന്നു. സത്യത്തിൽ ഇന്ന് പല പരിചിതർ പരിചയപ്പെട്ടെങ്കിലും മുഖം നോക്കാതെ അപരിചിതരായി കഴിയുന്നവരും ഉണ്ട്. യാദൃശ്ചികമായി കാണുമ്പോൾ മനസ്സില്ലാ മനസ്സോടെ ചിറികോട്ടി ചിരിക്കുന്ന ഭാഷയിൽ ആംഗ്യം കാണിക്കയാണ് പതിവ്. പിന്നെ കാണാം എന്ന മട്ടിൽ നടന്നു നീങ്ങുന്നവരും ഉണ്ട്. ചിരി നല്ലതാണ് അത് ആരോഗ്യത്തിന് ഉത്തമമാണെന്ന് കൊട്ടിഘോഷിക്കുന്നു. എങ്കിലും ഹൃദയം തുറന്ന് ചിരിക്കാൻ ഇന്ന് കഴിയുമോ ? പല സാഹചര്യങ്ങൾക്കും അടിമയാകുമ്പോൾ എങ്ങനെ പൊട്ടിച്ചിരിക്കാൻ കഴിയും. പല പരിചയത്തിലും വഞ്ചനയുടെ ലാഞ്ചനയുണ്ടെന്ന് കരുതണം. സ്നേഹം നടിച്ചുള്ള ചിരി, സന്ദർഭം മനസ്സിലാക്കാതെ കേട്ടപാതി കേൾക്കാത്ത പാതി ചിരിക്കുന്നവർ, മറ്റുള്ളവർക്ക് പിൻതാങ്ങായി കൂടെ ചിരിക്കുന്നവർ, പല വിഡ്ഢിത്തരങ്ങൾ വിളമ്പുമ്പോൾ അത് കേൾക്കുന്നവരുടെ ചിരി, ആളെ കളിയാക്കുന്ന ഒരുതരം ചിരി ഇതെല്ലാം അപരിചിതർക്ക് വേണ്ടി പരിചയക്കാർ സോപ്പിടുന്ന ചിരിയാണ്. ചിലർ സ്വയം കഥയറിയാതെ ചിരിക്കുന്നു. ഇത് മാനസിക വൈകല്യമുള്ളവരുടെ ചിരിയാണ്. യാദൃശ്ചികമായ സന്തോഷത്താൽ ചിരിക്കുന്നവരും ചിരിച്ചു ചിരിച്ചു മരിച്ചവരും ഉണ്ട്. ചില വാക്കിലും തമാശയിലും ചിരിയടക്കാൻ പെട്ടെന്ന് കഴിയാതെ പോകുന്നു. പരിചിതരെക്കൊണ്ട് പലപ്പോഴും പലതും നേടാനും ചിലപ്പോൾ ചില വിഷമഘട്ടത്തിൽ രക്ഷപ്പെടാനും കഴിയുന്നു. ചില റെക്കമന്റ് ചെയ്യുവാൻ പരിചയക്കാരൻ തന്നെ വേണ്ടിവരും പരിചയപ്പെട്ടവർ ഉണ്ടെങ്കിലെ ചിലപ്പോൾ ഇടപെടുന്ന കാര്യങ്ങൾ സാധിക്കുകയുള്ളൂ. മറ്റുള്ളവരെ പരിചയപ്പെടുത്താൻ പരിചയക്കാർ തന്നെ വേണം പല ബന്ധങ്ങൾ സ്ഥാപിക്കുവാൻ തന്റേതായ പല കാര്യങ്ങൾക്ക് കൂടെ നിന്ന് പ്രവർത്തിക്കാനും ഒരുപക്ഷെ പരിചയക്കാർ തന്നെ വേണം. ചിലപ്പോൾ പണം കൊണ്ട് സാധിക്കാത്ത കാര്യങ്ങൾക്ക് ഇടപെടേണ്ടത് പരിചയക്കാരെ കൊണ്ടായിരിക്കും. ഒരു യാത്രയിൽ എപ്പോഴും ധാരാളം അപരിചിതരായവരെ പരിചയപ്പെടുവാൻ അവസരം ലഭിക്കുന്നു. ഒറ്റക്ക് യാത്ര ചെയ്യുമ്പോൾ മുഷിപ്പ് തോന്നാതിരിക്കണമെങ്കിൽ ഇടപെടുന്ന അപരിചിതർ പരിചയക്കാരാകുമ്പോൾ മാനസിക പ്രയാസങ്ങൾ ഒഴിഞ്ഞു പോകാനും കഴിയുന്നു. എല്ലാവർക്കും ഏതെങ്കിലും തരത്തിൽ പരിചയപ്പെട്ടവർ ധാരാളം ഉണ്ടായിരിക്കും. അപരിചിതരെ പരിചയപ്പെടുക. ഇത് ജീവിതത്തിന് ഒരു വിജയമായി കണക്കാക്കുക.

## കോടികൾ പാഴാക്കുന്ന വൈദ്യുത ബോർഡിന്റെ പിഴവ്
# ആര് തിരുത്തും ?

വിനോദ് കുമാർ ദാമോദർ
7736208463, 8086653199

**നാം** ഇടയ്ക്കിടെ കേൾക്കുന്ന ഒരു സംഗതിയാണ് വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഒഴിവാക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും മറ്റുമുള്ള സർക്കാർ പ്രസ്താവന പലപ്പോഴും ലോകഫുട്ബോൾ മത്സരവും മറ്റും കാണാനുള്ള വാസനയ്ക്കിടെ ഇതൊന്നും സാരമില്ല രാത്രി കളി കാണേണ്ടതല്ലേയെന്നും ചിന്തിച്ച് വൈദ്യുതി നിരക്കു കൂടിയതിനേ പറ്റിയോ ഒന്നും ചിന്തിയ്ക്കാറില്ല. ഇതിനായി പ്രവർത്തിയ്ക്കുന്ന ഉപഭോക്തസംഘടനകളും ഇതൊന്നും ശ്രദ്ധിക്കാറില്ല.

കേന്ദ്ര സർക്കാറിന്റെ ഉടമസ്ഥയിലുള്ള കായംകുളത്തെ നാഷണൽ തെർമൽ പവർ കോർപറേഷന് വർഷം തോറും സംസ്ഥാന സർക്കാർ നൽകേണ്ടിവരുന്നത് 1200 കോടി രൂപയാണ്. എന്തിനാണെന്ന് കേൾക്കുമ്പോൾ ഞെട്ടും. അവിടെനിന്നും ലഭിക്കുന്ന വൈദ്യുതിയ്ക്ക് വേണ്ടിയാണത്രെ. എന്നാൽ വൈദ്യുതി ലഭിക്കാറുമില്ലത്രെ.

1995ൽ നാം അവരുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണത്രെ ഈ പണം നൽകേണ്ടിവരുന്നത്. ഈത്തരത്തിൽ ഒരു പദ്ധതി അതായത് കായംകുളത്തേത് പോലെയുള്ള ഒന്നിന്റെ വ്യക്തത വരാതെ സംസ്ഥാന വൈദ്യുതി ബോർഡ് ഉണ്ടാക്കിയ വലിയ കരാർ, അതും ദീർഘകാല കരാറിന്റെ ഫലമായാണത്രെ ഈ വൻനഷ്ടം.

പാവപ്പെട്ട ഒരു വീട്ടുടമ വൈദ്യുതി ബിൽ ഒരുദിവസം അടയ്ക്കാൻ പോലും വൈകിയാൽ അവിടെ കൃത്യമായി എത്തുന്ന കറന്റ് വിച്ഛേദവിഭാഗം തുടങ്ങിയവർ ബോർഡിൽ പ്രവർത്തിയ്ക്കുമ്പോഴാണ് മറുഭാഗത്ത് ഈത്തരത്തിലുള്ള തുക സംസ്ഥാന സർക്കാർ കൈവിട്ടുകളിയ്ക്കുന്നത്.

ആതിരപ്പള്ളി പോലുള്ള പദ്ധതികൾ നടപ്പാക്കാൻ തിടുക്കം കാണിയ്ക്കുന്ന വൈദ്യുതി ബോർഡ് കരാർ റദ്ദാക്കാൻ എടുത്ത നടപടികളാർക്കും അറിയിച്ചില്ല.

# ദേവഭൂമിയിലെ ദേവദാരുക്കൾ



ഈശ്വർകുമാർ തരവത്ത്
9946655277

## ദേവഭൂമിയുടെ കവാടം

**അ**ഞ്ചുമണിക്കാണ് ഹരിദ്വാറിൽ ഇറങ്ങേണ്ട സമയമെങ്കിലും, നേരത്തെത്തന്നെ ഞങ്ങളുണർന്ന് റെഡിയായിരുന്നു. രാമചന്ദ്രൻ സുഹൃത്തുമുഖാന്തരം ഏർപ്പാടുചെയ്തിരുന്ന അയ്യപ്പക്ഷേത്രത്തിലേക്കു പോകാനാണ് തീരുമാനം. അല്പം ദൂരെയുള്ള ക്ഷേത്രത്തിലേക്ക് ഓട്ടോറിക്ഷയിൽ പോയി. ക്ഷേത്രത്തിന്റെ പ്രധാനനടത്തിപ്പുകാരൻ പയ്യന്നൂർ സ്വദേശി കൃഷ്ണൻ നമ്പൂതിരി തികച്ചും നല്ലൊരു ആതിഥേയൻ തന്നെ. ലളിതമെങ്കിലും നല്ല താമസസൗകര്യവും കേരളീയ ഭക്ഷണവും അവിടെ ഞങ്ങൾക്കുകിട്ടി.

* * * * *

തീർത്ഥാടകർ ഹരിദ്വാറിനെ 'ദേവഭൂമിയുടെ കവാട'മെന്നു വിളിക്കുന്നു. ഇവിടെ ഹരി(വിഷ്ണു) യുടേയും ഹര(ശിവൻ)ന്റേയും സാന്നിദ്ധ്യമുണ്ടെന്നു വിശ്വാസം. ഭീമനാൽ നിർമ്മിക്കപ്പെട്ടതെന്നുപറയുന്ന 'ഭീംഗോഡ കുണ്ഡും', സപ്തഋഷി പ്രീതിക്കായി ഗംഗ ഏഴുകൈവഴികളായി പിരിഞ്ഞ സപ്തസരോവറും മറ്റു ഐതിഹ്യങ്ങളും, മിത്തുകളും നാടോടിക്കഥകളുമായി, ഹരിദ്വാറിന് വിവരണാതീതമായൊരു ആത്മീയ ദീപ്തിയുണ്ട്.

മറ്റുള്ളവരിൽനിന്ന് അല്പം വേറിട്ടൊരുപ്രകൃതക്കാരനായതിനാൽ എവിടെച്ചെന്നാലും ആ പ്രദേശത്തിന്റേയും അവിടത്തുകാരുടേയും കൗതുകകരവും പ്രത്യേകതകളുമുള്ള വിവരങ്ങൾ ശേഖരിക്കാൻ, ഞാൻ ചില ശ്രമങ്ങൾ നടത്തിവരാറുണ്ട്. അതിവിടെയും ആവർത്തിച്ചെങ്കിലും, സമയക്കുറവ് അതിനെ അത്ര പൂർണ്ണമാക്കിയെന്നുപറയാൻ കഴിയില്ല. പുണ്യഗംഗയുടെ ആത്മീയ പരിസരം മാത്രമല്ല, തീരത്തെ മനുഷ്യരുടെ ദൈനംദിനമായ പങ്കപ്പാടുകളും, ഞങ്ങളിൽ പലരേയും സ്പർശിച്ചെന്നു തോന്നി. പന്ത്രണ്ടു വർഷത്തിൽ നടത്തിവരാറുള്ള ഇവിടത്തെ കുംഭമേള പ്രസിദ്ധമാണ്. മഹാരാജ ഹർഷവർധനൻ, ഖജനാവിൽ നിന്നു വമ്പിച്ച തുക ചെലവഴിച്ച്, അഞ്ചുവർഷത്തിലൊരിക്കൽ ഈ ഉത്സവം നടത്തിയിരുന്നതായി, ചൈനീസ് സഞ്ചാരി ഹുയാങ്സാങ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഹർ-കി.പൗരി എന്ന സ്നാനഘട്ടമാണ് ഇവിടത്തെ ഏറ്റവും പാവനമായി കരുതുന്ന സ്നാനഘട്ടം. ഇതിനെ ബ്രഹ്മകുണ്ട് എന്നും വിളിച്ചുവരുന്നു. ജയ്പൂരിലെ രാജാമാൻ സിങ് നിർമ്മിച്ച, 'മാൻസിങ്കിഛത്രി' എന്ന അഷ്ടമുഖത്തോടുകൂടിയ ക്ഷേത്രമാണ്, ഇവിടുത്തെ ഇപ്പോഴത്തെ ഒരു പ്രമുഖ ആരാധനാലയം. സമീപത്തുതന്നെ പഴക്കം ചെന്ന ലക്ഷ്മീനാരായൺ ക്ഷേത്രവും, ഗംഗാധർ മഹാദേവക്ഷേത്രവുമുണ്ട്. ഇവിടത്തെ അസ്ഥിപ്രാവാഹ്ഘട്ടിൽ ജനങ്ങൾ മരിച്ചുപോയ തങ്ങളുടെ ബന്ധുജനങ്ങളുടെ ചിതാഭസ്മം നിമജ്ജനം ചെയ്യുന്നു.

കൂടെ കരുതിയിരുന്ന, എന്റെ അമ്മയുടെ ചിതാഭസ്മം, ഞാനും ഇവിടെയൊഴുക്കി ! പാണ്ഡകൾ സ്വാധീനിക്കാൻ ശ്രമിച്ചെങ്കിലും, അമ്മയും ഞാനുമായുള്ള ആത്മബന്ധത്തിന് ഒരു ഇടനിലക്കാരന്റെ ആവശ്യമില്ലെന്ന ഉറച്ചവിശ്വാസം, അവരിൽനിന്നെന്നെ മാറ്റിനിർത്തി. പൊക്കിൾക്കൊടിയിലൂടെ, അമ്മിഞ്ഞപ്പാലിലൂടെ എന്നെ നട്ടു വളർത്തിവലുതാക്കിയ, ആ ചേതനയുടെ തിരുശേഷിപ്പുകൾ, ഒരുവട്ടഇലക്കുമ്പിളിൽ, തിരിദീപത്തിനും പുഷ്പദളങ്ങൾക്കുമിടയിലിരുന്ന്, ദൂരേയ്ക്ക് ദൂരേയ്ക്ക് ഒഴുകിമറയുന്നത്, നിറമിഴികളോടെ ഞാൻ നോക്കിനിന്നു. വംശപരമ്പരകൾ അപ്പോൾ എന്റെ മുന്നിൽ പുനർജ്ജനിച്ചിരിക്കാം ! എന്റെ എല്ലാ സുഹൃത്തുക്കളും അതിന് സാക്ഷ്യം വഹിച്ചു.

ഈ വിശുദ്ധ സ്നാനഘട്ടവുമായി, ഉജ്ജയിനിലെ രാജാവും മഹാപണ്ഡിതനുമായിരുന്ന ഭർതൃഹരിയും അനുജൻ വരരുചിയും, അദ്ദേഹത്തിന്റെ താഴ്ന്നകുലത്തിൽ ജനിച്ച ഭാര്യപഞ്ചമിയും, അവരുടെ മക്കളായ 'പറയിപെറ്റ പന്തിരുകുല'വും, അതുവഴി നമ്മുടെ ഭാരതപ്പുഴയും മേഴത്തൂരും തൃത്താലയുമൊക്കെ ബന്ധപ്പെട്ടിരിക്കുന്നു ! ഭാരതീയ സംസ്ക്കാരത്തിന്റെ ഗോത്ര-വർണ്ണ-വർഗ്ഗ-ജാതി-ഭാഷ-സംസ്കൃതികളെ ഒരുമാല പോലെ കൂട്ടിയിണക്കുന്ന അവാച്യമായ അർത്ഥതലങ്ങൾ, ഇതലന്തർലീനം തന്നെ!

ബ്രഹ്മകുണ്ഡത്തിൽ ദിവസേന സന്ധ്യയ്ക്ക് 'മഹാആരതി' നടക്കും. ഇലക്കുമ്പിളുകളിൽ പൂക്കൾനിറച്ച്, കർപ്പൂരം തെളിയിച്ച്, പതിനായിരങ്ങളുടെ സാന്നിദ്ധ്യത്തിൽ ഗംഗയിലൊഴുക്കുന്ന ഭക്തിനിർഭരമായ ഒരുചടങ്ങാണത് - ദീപാരാധന സൃഷ്ടിക്കുന്ന മന്ത്രധ്വനികളും, മുഴങ്ങുന്ന പെരുമ്പറ നാദങ്ങളും ശംഖനാദങ്ങളും, ഗംഗയിലൊഴുകുന്ന ലക്ഷദീപങ്ങളും, ജലപ്പരപ്പിൽ അവയുണ്ടാക്കുന്ന പ്രതിഫലനങ്ങളും, അറിയാതെ ആത്മാവിൽ അനുഭൂതിയായി പടരും!

സ്വയം ക്ഷീണിച്ച് അവശരായിരിക്കുമ്പോഴും, എന്റെ ശാരീരികപരിമിതികളറിഞ്ഞ്, അതുകാണാൻ എന്നെ സഹായിച്ച, ലത്തീഫിക്കയേയും ബാബുവിനേയും ഇവിടെ

നന്ദിപൂർവ്വം സ്മരിയ്ക്കട്ടെ! ഇവിടെനിന്ന് സുമാർ ഒരു കി.മീ. അകലെ ശൈവാലി കുന്നുകളുടെ നിറുകയിൽ, പ്രസിദ്ധമായ മാൻസാ ദേവിക്ഷേത്രം - ഈ ക്ഷേത്രനഗരത്തിന്റെ മഹാഗോപുരംപോലെ, അത് ആകാശത്തേക്ക് ഉയർന്നുനിൽക്കുന്നു. ഇപ്പോൾ, ഹരിദ്വാറിന്റെ മുഴുവൻ സൗന്ദര്യവും ആസ്വദിച്ച്, റോപ്പ്വേ വഴി ക്ഷേത്രത്തിലെത്താം.

വിശുദ്ധഗംഗയിൽ പ്രിയപ്പെട്ട എന്തെങ്കിലുമൊന്ന് ഉപേക്ഷിക്കണമെന്ന് ചൊല്ല്! സ്നേഹത്തെ വിട്ടുകളയാനുള്ള വിമുഖത കൊണ്ടാകാം, ഞങ്ങളിലാരും അതിനു മുതിർന്നു കണ്ടില്ല. ഇവിടുത്തെ പൗരാണിക ഭൂമിയായ 'കൻഖലി'ൽ ശിവസങ്കൽപ്പത്തിലെ സ്ഥായിയായ ഭാവങ്ങളിലൊന്നായ, രൗദ്രം തളം കെട്ടിനിൽക്കുന്നു. ശക്തവും തീവ്രവുമായ ചലനങ്ങളോടെ ശിവൻ, സംഹാരതാണ്ഡവമാടിയത് ഇവിടെയാണത്രെ! ഇവിടെയുണ്ടായിരുന്ന വളരെ പൊക്കമുള്ള ശിവന്റെ പ്രതിമ, 2013-ലെ വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയതായി അറിയാൻ കഴിഞ്ഞു. 'കൻഖലി'ലെ സതീകുണ്ഡിൽ വെച്ചാണ്, സതി, യാഗാഗ്നിയിൽ ജീവനൊടുക്കിയതെന്നും വിശ്വസിച്ചു വരുന്നു.

ഉപമകളില്ലാത്ത മഹാസങ്കല്പങ്ങളെ മനസ്സിലാവാഹിച്ചുകൊണ്ട്, ഞങ്ങൾ അടുത്ത ലക്ഷ്യമായ ഋഷികേശിലേക്ക് തിരിച്ചു. തിരുമേനിയും കൂട്ടരും ഞങ്ങൾക്ക് ഹൃദ്യമായ യാത്രാമംഗളങ്ങൾ നേർന്നു.

***ശൈവാലിക്കുന്നുകൾക്കരികെ***

ഇവിടെ നിന്ന് ഇനി ചതുർധാം യാത്ര കഴിഞ്ഞുവരുന്നതുവരെ പുതിയ വാഹനവും പുതിയ ഡ്രൈവറുമാണ്. ആ ദുർഘടറോഡുകളിൽ പ്രത്യേക പരിശീലനം ഉള്ളവരെയാണ് ഉപയോഗപ്പെടുത്തുന്നത്. ഉത്തരാഞ്ചൽ സ്വദേശി രാംദേവ് എന്ന ചെറുപ്പക്കാരൻ. തൊഴിലിലും സ്വഭാവത്തിലും മിടുക്കൻ.

ഹരിദ്വാറിൽ നിന്ന് മുപ്പതു കി.മീ. അകലെ, ഗംഗയുടെ തീരത്താണ് ഋഷികേശ് - ഒരുവശത്ത് ഗംഗാനദിയും മറ്റുമൂന്നുവശങ്ങളിൽ ശൈവാലി മലനിരകളുമുള്ള ഈ പ്രദേശം, പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമാണ്. ഉൾഭാഗങ്ങളിലെ ഗുഹകളിലും മറ്റുമായി, ഇന്നും സന്യാസിമാർ തപസ്സുചെയ്തു വരുന്നുണ്ടത്രെ. പ്രകൃതിയുമായി അഭിരമിയ്ക്കുന്ന രീതിയിലാണ് ഇവിടത്തെ മിക്ക ക്ഷേത്രങ്ങളും നിർമ്മിക്കപ്പെട്ടിരിക്കുന്നത്. രാമ-ലക്ഷ്മണ- ഭരത-ശത്രുഘ്നൻമാരുമായി ബന്ധപ്പെടുത്തുന്നുണ്ടെങ്കിലും, ഭരതക്ഷേത്രത്തിനാണിവിടെ പ്രാധാന്യം. ഗംഗയും യമുനയും സരസ്വതിയും സംഗമിക്കുന്ന 'ത്രിവേണി ഘട്ട്' ഇവിടെയാണ്. ഏറെ വീതിയില്ലാതെ ശാന്തമായൊഴുകുന്ന ഗംഗയുടെ തീരത്ത്, നിരവധി മഠങ്ങളും ആശ്രമങ്ങളുമുണ്ട്.

പ്രശസ്തമായ, 'ഡിവൈൻ ലൈഫ് സൊസൈറ്റി'യുടെ ആസ്ഥാനമായ ശിവാനന്ദാശ്രമത്തിൽ ഞങ്ങൾപോയി. പൂർവ്വാശ്രമത്തിൽ ഡോക്ടർ കുപ്പുസ്വാമിയായിരുന്ന സ്വാമി ശിവാനന്ദ, 1936ലാണ് ഈ ആശ്രമം സ്ഥാപിച്ചത്. യോഗവിദ്യയുടെ പ്രചാരണത്തിനും വികസനത്തിനും മുൻഗണന നൽകുന്ന ഈ പ്രസ്ഥാനം, ശാരീരിക-മാനസിക-ആത്മീയ വിശുദ്ധി തേടിയെത്തുന്നവർക്ക്, ആശ്വാസമേകുന്നു.

ഇവിടെവെച്ച്, ഗോപിജി എന്ന ബ്രഹ്മചാരിയെ പരിചയപ്പെട്ടു. കണ്ണൂർ ജില്ലക്കാരനായ അദ്ദേഹത്തിന്, ഈ ആശ്രമജീവിതം നൽകിയ പക്വതയും അറിവുകളും ശ്രദ്ധേയമായി തോന്നി. ഇവിടെനിന്ന് ഒരു കി.മീ. ദൂരെയുള്ള 'മുനി-കി-രേതി, സന്യാസിമാരുടെ ആവാസകേന്ദ്രമാണെന്നും, ഭൗതീകകാര്യങ്ങൾ പാടെ വിസ്മരിച്ച്, ആത്മീയതയിൽ മുഴുകി, അവർ ഈ പ്രശാന്തഭൂവിൽ കഴിയുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഗംഗയ്ക്ക് കുറുകെയുള്ള തൂക്കുപാലത്തിന് ലക്ഷ്മൺ ഝൂല എന്നുപറയുന്നു. കുറച്ചുകാലംമുമ്പുവരെ, ഇതുചണകൊണ്ടുള്ളതായിരുന്നുവെത്രെ! ലക്ഷ്മണൻ ഇവിടെ തപസ്സുചെയ്തതുകൊണ്ടാണ്, ഈ പേരുവന്നത്; പാലത്തിനുതാഴെ, പാറക്കെട്ടുകൾക്കിടയിലൂടെ ഗംഗയൊഴുകുന്നു. ഇതിന്റെ മറുകരയിൽ രഘുനാഥ് ക്ഷേത്രം. രാമൻ സ്നാനം ചെയ്തെന്നു കരുതുന്ന ഇവിടം, രാമകുണ്ഡം എന്നും അറിയപ്പെടുന്നു. കുറച്ചു വർഷങ്ങൾക്കുമുമ്പ്, ആധുനികരീതിയിൽ ഇവിടെ ഒരുതൂക്കുപാലം കൂടി നിർമ്മിച്ച് അതിനെ 'രാം ഝൂല' എന്നും വിളിച്ചുവരുന്നുണ്ട്.

ശൈവാലി വനത്തിന്റെ പശ്ചാത്തലത്തിൽ, സന്ധ്യക്ക് നാമജപങ്ങൾ സൃഷ്ടിക്കുന്ന ആത്മീയതരംഗങ്ങളും, ആശ്രമങ്ങളിൽ തെളിയുന്ന ദീപപ്രഭാപൂരങ്ങളും, പരന്നൊഴുകുന്ന ഗംഗയുടെ ആരവവും, താഴ്‌വരകളിൽനിന്നൂർന്നിറങ്ങുന്ന കുളിർകാറ്റും മാനസങ്ങളിൽ വിശുദ്ധിയുടെ വിത്തുകൾ നിറക്കുന്നു!

ഇരുൾമൂടിയ കുന്നുകളെ നോക്കി, വെറുതെ നിന്നപ്പോൾ അതിനപ്പുറമുള്ള കേദാരവും, ബദരിയും, ഗംഗോത്രിയും, യമുനോത്രിയും, കൈയകലത്തിലെന്നു തോന്നി. പക്ഷേ കണ്ണെത്താദൂരത്തെ കൈലാസവും മാനസസരസും അപ്പോഴും കാണാമറയത്തുതന്നെ. നിശ്ശബ്ദത



*ഹർ-കി.പൗരിയിലെ സ്നാൻഘട്ടിൽ*

യുടെ താഴ്‌വരയിൽ നിലാവ് പൊങ്ങിത്തുടങ്ങിയപ്പോൾ ഉറങ്ങാൻ മുറിയിലേക്ക് കയറി.

* * * * *

ഉച്ചവരെ ഞങ്ങൾ ഋഷികേശിലെ പരിസരപ്രദേശങ്ങളിലും ആശ്രമങ്ങളിലുമായി കഴിച്ചുകൂട്ടി. വൈകുന്നേരം കാപ്പി കുടി കഴിഞ്ഞ് ഞങ്ങൾ യാത്ര തുടർന്നു. ജീവവായു കുത്തിനിറച്ച ഹിമാലയൻ താഴ്‌വാരങ്ങളെ അപ്പോഴേക്കും ഇരുട്ട് പതുക്കെ പതുക്കെ വിഴുങ്ങാൻ തുടങ്ങിയിരുന്നു. സുഖവാസകേന്ദ്രത്തിന്റെ പ്രൗഢി ചേർത്തുപിടിക്കുന്ന ഡെഹ്‌റാഡൂണാണ് ഞങ്ങളുടെ അടുത്ത ലക്ഷ്യം. കേട്ടറിവുള്ള വശ്യത പോലെ തന്നെ ബൃഹത്തായ ഒരു പിന്നാമ്പുറവും ഈ നഗരത്തിനുണ്ട്.

ഭരണം കൈയ്യാളിയിരുന്ന നസീബ്ദൗളയുടെ കാലശേഷം ഗൂർഖകളും, പിന്നീട് മുഗളരും ഈ താഴ്‌വര കൈയ്യടക്കി. പ്ലാസിയുദ്ധത്തിൽ മുഗൾരാജാവ് സിറാജ് ദൗള പരാജയപ്പെട്ടതോടെ, ബ്രിട്ടീഷ്ഭരണത്തിൻ കീഴിലുമായി. ഗഢ്‌വാൾ, നൈനിറ്റാൾ, ക്യൂമായൂൺ, ഡെഹ്‌റാഡൂൺ എന്നീ നാലു ജില്ലകൾ ഉൾപ്പെട്ട ഈ പ്രദേശം പിന്നീട് 'നോർത്ത് വെസ്റ്റ് ഫ്രോണ്ടിയൽ പ്രോവിൻസ്' എന്നറിയപ്പെട്ടു. ഇപ്പോൾ ഉത്തരാഞ്ചൽ സംസ്ഥാനത്തിന്റെ തലസ്ഥാനമാണ് ഈ കൊച്ചുനഗരം.

പല പ്രശസ്തരും പഠനം പൂർത്തിയാക്കിയ ഗുരുനാനാക്ക് അക്കാഡമി, റിവർ ഡെയ്ൽ സ്കൂൾ, ബാൽഹിസ്സാർ അക്കാഡമി, കോൺവെന്റ് ഓഫ് ജീസസ് & മേരി, രാജാറാം മോഹൻ റായ് അക്കാഡമി, എ. പി. മിഷൻ കോളേജ് തുടങ്ങി നിരവധി പ്രശസ്ത വിദ്യാലയങ്ങൾ ഇവിടെയുണ്ട്. ലോക പ്രശസ്ത സൈനീക പരിശീലന കേന്ദ്രമായ 'ഇന്ത്യൻ മിലിറ്ററി അക്കാഡമി'യും ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഇതിന്റെ സമീപ പ്രദേശങ്ങളിലാണ്.

ഉയരം കുറഞ്ഞ കെട്ടിടനിരകളും വൃത്തിയും വെടിപ്പുമുള്ള ഈ പട്ടണത്തിൽ നിരവധി ഹോട്ടലുകളും റിസോർട്ടുകളും വിനോദ സഞ്ചാരികളെ കാത്ത് അണിഞ്ഞൊരുങ്ങി നിൽക്കുന്നു. രാവിലെയും വൈകുന്നേരവും ഇവിടത്തെ തെരുവീഥികൾ പഴങ്ങളുടേയും പച്ചക്കറികളുടേയും പലനിറക്കൂട്ടുകൾകൊണ്ട് പ്രകൃതിയുടെ പരിച്ഛേദങ്ങളായി മാറും. തിബത്തൻ തലമുറകളും ബുദ്ധമതക്കാരും ഇവിടത്തെ ജനസാന്ദ്രതയിൽ വലിയ പങ്കുവഹിക്കുന്നുണ്ട്.

ഗൂർഖകളും ഇംഗ്ലീഷുകാരുമായി ദീർഘകാലം നിലനിന്ന യുദ്ധത്തിന്റെ നേരോർമ്മയായി 'കലംഗ സ്മാരകവും' കുറച്ചകലെയായി താപകേശ്വർ മഹാദേവ് ക്ഷേത്രം, ചന്ദ്രികാദേവിക്ഷേത്രം എന്നിവയും സന്ദർശകരെ ആകർഷിക്കുന്നു. ചുറ്റുപാടും കണ്ണോടിക്കുമ്പോൾ, കാലപ്രവാഹങ്ങളുടെ താരാട്ടിൽ മയങ്ങുന്ന ഈ മനോഹര താഴ്‌വര, കാൽപനിക സ്വപ്നങ്ങളുതിർക്കുന്ന മലനിരകളെക്കൊണ്ട് നമ്മെ വന്നുപൊതിയുന്നതായി തോന്നിപ്പിക്കും. ഗംഗോത്രിയുടേയും, യമുനോത്രിയുടേയും 'പടിപ്പുര'യായി അറിയപ്പെടുന്ന മുസ്സോറിയാണ് അടുത്ത ലക്ഷ്യം.

(തുടരും)

# മിനിക്കഥകൾ

**ഉണ്ണി വാരിയത്ത്**
09867179480

## ഏകപക്ഷീയം

**പാ**ഠശാലയിൽ, കലാശാലയിൽ, വായനശാലയിൽ, കളിയരങ്ങിൽ, കാര്യാലയത്തിൽ, ഇടവഴിയിൽ, പൊതുസ്ഥലത്തിൽ എന്നുവേണ്ട എവിടേയും എപ്പോഴും പ്രണയം പൂത്തുവിടരാം.

അവന്റേത് ഏകപക്ഷീയ പ്രണയമായിരുന്നു. അതുകൊണ്ടുതന്നെ നിഷ്ഫലവും. പ്രണയം ഭീരുക്കൾക്ക് പറഞ്ഞിട്ടുള്ളതല്ലല്ലോ. ഓർക്കുക വല്ലപ്പോഴും എന്നുപോലും പറയാൻ കഴിയാത്തവനെയുണ്ടോ ആരെങ്കിലും എപ്പോഴും ഓർക്കുന്നു !

## ജോലികൾ

മറുനാട്ടിൽ നിന്നും അയാൾ അവധിയിൽ നാട്ടിലെത്തി. അയാൾ അത്ഭുതപ്പെട്ടു. ജോലിയില്ലാത്ത എത്ര ചെറുപ്പക്കാരാണ് ഇവിടെ ! ചോദിച്ചപ്പോൾ, ജോലി അന്വേഷിക്കലല്ല തങ്ങളുടെ ജോലിയെന്ന് അവർ പറയുന്നു.

പിന്നീട് ജോലിയുള്ള ചിലരെ ചില കാര്യങ്ങൾക്കായി അയാൾക്ക് കാണേണ്ടി വന്നപ്പോൾ ജോലി ചെയ്യലല്ല തങ്ങളുടെ ജോലിയെന്ന് അവർ ഭാവിക്കുന്നു.

നാടുവിട്ടത് നന്നായി എന്ന് ഇപ്പോൾ അയാൾക്ക് തോന്നിത്തുടങ്ങിയിരിക്കുന്നു.

## ഇടുക്കുതൊഴുത്ത്

അവൻ പറയുന്നു : "പാർക്കുകൾ പലതും നിങ്ങൾ കണ്ടിരിക്കും. കുറച്ചുസമയം വിനോദവും വിശ്രമവുമായി അവിടെ തങ്ങിയിട്ടുമുണ്ടാവും. അത് സാമൂഹിക പ്രശ്നങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാനോ ഒളിച്ചു പോവാനോ അല്ലല്ലോ. എന്നാൽ വ്യത്യസ്തമായ ഒരു പാർക്കുണ്ട്. വിനോദവും വിശ്രമവും ലഭിക്കാത്ത പാർക്ക്. സാമൂഹിക പ്രശ്നങ്ങൾ കാണാനും കേൾക്കാനും പ്രതികരിക്കാനും സമയവും സൗകര്യവുമില്ലാത്തവരുടെ പാർക്ക്. പേര് ടെക്നോ പാർക്ക്. ഇരുകാലികളുടെ ഇടുക്കുതൊഴുത്തെന്നും പറയാം."

അതുകേട്ട് ചിലർക്കെങ്കിലും ഹാലിളകാൻ സാധ്യതയുണ്ട്. പക്ഷെ, അവൻ മാറ്റിപ്പറയില്ല. അവനെ എനിക്കറിയാം.

# ഇന്നത്തെ വിദ്യാഭ്യാസ സംവിധാനം ഉചിതമോ?



**ഡോ. സുനീത് മാത്യു**
**09486382600**

**മു**പ്പത്തഞ്ചു ശതമാനം നിരക്ഷരരുള്ള ഇന്ത്യയിൽ ആണ് നാം ജീവിക്കുന്നത്. ഇന്ത്യയിൽ ആറു വയസ്സ് മുതൽ പതിനാലു വയസ്സുവരെ നിർബന്ധിത വിദ്യാഭ്യാസമാണ് എന്നാണ് പറയുന്നത്. വിദ്യാഭ്യാസം നൽകുക എന്നത് സർക്കാർ ഉത്തരവാദിത്വമാണ്. അതിനായി ധാരാളം സ്കൂളുകളുമുണ്ട്. എന്നിട്ടും നമ്മുടെ വിദ്യാഭ്യാസരംഗം ഉയരുന്നില്ല എന്നത് തികച്ചും നിരാശാജനകമാണ്. വിദ്യാഭ്യാസമാണ് രാജ്യത്തെ ഉന്നതിയിലേക്ക് നയിക്കുന്നത്. ഒരു പക്ഷെ മറ്റേതൊരു രാജ്യത്തെക്കാളും കൂടുതൽ വിദ്യാലയങ്ങൾ ഇന്ത്യയിലായിരിക്കും. ഇത്രയധികം വിദ്യാലയങ്ങളുണ്ടായിട്ടും ഇത്രയേറെ കുട്ടികൾ ഇവിടെയെല്ലാം വിദ്യയഭ്യസിച്ചിട്ടും അതിന്റെ മെച്ചം ഈ മേഖലയിൽ പ്രകടമാകാത്തതെന്ത്?

എന്താണ് വിദ്യാഭ്യാസം എന്ന് വ്യക്തമല്ലാത്ത ചില അഭ്യാസങ്ങളാണ് ഇന്ന് നടപ്പിലാക്കുന്നത് എന്ന് പറയേണ്ടിവരും. വിദ്യാഭ്യാസം നല്കുന്നതിലേറെ വിദ്യാഭ്യാസ കച്ചവടങ്ങൾ നടക്കുന്നു എന്നതാണ് യാഥാർഥ്യം. കുമിളുകൾ പോലെ മുളച്ചു പൊന്തുന്ന വിദ്യാലയങ്ങൾ ഇത് സാക്ഷ്യപ്പെടുത്തുന്നു. പല പേരുകളിൽ വ്യത്യസ്ത പാഠപദ്ധതികളുമായി പലതരം ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഇവിടെ ധാരാളമുണ്ട്. കുട്ടികൾ ഇംഗ്ലീഷ് മീഡിയത്തിലാണ് പഠിക്കുന്നത് എന്ന് അഭിമാനമായി കരുതുന്ന മാതാപിതാക്കളെ ഇരകളായി കാണുന്ന വിദ്യാലയങ്ങൾ.

**എന്താണ് വിദ്യാഭ്യാസം?**

വിദ്യാഭ്യാസം ഒരു പ്രക്രിയയാണ്. അറിവ്, പ്രാഗൽഭ്യം, യോഗ്യത, പക്വത, വിശ്വാസം, സ്വഭാവം എന്നിവ രൂപപ്പെടുത്തുന്ന ഒരു പ്രക്രിയ. യുനെസ്കോയുടെ ഒരു നിർവചനമുണ്ട് വിദ്യാഭ്യാസത്തെക്കുറിച്ച്. 'വിദ്യാഭ്യാസം എന്നത് ഒരാളുടെ അഭിരുചിക്കനുസരിച്ചുള്ള ജോലി ചെയ്യുവാനുള്ള അറിവും പ്രാപ്തിയും നൽകുന്നതോടൊപ്പം ഒരു നല്ല മനുഷ്യനെ വാർത്തെടുക്കാനുതകുന്നതുമായിരിക്കണം.'

ഇത്തരത്തിലുള്ള ഒരു വിദ്യാഭ്യാസം ഇന്ന് ലഭിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എഞ്ചിനീയറിംഗ് അല്ലെങ്കിൽ ജീവതന്ത്രമോ രസതന്ത്രമോ പഠിച്ച ഒരാൾ ഒരു ബാങ്ക് കാഷിയെർ ആയാൽ അത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമല്ല എന്നർത്ഥം. ഒരാൾ അയാളുടെ അഭിരുചിക്കനുസരിച്ചു പഠിക്കുകയും അതിനിണങ്ങുന്ന ജോലിയിൽ പ്രവേശിക്കുകയും ചെയ്യുമ്പോൾ മാത്രമേ വിദ്യാഭ്യാസം അതിന്റെ ലക്ഷ്യത്തിലെത്തുകയുള്ളൂ എന്ന് സാരം. മുൻ പറഞ്ഞ പ്രകാരം ബാങ്കിൽ ജോലി ചെയ്യുമ്പോൾ അയാൾ അതുവരെ പഠിച്ചതുകൊണ്ട് അയാൾക്കോ മറ്റുള്ളവർക്കോ ഉപകാരമില്ലാതായി തീരുന്നു. ഒരുപക്ഷേ അയാൾ പഠിച്ച വിഷയത്തിൽ രാജ്യാഭിവൃത്തിക്കുതകുന്ന സംഭാവനകൾ നൽകാൻ സാധിക്കുമായിരുന്നിരിക്കാം.

കുട്ടികൾ നന്നേ ചെറുപ്പത്തിലേ എൽ. കെ. ജി. യിലും , പ്രീ സ്കൂളുകളിലും പോകുവാൻ ആരംഭിക്കുന്നു എന്നതും നല്ലൊരു ലക്ഷണമല്ല. ഇതിനു ചുരുങ്ങിയത് അഞ്ചു വയസ്സെങ്കിലും ആയിരിക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. എന്നാൽ ഇന്ന് മൂന്നു വയസ്സുമുതൽ കുട്ടികൾ അക്ഷരങ്ങളും വാക്കുകളും അഭ്യസിച്ചു തുടങ്ങുന്നു. അതിനു തയ്യാറാകാത്തവരെ പഠിക്കാത്തവർ എന്ന് മുദ്ര കുത്തുന്നു. ഇത് കുട്ടികളിൽ ഏൽപ്പിക്കുന്ന മാനസിക പീഡനം ചെറുതല്ല. ചിലരിലെങ്കിലും വിദ്യാഭ്യാസത്തോടു വെറുപ്പ് ഉളവാകുന്നതിനേ ഇത് സഹായിക്കുകയുള്ളൂ.

വിദ്യാഭ്യാസ മേഖലയിലെ മറ്റൊരു പ്രശ്നം അമിതമായ ഇംഗ്ലീഷ് പ്രേമമാണ്. കുട്ടികൾ ഇംഗ്ലീഷിൽ പഠിച്ചാൽ മാത്രമേ പഠനം നടക്കുകയുള്ളൂ എന്ന തെറ്റിദ്ധാരണ. വീടുകളിൽ ഉപയോഗിക്കുന്ന ഭാഷയിൽ നിന്നും വിഭിന്നമായ ഒരു ഭാഷയിൽ പഠിക്കുന്നത് കുട്ടികൾക്ക് അത്ര എളുപ്പമായിരിക്കുകയില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരുപക്ഷെ മാതൃഭാഷയിൽ നിലവാരമുള്ള പുസ്തകങ്ങൾ കുറവായിരിക്കും. അതിന്റെ ലഭ്യത കൂട്ടുക എന്നതും ഇംഗ്ലീഷ് ഒരു ഭാഷയായി ചെറിയ ക്ലാസ്സുകൾ മുതൽ പഠിക്കുകയും ചെയ്യുക എന്നതും ഇതിനും പരിഹാരമാണ്.

ഇപ്പോൾ വിദ്യാലയങ്ങളിൽ നടത്തുന്ന പാഠ്യപദ്ധതിപ്രകാരം നിരൂപണങ്ങളോ അപഗ്രഥനങ്ങളോ നടത്തുന്നതിന് കുട്ടികൾക്ക് കഴിയുന്നില്ല. കാര്യങ്ങളെ വിശകലനം ചെയ്യുന്നതിനോ കാര്യകാരണങ്ങളെ മനസ്സിലാക്കുന്നതിനോ ഉതകുന്നില്ല. പാഠഭാഗങ്ങൾ എങ്ങനെയൊക്കെയോ മനഃപാഠമാക്കി നല്ല മാർക്ക് വാങ്ങുക എന്ന ലക്ഷ്യം മാത്രമായി വിദ്യാഭ്യാസം അധഃപതിച്ചിരിക്കുന്നു. ഇന്ന് വിദ്യാഭ്യാസത്തിൽ ഏറ്റവും പ്രാധാന്യം കല്പിക്കുന്നത് പരീക്ഷകൾക്ക് മാത്രമാണെന്നത് തികച്ചും ഖേദകരമാണ്. കുട്ടികളുടെ ബുദ്ധി വികസനത്തിനുതകുന്ന ഒന്നും ഇന്നത്തെ വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്നില്ല എന്ന് പറയാതെ വയ്യ. പഠനം യഥാർത്ഥത്തിൽ ജീവിതത്തിനുപകരിക്കുന്നതിനുള്ളതാണ്. അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതിനുള്ളതാണ്. പ്രായോഗിക അറിവ് ലഭിക്കുന്നതിനുള്ളതാണ്.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പലതിലും വിദ്യാഭാസ രീതികളിൽ പരിശീലനം ലഭിച്ച അധ്യാപകരില്ല എന്നതും ഒരു പോരായ്മ

യാണ്. സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക പരിശീലനം (ടി. ടി. സി, ബി. എഡ് മുതലായവ) നേടിയവർ മാത്രം പഠിപ്പിക്കുമ്പോൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ബിരുദം മാത്രം ഉള്ളവർ ധാരാളം. അത് പോലുമില്ലാത്തവരും കണ്ടേക്കാം. ചെറിയ ക്ലാസ്സുകളിൽ തെറ്റായ കാര്യങ്ങൾ പഠിപ്പിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. പലപ്പോഴും ചെറിയ ക്ലാസ്സുകളിലെ അദ്ധ്യാപകർ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നേടിയവരാണെന്നത് ഇതിനെ ഗുരുതരമാക്കുന്നു. ചില പാഠപുസ്തകങ്ങളിൽ ഉണ്ടാകുന്ന തെറ്റുകൾ അതേപടി പഠിപ്പിക്കുന്ന അദ്ധ്യാപകർ എന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസം നൽകുക എന്നത് സർക്കാർ ഉത്തരവാദിത്വമാണ്. എങ്കിലും പല സർക്കാർ സ്കൂളുകളും ആ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ നിന്നും പിന്നോക്കം പോയിരിക്കുന്നു. ഇവിടെ അധ്യാപകരുടെ യോഗ്യത കൃത്യമായിരിക്കുമെങ്കിലും കാര്യക്ഷമമായ പ്രവൃത്തികൾ ഇവരിൽ നിന്നും ഉണ്ടാകുന്നില്ല എന്നതും മറ്റൊരു ന്യൂനതയാണ്. സർക്കാരിന്റെ ഫണ്ടുകൾ കുറയുന്നതോ സമയാസമയങ്ങളിൽ ലഭ്യമാകാത്തതോ പലപ്പോഴും ഇത്തരം സ്കൂളുകളെ പ്രശ്നത്തിലാക്കുന്നു. നല്ലൊരു മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത സ്കൂളുകൾ പോലുമുണ്ട്. ഉള്ളവ തന്നെ വൃത്തിഹീനവും. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും പലപ്പോഴും ഇത്തരം സ്കൂളുകൾക്ക് കഴിയാറില്ല. കുട്ടികൾക്കും അദ്ധ്യാപകർക്കും നല്ലൊരു പഠന സാഹചര്യമൊരുക്കുക എന്നത് ഏറ്റവും അത്യാവശ്യമായ ഒരു കാര്യമാണ്.

കുട്ടികളുടെ മാനസിക വികസനത്തിനുതകുന്ന പ്രവർത്തനങ്ങളോ പാഠഭാഗങ്ങളോ പല സ്കൂളുകളിലും നടത്താറില്ല. കായിക വ്യായാമത്തിനുള്ള സമയം പോലും ലൈബ്രറികളിൽ ചിലവഴിക്കുവാൻ ആവശ്യപ്പെടുന്ന സ്കൂളുകളും ഇവിടെയുണ്ട്. പല സ്കൂളുകളിൽ നിന്നും ഡ്രില്ലുകൾ പൂർണ്ണമായും ഒഴിവാക്കപ്പെട്ടുകഴിഞ്ഞു. കായികവിനോദങ്ങളിലേക്ക് തിരിയുന്ന കുട്ടികളുടെ എണ്ണവും അതിനു പ്രോത്സാഹിപ്പിക്കുന്ന അദ്ധ്യാപകരുടെയും മാതാപിതാക്കളുടെ എണ്ണവും ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

കുട്ടികളുടെ മാനസിക സമ്മർദ്ദം കൂടി വരുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് നില നിൽക്കുന്നത്. പഠനത്തോടൊപ്പമുള്ള അനാവശ്യ ട്യൂഷനുകൾ കുട്ടികളെ യഥാർത്ഥത്തിൽ പഠിക്കുവാൻ സഹായിക്കുകയല്ല മറിച്ച് ക്ലാസിലെ ശ്രദ്ധ കുറക്കുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. ഇത്തരം കാര്യങ്ങൾ കുട്ടികളുടെ വിശ്രമ സമയങ്ങളെ അപഹരിക്കുകയും ചെയ്യുന്നു. തലച്ചോറിന് ആവശ്യമായ വിശ്രമം അനിവാര്യമാണ്. അത് നൽകാതെ കുട്ടികളെ സമ്മർദ്ദത്തിലാക്കുന്ന നടപടികളാണ് മാതാപിതാക്കളും അവലംബിക്കുന്നത്. പരീക്ഷകളെ പേടിക്കുന്ന കുട്ടികളുടെ എണ്ണവും പരാജയ ഭീതിയിൽ ജീവനൊടുക്കുന്നവരുടെ എണ്ണവും കൂടി വരികയാണെന്നുകൂടി കൂട്ടി വായിക്കേണ്ടതുണ്ട്. കുട്ടികളുടെ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പരിശീലനം ലഭിച്ച സ്കൂൾ സൈക്കോളജിസ്റ്റുകളുടെ സേവനം ഭൂരിപക്ഷം സ്കൂളുകളിലുമില്ല.


ഇന്ന് പഠിക്കുന്ന പാഠഭാഗങ്ങൾ കാലഹരണപ്പെട്ടിരിക്കുന്നു എന്ന് പറയേണ്ടി വരുന്നു. പല പാഠഭാഗങ്ങളും എന്തിനായി പഠിക്കുന്നു എന്ന തോന്നലുളവാക്കുന്നവയാണ്. അത്തരം പഠനങ്ങൾ കൊണ്ട് ഒരു വിദ്യാർത്ഥിക്ക് എന്ത് പ്രയോജനം ലഭിക്കുന്നു എന്നത് ശ്രദ്ധേയമാണ്. കുട്ടികൾക്ക് പ്രായോഗിക പരിശീലനം ലഭ്യമാക്കുന്ന വിദ്യാഭ്യാസത്തിനായിരിക്കണം കൂടുതൽ പ്രാധാന്യം നൽകേണ്ടത്. കുട്ടികളെ അവരവരുടെ കഴിവുകൾക്കനുസരിച്ച് പ്രചോദിപ്പിക്കേണ്ട തരത്തിലുള്ളതായിരിക്കണം വിദ്യാഭ്യാസം. അവരുടെ കഴിവുകൾ കണ്ടറിഞ്ഞു പ്രോത്സാഹിപ്പിക്കേണ്ടവരാകണം അദ്ധ്യാപകർ.

ഉന്നത വിദ്യാഭ്യാസ മേഖലയും വിഭിന്നമല്ല. വിദ്യാർത്ഥിയുടെ അഭിരുചിക്കനുസരിച്ച് ധാരാളം പഠനവിഷയങ്ങൾ ഉണ്ടെങ്കിലും അത് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്കു ലഭിക്കുന്നില്ല. മിക്കവാറും കുട്ടികളും മാതാപിതാക്കളുടെയോ അവരുടെ അഭ്യുദയകാംഷികളുടെയോ ഇഷ്ടാനുസരണം പഠിക്കുന്നവരും സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ ഹനിക്കുന്നവരുമാണ്. ഇത് ഉന്നത വിദ്യാഭ്യാസത്തിന്റെ വലിയൊരു പോരായ്മയാണ്. അവരവരുടെ അഭിരുചി ക്കനുസരിച്ചു പഠിക്കുവാൻ കഴിയുന്ന ഒരു വ്യവസ്ഥ നിലവിൽ വരേണ്ടത് അത്യാവശ്യമാണ്. എല്ലാ വിദ്യാഭ്യാസ ശാഖകൾക്കും ഒരേപോലെ പ്രാധാന്യമുണ്ടായാൽ മാത്രമേ അത് സാധ്യമാകൂ. ഡോക്ടർമാരും എൻജിനീയർമാരും മാത്രമല്ല സമൂഹത്തിൽ സ്ഥാനമാനങ്ങൾക്കർഹരെന്നും, കൂടുതൽ വരുമാനമുണ്ടാക്കുന്നവരെന്നുമുള്ള തെറ്റിദ്ധാരണ മാറേണ്ടിയിരിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാനപ്രശ്നം ശമ്പളം പറ്റുന്ന തൊഴിലാളികളെ സൃഷ്ടിക്കുവാൻ മാത്രമുതകുന്ന തരത്തിലാണെന്നതാണ്. ഒരു വ്യവസായ സംരംഭം ഉണ്ടാക്കുന്നതിനുള്ള പാഠങ്ങളോ പരിശീലനങ്ങളോ നമ്മുടെ അടിസ്ഥാന വിദ്യാഭാസ മേഖലയിൽ ഇല്ല എന്നതും നമ്മുടെ വിദ്യാഭ്യാസ രീതികളുടെ പോരായ്മ തന്നെ. പഠനാന്തരം തൊഴിൽ സാധ്യതകളും ഇന്ത്യയിൽ കുറയുന്നു എന്നത് പല വിദ്യാഭ്യാസ മേഖലകളിലേക്കും തിരിയുന്നതിൽ നിന്നും വിദ്യാർത്ഥികളെ പിൻവലിപ്പിക്കുകയും ചെയ്യുന്നു.

കൂടുതൽ പഠനശാഖകളുണ്ടാക്കുക, അതിൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുക എന്നതും വിദ്യാഭ്യാസത്തെ കൂടുതൽ അർത്ഥവത്താക്കും. സംവരണാടിസ്ഥാനത്തിലല്ലാതെ കഴിവിന്റെ അടിസ്ഥാനത്തിലാകട്ടെ വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം. അതുപോലെ വിദ്യാഭ്യാസം കൂടുതൽ ഗുണപ്രദവും, വ്യക്തിയുടെയും കുടുംബത്തിന്റെയും, സമൂഹത്തിന്റെയും, രാഷ്ട്രത്തിന്റെയും അഭിവൃദ്ധി ലക്ഷ്യമാക്കിയുമാകട്ടെ.

# കഞ്ചാവ്



ഡോ. സി. രാമകൃഷ്ണൻ
9447358663

എളുപ്പത്തിൽ ധനസമ്പാദന മാർഗ്ഗത്തിന്നായി പല അധമ മാർഗ്ഗങ്ങളും പ്രയോഗിക്കുന്ന പ്രവണത നിലനിൽക്കുന്നു നമ്മുടെ രാജ്യത്ത്. അതിൽ ഒന്നാണ് കഞ്ചാവ് വിൽപ്പന. പരോക്ഷമായിട്ടുള്ള വിൽപ്പന പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിന്നെതിരായിട്ടുള്ള നടപടികൾ എടുക്കുന്നുണ്ടെങ്കിലും നിയന്ത്രിക്കുവാൻ ഭാഗികമായെ സാധിക്കുന്നുള്ളു. കഞ്ചാവുവേട്ട തുടങ്ങീട്ട് വർഷങ്ങളായെങ്കിലും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. എന്നാൽ ഇതിന്നടിമയായിത്തീരുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ആബാലവൃന്ദം കഞ്ചാവിന് അടിമയായിക്കഴിഞ്ഞു. വിദ്യാഭ്യാസ മേഖലകളിലാണ് ഇതിന്റെ കടന്നുകയറ്റം. ഒരിക്കൽ ഇതിന്റെ രുചി അറിഞ്ഞാൽ പിന്നെ ഇതിനോടുള്ള ആസക്തി വർദ്ധിച്ചുകൊണ്ടേയിരിക്കും. ഇങ്ങിനെയാണ് ഇതിന്നടിമയായിത്തീരേണ്ടിവരുന്നത്. സമയാസമയത്ത് ഇത് കിട്ടിയില്ലെങ്കിൽ ഇതിന്നുള്ള വെപ്രാളം ഉണ്ടാവുന്ന അവസ്ഥയിലേക്ക് പ്രവേശിക്കുകയും ഇതിന്നായി പരിസരബോധം മറന്നുള്ള പ്രവർത്തികളിലേർപ്പെടുകയും ചെയ്യുന്നു.

പീഡനങ്ങൾ, കൊലപാതകങ്ങൾ മുതലായ നീചപ്രവർത്തികളെല്ലാം ഇതിന്റെ അനന്തരഫലമായിട്ടാണ്. കഞ്ചാവ് വിൽപ്പന പരിഷ്ക്കരിച്ച് മരുന്നുകളിൽ കൂടിയും ആഹാര സാധനങ്ങളിൽ കൂടിയും മിഠായി, ചോക്ലേറ്റ്, ബിസ്കറ്റ്, പാനീയങ്ങൾ എന്നിവയിലെല്ലാം കടന്നുകൂടുന്ന സ്ഥിതിവിശേഷത്തിലേക്ക് എത്തിച്ചേരുന്നു. കുട്ടികളടക്കം, നിരപരാധികളായ എല്ലാവരേയും ബാധിക്കുവാൻ ഇടയുള്ളതുകൊണ്ട് ശ്രദ്ധാപൂർവ്വം ഇതിനെ നേരിടേണ്ടതാണ്. ഇല്ലെങ്കിൽ ഇതിന്റെ ദൂഷ്യഫലങ്ങൾ അനുഭവിക്കേണ്ട അവസ്ഥയിലേക്ക് പ്രവേശിക്കുവാൻ സാധ്യതയുണ്ട്. പൊതുസ്ഥലങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നത് സൂക്ഷിച്ചുവേണം. അതുപോലെത്തന്നെ അനധികൃത വ്യാപാരമേഖലകളിൽ നിന്നും ശ്രദ്ധിച്ചുവേണം സാധനങ്ങൾ വാങ്ങേണ്ടത്. കുട്ടികൾ മിഠായികൾ, ചോക്ലേറ്റുകൾ, ബിസ്ക്കറ്റുകൾ ഇവകളുടെ ഉപയോഗം കുറയ്ക്കുകയും അവ വാങ്ങുന്നത് റജിസ്റ്റേഡ് ബ്രാന്റുകളുള്ള കമ്പനികളുടേതായിരിക്കുകയും വേണം. തീർത്ഥാടന കേന്ദ്രങ്ങളിലും കഞ്ചാവ് വാഹകരുടെ പ്രവേശനങ്ങൾക്ക് സാധ്യതയേറെയാണ്. അവിടെ അപരിചിതരുമായുള്ള സമ്പർക്കം ഒഴിവാക്കണം. രക്ഷിതാക്കൾ കുട്ടികളുടെ പെരുമാറ്റങ്ങളിൽ മാറ്റം സംഭവിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. കുട്ടികളെ ചീത്ത കൂട്ടുകെട്ടിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. കുട്ടികളുടെ ഹോസ്റ്റൽ ജീവിതം കഞ്ചാവിന്ന് അടിമയാക്കുവാൻ സാധ്യത ഏറെയുണ്ട്. ഇതിന്നുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണം. ഇപ്പോൾ നാം അഭിമുഖീകരിക്കുന്ന കൊലപാതകങ്ങൾ, സ്ത്രീപീഡനങ്ങൾ ഇവയെല്ലാം അമിതമായ കഞ്ചാവിന്റെ ഉപയോഗം കൊണ്ടായിരിക്കാം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും കഞ്ചാവ് വിൽപ്പന നിർമ്മാർജ്ജനം ചെയ്യുവാൻ സാധിച്ചില്ലെങ്കിൽ ജനങ്ങളുടെ ജീവിതത്തെ വളരെ ദോഷകരമായി ബാധിക്കുന്നതാണ്. ഇതിന്ന് തടയിടാൻ സർക്കാർ വേണ്ട നടപടിയെടുക്കുന്നുണ്ടെങ്കിലും ഫലപ്രദമാകണമെങ്കിൽ ജനങ്ങളുടെ സഹകരണം കൂടിയേ തീരൂ. കഞ്ചാവിന്റെ ദോഷഫലങ്ങളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെത്തന്നെ കുട്ടികളേയും ബോധവൽക്കരിക്കേണ്ടതുണ്ട്. കഞ്ചാവ് വിൽപ്പനയിൽ ഏർപ്പെടുന്നവർക്ക് നിലവിലുള്ള ശിക്ഷ പര്യാപ്തമല്ല. ഉയർന്ന ശിക്ഷ തന്നെ നൽകണം അതിന് വേണ്ടുന്ന നിയമനടപടികൾ എടുക്കേണ്ടതാണ്.

കഞ്ചാവ് ശരീരത്തെ എങ്ങിനെ ബാധിക്കുന്നു എന്ന് നോക്കാം. മനുഷ്യന്റെ മനോനിലയെ തകിടം മറിക്കുന്ന ഒരു ലഹരി പദാർത്ഥമാണ് കഞ്ചാവ്. മിഥ്യാ ബോധത്തിന്നടിമയായിരിക്കും (illusion). ഇല്ലാത്ത വസ്തുവിനെ കാണുന്ന അവസ്ഥ (Hallucination). ഉദാഹരണത്തിനായി പാതയിൽ കൂടി നടന്നുപോകുമ്പോൾ മുമ്പിൽ വെള്ളം കെട്ടിനിൽക്കുന്നു എന്ന തോന്നലുകൾ നിമിത്തം ചാടി കടക്കുവാൻ ശ്രമിക്കുന്നു. തന്റെ ഒരു അവയവം വലുതായി വരുന്നു എന്നുള്ള തോന്നൽ, ആഹ്ലാദം കൊണ്ട് മതി മറക്കുന്ന അവസ്ഥ (Exaltation), അതിശയോക്തി പ്രകടനം (Exaggeration), ഭാവനകൾ (Imagination) ഇതിന്നാസ്പദമായ ഒരു സംഭവം കൂടി വിവരിക്കാം. ക്ലാസ്സിൽ പാഠം പഠിപ്പിക്കുന്ന സമയം കഞ്ചാവിന്നടിമയായിത്തീർന്ന ഒരു വിദ്യാർത്ഥി തീപ്പെട്ടി തുറന്ന് അതിന്നുള്ളിൽ തന്റെ തലഭാഗം കടത്തുവാൻ ശ്രമിക്കുന്നത് കണ്ട് ക്ലാസ് ടീച്ചർ പുറത്താക്കിയ സംഭവം ആ കുട്ടിയുടെ സഹപാഠി എന്നോട് പറഞ്ഞ കാര്യമാണ് മേൽ പ്രസ്താവിച്ചത്. വർഷങ്ങൾക്കുമുമ്പ് നടന്ന കാര്യമാണിത്. ഭയങ്കര മറവി വേറൊരു ലക്ഷണമാണ്. സമയം വളരെ നീണ്ടുപോകുന്നു എന്നുള്ള തോന്നൽ. അനിയന്ത്രിതമായ ചിരി. താൻ സംസാരിച്ചിരുന്ന കാര്യങ്ങൾ അത് ശരിയാണെന്ന് സമർത്ഥിക്കുന്ന സ്വഭാവം. വിഡ്ഢിത്തരങ്ങൾ പ്രയോഗിച്ച് പിന്നീട് അതിനെ സംബന്ധിച്ചുള്ള വ്യസനവും കരച്ചിലും പ്രകടിപ്പിക്കുന്ന അവസ്ഥ. തന്റെ മരണം അടുത്തുതന്നെ സംഭവിക്കുവാൻ പോകുന്നു എന്നതിനെ സംബന്ധിച്ചുള്ള വേവലാതി. കഞ്ചാവ് ഉപയോഗിക്കുന്നതിന്റെ ദൂഷ്യഫലങ്ങളാണ് മേൽ പ്രസ്താവിച്ചത്. വർഷങ്ങളോളം കഞ്ചാവിന്നടിമയായിത്തീർന്ന ഒരു വ്യക്തി കാലക്രമേണ ഭ്രാന്തിന്ന് തുല്യമായിരിക്കും എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. അതുകൊണ്ട്

കഞ്ചാവിന്റെ ഉപയോഗം നിർമ്മാർജ്ജനം ചെയ്യുവാനുള്ള ത്വരനടപടികൾ ഒട്ടും വൈകാതെ എടുക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ ഇതിന്റെ മാരകമായ ഭവിഷത്തുകൾക്ക് നാം ഇരയാകേണ്ട അവസ്ഥ അനുഭവിക്കുവാൻ ഇടയാകും. പ്രാരംഭാവസ്ഥയിൽ തന്നെ ചികിത്സിച്ചുമാറ്റുവാൻ സാധിക്കുന്നതാണ്. രോഗം വന്നുചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കുന്നതാണ് ഉത്തമം. ●



■ കവിത


**എടത്തറ ജയൻ**
**9446033861**


# 2018ലെ വർഷം

തല്ലിയലച്ചുവരുന്നൊരു മഴയതു
ചില്ലകളിൽ ചെറുതാളംകൊട്ടി
ഇല്ലികൾ വായുവിലൂഞ്ഞാലാടി
പല്ലികൾ പഴുതുകൾ തേടിയൊളിച്ചു.
മലനിരവിട്ടൊരു കല്ലുകൾ മെല്ലെ
മലരുകൾ പോലെയൊഴുകിയിറങ്ങി
ബാല്യത്തിൽ ചില സ്മരണകൾ പൊങ്ങി
ബലമില്ലാത്ത തരുക്കൾ മറിഞ്ഞു.
വറ്റിവരണ്ടൊരു പുഴകളിലെല്ലാം
പറ്റിയ പായലതൊഴുകിപ്പോയി
കൊറ്റികൾ തീറ്റകൾ തേടിയലഞ്ഞു
പാറ്റച്ചിതലിൻ ചിറകുകൊഴിഞ്ഞു.
ഭൂതലമാകെ ഹരിതം പേറി
ഭൂതലവാസികൾ മഴയെ പഴിച്ചു
ഭൂമിയിൽ കുളിരിൻ ശീതളമായി
ഭൂമി കുളിച്ചു രസിച്ചു ചിരിച്ചു
പറവകൾ ചില്ലക്കോരം പറ്റി
ചിറകു കുടഞ്ഞു തണുപ്പതകറ്റി
ചിറകൾ നിറഞ്ഞു തോടു കവിഞ്ഞു
ആറു നിറഞ്ഞു കരകൾ മറിഞ്ഞു
ചിരകാലത്തിനുശേഷം വർഷം
ചിറകിലതെത്തി ചറപറ പെയ്തു
ജലമില്ലാത്ത സ്ഥലങ്ങളിലെല്ലാം
ജലനിധി പോലെ തടാകമതായി.
കാലികൾ കൂടിക്കൂനി നിരന്നു
കാലാൾ യാത്രികർ കുടകൾ ചൂടി
സൂര്യൻ വെട്ടമതില്ലാതായി
താരകമെന്നത് കാണാതായി.
മീനുകളോടാനില്ലാത്തതിനാൽ
മീനെ കുടുക്കാൻ വലകളുമില്ല
മലകളിലെല്ലാം പെയ്തൊരു വെള്ളം
അലകളിളക്കി കടലിൽ ചാടി.

■ കഥ

# പേരുദോഷം


**ജിജോ രാജകുമാരി**
**8086350652**


**ആ**ത്മഹത്യ ചെയ്യുവാനായി റെയിൽവേ പാളത്തിൽ തലവെച്ച് കിടക്കവെയാണ് ഏകാഗ്രത മുറിച്ച് ഒരു കൊലുസിന്റെ ചിലമ്പൽ കേട്ട് അയാൾ മിഴികൾ തുറന്നത്. വെള്ള ചുരിദാറണിഞ്ഞ് മാലാഖയെ പോലൊരു പെൺകുട്ടി മുന്നിൽ. ഐശ്വര്യമുള്ള മുഖത്തെ ചുവന്ന മൂക്കുത്തി നേരിയ വെളിച്ചത്തിലും തിളങ്ങി. ഈ പെൺകുട്ടി എന്തിനാണാവോ ഈ വിജനമായ സ്ഥലത്തെത്തിയത്. തന്നെപ്പോലെ ആത്മഹത്യയ്ക്കായോ ? അയാളെ കണ്ട് ഞെട്ടി നിന്ന അവളോട് തിരക്കി, "കുട്ടി എന്തിനാ ഇവിടെ വന്നത്?"

"ചേട്ടനെന്തിനാ ഇവിടെ കിടക്കണത് ?" മറുപടിക്ക് പകരം അവൾ ചോദ്യമുയർത്തി. ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്ക് ശേഷം അയാൾ പറഞ്ഞു, "ആത്മഹത്യ ചെയ്യാൻ."

"എന്നാ ഞാനും അതിനാ വന്നത്." കൂസലില്ലാതെ പറഞ്ഞുകൊണ്ട് അയാൾക്ക് സമീപത്തായി അവളും ഇരുന്നു. പെട്ടെന്ന് അയാൾ ചാടിയെഴുന്നേറ്റു.

"കുട്ടീ, കുട്ടിക്ക് ആത്മഹത്യ ചെയ്യാൻ മറ്റു സ്ഥലം ഒന്നുമില്ലേ, ഇവിടെ മാത്രമേ കണ്ടുള്ളോ ?"

"അതിന് റെയിൽവേ ചേട്ടന്റെ തറവാട് സ്വത്തൊന്നുമല്ലല്ലോ. ഞാനിവിടെയേ കിടക്കൂ. ചേട്ടൻ വേണമെങ്കിൽ വേറെ സ്ഥലം നോക്ക്."

"കുട്ടീ, ഞാനാണ് ആദ്യമിവിടെ വന്നത്. കുട്ടി പോകൂ വെറുതെ പേരുദോഷം വരുത്തിവയ്ക്കാതെ"

"ചാവാനിറങ്ങിത്തിരിച്ചവർക്ക് എന്ത് പേര് ദോഷമാ ചേട്ടാ".

"കുട്ടീ നോക്കു സമൂഹത്തിൽ ഏറെ ആദരിക്കപ്പെടുന്ന ഒരു സാംസ്കാരിക പ്രവർത്തകനാ ഞാൻ. ട്രാക്കിൽ തലവെച്ച് ആത്മഹത്യ ചെയ്യാനാ വന്നത്. എന്നോടൊപ്പം കുട്ടിയും ആത്മഹത്യ ചെയ്താൽ സമൂഹം എന്നെ പുച്ഛിക്കും നിരാശാ കാമുകനെന്ന് പറഞ്ഞ്. നമ്മൾ കമിതാക്കളാണെന്ന് വരുത്തിത്തീർക്കും. ഞാനിത്രകാലം ഉണ്ടാക്കിവെച്ച സൽപ്പേരെല്ലാം പോകും. ദയവായി കുട്ടി എന്നോട് സഹകരിക്കൂ."

അയാൾ ഇടർച്ചയോടെ കൈ തൊഴുതുപിടിച്ചു. അവൾ അതൊന്നും കൂട്ടാക്കാതെ ഒന്നുകൂടി തല ശരിയാംവിധം പാളത്തിലുറപ്പിച്ചുകിടന്നു. ആത്മഹത്യ പോലൊരു വ്യക്തിപരമായ കാര്യത്തിന് തടസ്സമായി ഒരുവൾ എത്തിയതിൽ കുപിതനായി അയാൾ എഴുന്നേറ്റ് നടന്നു സമൂഹത്തെ ഭയന്നുകൊണ്ടും. ●



**ബിന്ദു. കെ**
**9446422321**


# സുഹൃത്ബന്ധം

**ചി**ല സുഹൃത്ബന്ധം നമ്മെ വഴിതെറ്റിച്ച് തെറ്റായ വഴിയിലൂടെ സഞ്ചരിക്കാൻ നിർബന്ധിതരാക്കാറുണ്ട്. അത്തരമൊരു സാഹചര്യം ഗാന്ധിജിക്കുമുണ്ടായിട്ടുണ്ട്. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ വളരെകുറച്ച് സ്നേഹിതൻമാരിൽ അടുപ്പമുള്ളവർ എന്നുപറയാവുന്ന രണ്ടുപേരേ ഭിന്ന കാലങ്ങളിലായി ഉണ്ടായിരുന്നുള്ളു. അതിൽ ഒരു സ്നേഹിതനെ ഗാന്ധിജി ഉപേക്ഷിച്ചില്ലെങ്കിലും അദ്ദേഹം ഗാന്ധിജിയെ ഉപേക്ഷിച്ചു. മറ്റേ സ്നേഹിതനുമായി അടുത്തതായിരുന്നു ഇതിനുകാരണം. ഈ രണ്ടാമത്തെ സ്നേഹബന്ധം ഗാന്ധിജിയുടെ ജീവിതത്തിലെ ഒരു ദുരന്തമായിരുന്നു. അയാളെ നന്നാക്കിയെടുക്കാമെന്ന പ്രതീക്ഷയിലായിരുന്നു ഗാന്ധിജി അയാളുമായി ചങ്ങാത്തം കൂടിയത്.

ഈ സ്നേഹിതൻ ആദ്യം ഗാന്ധിജിയുടെ ഏട്ടന്റെ സഹപാഠിയും സുഹൃത്തുമായിരുന്നു. അതിനാൽ അയാളുടെ ദോഷങ്ങൾ ഗാന്ധിജിക്കറിയാമായിരുന്നു. എങ്കിലും അയാളെ വിശ്വസ്ത സുഹൃത്തായി ഗാന്ധിജി കണക്കാക്കി. അമ്മയും ഏട്ടനും ഭാര്യയും ഗാന്ധിജി ചീത്ത കൂട്ടുകെട്ടിലാണെന്ന് മുന്നറിയിപ്പ് നൽകി. ഭാര്യയുടെ വാക്ക് കേൾക്കാൻ ഗാന്ധിജി തയ്യാറായില്ലെങ്കിലും അമ്മയോടും ഏട്ടനോടും ഗാന്ധിജി പറഞ്ഞു, 'എന്റെ ചങ്ങാത്തം അയാളെ നന്നാക്കാൻ വേണ്ടിയാണ്. അയാൾക്ക് മാറ്റം വന്നാൽ വളരെ നല്ല ഒരാളാകും എന്നെനിക്കുറപ്പുണ്ട്. എന്റെ കാര്യമോർത്ത് ഭയപ്പെടരുതെന്ന് ഞാനപേക്ഷിക്കുന്നു.'' ഇതുകേട്ട് അവർ തത്ക്കാലം ഗാന്ധിജിയെ യഥേഷ്ടം പ്രവർത്തിക്കാൻ അനുവദിച്ചു. എങ്കിലും ഗാന്ധിജിയുടെ കണക്കുകൂട്ടലുകൾ തെറ്റിപ്പോയെന്ന് പിന്നീട് ഗാന്ധിജിക്ക് ചില സംഭവങ്ങളിലൂടെ മനസ്സിലായി.

ഒരു പരിഷ്ക്കർത്താവിന് അയാൾ നന്നാക്കാനുദ്ദേശിക്കുന്ന വ്യക്തിയുമായി അടുത്ത ബന്ധം പാടില്ല. യഥാർത്ഥ സ്നേഹബന്ധം ലോകത്തിൽ വളരെകുറച്ചുമാത്രം കാണപ്പെടുന്ന ആത്മൈക്യമാണ്. സമാന സ്വഭാവക്കാർ തമ്മിലുള്ള ചങ്ങാത്തമേ ഒട്ടാകെ ഉചിതവും സ്ഥായിയുമായിരിക്കൂ. സുഹൃത്തുക്കൾ പ്രതികരിക്കുകയും അങ്ങോട്ടുമിങ്ങോട്ടും സ്വാധീനിക്കുകയും ചെയ്യുന്നതിനാൽ മൈത്രിയിൽ പരിഷ്ക്കരണ സാധ്യത വളരെ കുറവാണ്. ഗുണത്തെക്കാളേറെ ദോഷം ഉൾക്കൊള്ളുന്നവരാണ് മനുഷ്യർ. അതിനാൽ അതിരുകടന്ന ചങ്ങാത്തം ഉപേക്ഷിക്കേണ്ടതാണെന്ന് അദ്ദേഹത്തിന് തോന്നി. ഈശ്വരനുമായി സ്നേഹബന്ധം വേണ്ടവൻ ഏകാകിയായി ജീവിക്കണം. അതല്ലെങ്കിൽ ലോകത്തെ മുഴുവൻ സ്നേഹിക്കണം.

എന്തായാലും അദ്ദേഹത്തിന്റെ ഉറ്റ ചങ്ങാത്തത്തിനുള്ള പരിശ്രമം പരാജയപ്പെട്ടു. ആ സ്നേഹിതനെ നന്നാക്കുന്നതിനുപകരം, സ്നേഹിതൻ ഗാന്ധിജിയെ ദുശ്ശീലങ്ങളിലേക്ക് വലിച്ചിഴക്കുകയാണ് ചെയ്തത്. അദ്ധ്യാപകരിൽ പലരും രഹസ്യമായി മാംസവും മദ്യവും കഴിക്കുന്നുണ്ടെന്നും കൂട്ടത്തിൽ രാജ്കോട്ടിലെ പല പ്രശസ്തരും ഹൈസ്കൂളിലെ ചില വിദ്യാർത്ഥികളും ഉണ്ടെന്നുവരെ ആ സ്നേഹിതൻ ഗാന്ധിജിയെ പറഞ്ഞ് ധരിപ്പിച്ചു. മാംസം കഴിക്കാത്തതുകൊണ്ട് നമ്മൾ ദുർബലരാണെന്നും മാംസം കഴിക്കുന്നതുകൊണ്ട് ഇംഗ്ലീഷുകാർക്ക് നമ്മെ അടക്കി ഭരിക്കാൻ കഴിയുന്നുവെന്നും തനിക്ക് നല്ലവണ്ണം ഓടാൻ സാധിക്കുന്നതും നല്ല ശക്തിയുള്ളതും മാംസം കഴിക്കുന്നത് കൊണ്ടാണെന്നും അതുപോലെ മാംസം കഴിക്കുന്നവർക്ക് കുരുവും ട്യൂമറും ഉണ്ടാവില്ലെന്നും ഉണ്ടായാൽ തന്നെ വേഗം സുഖമാകുമെന്നും മാംസം കഴിക്കുന്ന അദ്ധ്യാപകരും മറ്റു മാന്യൻമാരുമെല്ലാം വിഡ്ഢികളൊന്നുമല്ലല്ലോ എന്നും അവർക്കതിന്റെ ഗുണം അറിയാം എന്നും ഒന്നു പരീക്ഷിച്ചുനോക്കിയാൽ അത് എത്ര ശക്തി തരുമെന്ന് അറിയാൻ സാധിക്കുമെന്നും ആ സ്നേഹിതൻ ഗാന്ധിജിയെ പലപ്പോഴായി വിസ്തരിച്ച് ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു.



അങ്ങനെ പലപ്പോഴായി പറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ട് ഗാന്ധിജി മാംസം പരീക്ഷിക്കാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ കുടുംബം വൈഷ്ണവരാകയാൽ മാതാപിതാക്കൾ ഇതറിഞ്ഞാലുള്ള കുഴപ്പങ്ങൾ എന്തൊക്കെയാണെന്ന് അറിയാവുന്നതുകൊണ്ട് ഇത് പരമരഹസ്യമാക്കിവെച്ചു. അങ്ങനെ മാംസം ഭക്ഷിക്കാൻ ഒരു ദിവസം നിശ്ചയിക്കുകയും അദ്ദേഹത്തിന് പൂർണ്ണതൃപ്തിയോടല്ലെങ്കിലും ഏകാന്തമായ ഒരു നദീതീരത്തുവെച്ച് ബേക്കറിയിലുണ്ടാക്കിയ റൊട്ടിയും ആട്ടിറച്ചിയും ഭക്ഷിച്ചുനോക്കി. ബുദ്ധിമുട്ടുതോന്നിയപ്പോൾ കഴിക്കുന്നത് നിർത്തുകയും ചെയ്തു. അന്നേദിവസം രാത്രി അദ്ദേഹം പേടിസ്വപ്നം കാണുകയും ജീവനുള്ള ഒരു ആട് ഉള്ളിൽ കിടന്ന് നിലവിളിക്കുന്നതായി തോന്നുകയും പശ്ചാത്താപത്തോടെ അദ്ദേഹം ചാടി എഴുന്നേൽക്കുകയും ചെയ്തു. പിന്നെ മാംസം കഴിക്കുന്നത് തന്റെ ധർമ്മമാണെന്നും ഇംഗ്ലീഷു

കാരെ തോൽപ്പിച്ച് ഇന്ത്യയെ സ്വതന്ത്രമാക്കണമെന്നുള്ള തന്റെ ആഗ്രഹം നിറവേറ്റണമെങ്കിൽ മാംസം കഴിക്കണമെന്ന് സ്വയം ഓർമ്മപ്പെടുത്തുകയും ഉത്സാഹം വീണ്ടെടുക്കുകയും ചെയ്തു. അങ്ങനെ വീണ്ടും മാംസം കഴിക്കാൻ തീരുമാനിച്ച് സന്ദർഭം കിട്ടുമ്പോഴെല്ലാം സ്നേഹിതൻ മാംസം കൊണ്ടുള്ള സ്വാദുള്ള കറികൾ വൃത്തിയായി ഉണ്ടാക്കി ഗാന്ധിജിയേയും കഴിപ്പിച്ചു. പക്ഷേ വളരെ കുറച്ച് അത്തരം അവസരങ്ങൾ മാത്രമേ ഗാന്ധിജിക്ക് ലഭിച്ചിരുന്നുള്ളു. അപ്പോഴെല്ലാം വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കാൻ പറ്റാത്തതിനാൽ അമ്മയോട് തനിക്ക് തീരെ വിശപ്പില്ലെന്നും എന്തോ ദഹനക്കേടാണെന്നും കള്ളം പറയേണ്ടിവന്നതിനാൽ ഗാന്ധിജിക്ക് കുറ്റബോധം തോന്നിത്തുടങ്ങിയിരുന്നു. ഒടുവിൽ സ്നേഹിതനോട് തന്റെ മാതാപിതാക്കൾ ജീവിച്ചിരിക്കുന്ന കാലത്തോളം താൻ മാംസം കഴിക്കുകയില്ലെന്നും അവരുടെ കാലശേഷം സ്വതന്ത്രനാകുമ്പോൾ താൻ പരസ്യമായി മാംസം കഴിക്കുമെന്നും പറഞ്ഞു. അങ്ങനെ മാംസം കഴിക്കുന്നതിൽ നിന്ന് മോചിതനായെങ്കിലും ആ സ്നേഹിതൻ വീണ്ടും വേറെ ദുശ്ശീലങ്ങളിലേയ്ക്ക് കൊണ്ടുചെന്നെത്തിച്ചെങ്കിലും ദൈവകൃപയാൽ ഗാന്ധിജി കഷ്ടിച്ച് രക്ഷപ്പെടുകയാണുണ്ടായത്.

ചില കർമ്മങ്ങളിൽ നിന്നുള്ള രക്ഷപ്പെടൽ രക്ഷപ്പെടുന്നവനും ചുറ്റുമുള്ളവർക്കും വലിയ ഈശ്വരാനുഗ്രഹമായിത്തീരാറുണ്ട്. മനുഷ്യൻ തന്റെ നഷ്ടപ്പെട്ടുപോയ ന്യായബോധം തിരിച്ചുകിട്ടിയാലുടൻ താൻ രക്ഷപ്പെട്ടതിൽ ഈശ്വര കാരുണ്യത്തോട് നന്ദിയുള്ളവനായിത്തീരുന്നു. ഒരാൾ എത്ര ചെറുത്തിട്ടും പ്രലോഭനത്തിൽ വീണുപോകുന്നതുപോലെ, അയാളുടെ ഇച്ഛാശക്തിക്കെതിരായിത്തന്നെ ഈശ്വരൻ ഇടപെട്ട് രക്ഷപ്പെടുത്തുന്നതും നാം കാണാറുണ്ടല്ലോ. ഇതെല്ലാം എങ്ങനെ സംഭവിക്കുന്നു - ഒരു മനുഷ്യൻ എത്രത്തോളം സ്വതന്ത്രനും സാഹചര്യങ്ങൾക്കടിമയുമാണ് - ഇച്ഛാ സ്വാതന്ത്ര്യം എത്ര മടങ്ങ് ഉണ്ട്, വിധി എവിടെ രംഗപ്രവേശം ചെയ്യുന്നു - ഇവയെല്ലാം നിഗൂഢ രഹസ്യങ്ങളാണ്, എക്കാലവും ആയിരിക്കുകയും ചെയ്യും. ●

■ കവിത

# ഓണക്കാലം

**മീനാക്ഷി എഴുവത്ത്**
**04923–222250**

മേഘം മറഞ്ഞു മാനം തെളിഞ്ഞു
ദ്യോവിൽ പൊന്നമ്പിളി സ്മേരം ചൊരിഞ്ഞു
നക്ഷത്രപ്പൂക്കളാൽ പൂക്കളം തീർത്തു
നീലാഭ തേടും വ്യോമാങ്കണത്തിൽ
പാവത്തിൻ നൊമ്പരം ദൂരെ മറഞ്ഞു
ചിങ്ങത്തിന്നാഹ്ലാദമെങ്ങും നിറഞ്ഞു
പൂക്കൾ ചൊരിഞ്ഞു പൂമരമാകെ
കതിർകളുതിർന്നു പാടങ്ങളാകെ
കുഞ്ഞു പാദങ്ങളാൽ കൊച്ചടിവെച്ച്
പൂക്കൾ നിറച്ചു പൂക്കൂട തന്നിൽ
പൊന്നോമനകൾ, പൊന്നിൻ കുടങ്ങൾ
പുഞ്ചിരി തൂകും തങ്കക്കുടങ്ങൾ
പൂവുകൾ തോറും കൊഞ്ചിക്കുഴഞ്ഞു
പൂവാലൻ തുമ്പി പൊന്നോണത്തുമ്പി
പൂക്കൾ വിടർത്തി പൂന്തേൻ നുകർന്ന്
പൂവണ്ട് ഹുങ്കാര നാദമുയർത്തി
കായലിലോളങ്ങൾ കഥകളിയാടി
മാടത്തമധുവൂറും ഗാനങ്ങൾ പാടി
കാട്ടു കുറിഞ്ഞികൾ തെന്നലിലാടി
കാട്ടിലെ പൊയ്കകൾ കളകളം ചൊല്ലി
പൊന്നോണക്കാലത്തിൻ മാധുര്യമൂറും
പൊന്നിൻവെയിലും പൊന്നിൻ നിലാവും
പാടത്തിൻ മക്കൾ പുതുവർഷം തന്റെ
പൊന്നോണക്കോടിയാൽ പുളകം ചാർത്തി.



■ കവിത

# പുണ്യജ്വാല

**പ്രതിഭ അംബാടി**
**9746213960**

ആരിതെൻ മുന്നിലി ഓമനപൂന്തിങ്കൾ,
ചിത്രശലഭം പോലുള്ളൊരിളം പൈതൽ
മണ്ണിൽ വിരിയുന്ന പൂക്കൾ തൻ വർണ്ണം പോൽ,
സുന്ദരിയാണിവൾ പൊന്നോമൽ കണ്മണി
ചുറ്റിലും കാണുന്ന കണ്ണുകൾ ഒക്കെയും
നിന്നിലെ നൈർമ്മല്യം ആസ്വദിക്കും നേരം
ഓമന കുഞ്ഞേ നീ എങ്ങിനെ കണ്ടെത്തും,
നിന്നിലേക്കെത്തുന്ന കാട്ടാള ദൃഷ്ടിയെ
സംരക്ഷണത്തിന്റെ വേലിയാം നിന്നുടെ,
അമ്മ മടിയിൽ നീ എത്രനാൾ നിന്നിടും
കാലചക്രം തിരിയുന്നതിനൊപ്പം നീ.
പിച്ച വച്ചീടണം മുന്നോട്ട്, മുന്നോട്ട്
എങ്കിലും എൻ കുഞ്ഞേ, നീ അറിഞ്ഞീടണം,
നിന്നുടെ വഴിയിലെ ചുഴികളും കുഴികളും
ഓരോ ചുവടിലും നീ തിരിച്ചറിയണം,
ആട്ടിൻ തൊലിയിട്ട ചെന്നായക്കൂട്ടത്തെ
നിന്നുടെ യാത്രക്ക് ഭംഗം വരുത്തുവാൻ,
പ്രാപ്തിയുള്ളോന്നും ഈ ഭൂമിയിൽ ഇന്നില്ല
കൊമ്പിനും ദ്രംഷ്ടക്കും കീഴടങ്ങില്ലെന്ന്,
എന്നുമെൻ കുഞ്ഞേ നീ നിന്നോട് ചൊല്ലണം
നിന്നിലെ ശക്തിയെ നീ തിരിച്ചറിയണം,
നിന്നിലെ ഊർജ്ജത്തെ നീ വളർത്തീടണം
ഐശ്വര്യ ദേവതേ... എൻ പൊന്നു മകളെ നീ,
വിണ്ണിലും മണ്ണിലും കീർത്തി പെട്ടീടണം.
ആരിതെൻ മുന്നിലീ ഓമനപൂന്തിങ്കൾ
ശക്തിസ്വരൂപയാം അവതാര മൂർത്തിയോ.

■ കവിത

# ആത്മവിശ്വാസം
## (SELF ESTEEM)



എ. രാമകൃഷ്ണൻ
8113043563

അവനവനിൽ വേണ്ടുന്നൊരാത്മവിശ്വാസത്തെ
(Self Esteem)
'അഹം' ഭാവ (Ego)മായിട്ടപരൻ കരുതുമെങ്കിൽ
അതിലല്പർ നിങ്ങളെയപലപിക്കുന്നെങ്കിൽ
അതിനവരെ നിങ്ങൾ പഴിക്ക വേണ്ട.

അപരന്റെ ദൗർബല്യമവതരിപ്പിച്ചു ചിലർ
അതികേമാനെന്നു ഞെളിഞ്ഞിടുകിൽ
അതിനെയും വെല്ലുന്ന ചേഷ്ടകൾ കാട്ടി നാം
അതി വികൃത ഭാവത്തിലാടീടണോ?

അനഭിമതമെന്നു നന്നായറിയുവോർ
അനവരതം ഗോഷ്ടികൾ കാട്ടീടുന്നു.
ഇതുമാത്രമിന്നിവിടെ നടനങ്ങൾ വചനങ്ങൾ
ഇനിയെത്ര വേദിയിൽ ചർച്ച വേണം?

'ഹേതു' അഹന്തക്കി'ന്നറിവാ' ണെന്നു നിനച്ചു നാം
അതിഘോരശബ്ദം മുഴക്കിടുന്നു.
നിറകുടം തുളുമ്പില്ലെന്നാപ്തവാക്യങ്ങൾക്ക്
ഒരുതരി വിലപോലുമില്ലാതെയായ്.

തെറ്റുന്നോ, നമ്മുടെ ബുദ്ധി വിവേകവും
മറ്റുള്ളോർ തട്ടിക്കളിക്കുവാൻ മാത്രമായോ?
ഒട്ടൊന്നു ചിന്തിച്ചു കൈവന്ന വിവേചന
ബുദ്ധിയെ കൈമോശമാക്കിടല്ലേ!
നമ്മുടെ പൈതൃകം നമ്മുടെ സംസ്കാരം
നന്മയിൽ നിന്നു കതിർത്തതല്ലേ.
ഒറ്റക്കഥയിലെ നാലു വരികളിൽ
ഉദ്ധരിച്ചാണോ നാം കാത്തിടേണ്ടൂ?

(മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന ഒരു 'കഥ'യിൽ, അതോ 'കഥയില്ലായ്മയിലോ' ഉള്ള ചില വരികൾ ഉദ്ധരിച്ചു, നമ്മുടെ സംസ്കാരം നശിച്ചുപോകുന്നു, നശിപ്പിക്കുന്നു എന്ന് പ്രതിഷേധങ്ങൾ ഉയരുമ്പോൾ, പുതിയ തലമുറ മനസ്സിലാക്കാതിരിക്കുന്നത് നമ്മുടെ പാരമ്പര്യവും സംസ്കാരവും ഇത്തരം വരികളിൽ നശിപ്പിക്കാൻ സാധിക്കുന്നതല്ല എന്നത് തന്നെയാണ്. ഇത്തരം പ്രതിഷേധങ്ങൾക്ക് പിന്നിൽ ഉദ്ദേശങ്ങൾ നാട്ടിൽ അശാന്തി പടർത്തുക എന്നതാണ്. ഉത്തിഷ്ഠത, ജാഗ്രത!!!)

■ കവിത

# മഴനൊമ്പരം

റീന രാധ

മഴ നിന്നിലലിയിക്കട്ടെ;
ഞാനെന്റെ ദുഃഖവും ദുഃഖസ്വപ്നങ്ങളും.
പെയ്തൊഴിയാത്തൊരെൻ
ഹൃത്തിന്റെ വിങ്ങലും.
പാടേ മറന്നൊരാ പാട്ടിന്റെയീണവും.
മഴ, ഏറ്റുവാങ്ങുക നീ
വിണ്ടുണങ്ങിയെൻ മാനസ-
മരുഭൂവിലെന്നോകരിഞ്ഞൊരാ
പൂന്തോപ്പിൻ നൊമ്പരം.
ഇതളാകെ സ്വപ്നത്തിൽ കുളിരുമാ-
യുടലാകെ നിറവർണ്ണച്ചാർത്തുമായി;
ഒരുമോഹമായതു വിടരവേ; തീവ്രമാം-
താപത്തിലിതളുകൾ കരിഞ്ഞുപോയ്
മോഹങ്ങൾ കൊഴിഞ്ഞുപോയ്
വിടരുവാനാകാത്ത മാനസസ്വപ്നങ്ങ-
ളേറ്റുവാങ്ങുക നീ, വർഷമേ
നിന്നിലവ നിമഞ്ജനം ചെയ്യുക.
മഴ, നിന്റെയാരവങ്ങൾക്കിടയിലൂ-
ടെങ്ങോ നേർത്തുനേർത്തെന്റെ മൂക-
രോദനം ശമിച്ചെങ്കി !
നിന്റെ നീർച്ചാലുകളിലെന്റെ മൂകാശ്രുക്കളു-
മൊഴുകിയെങ്ങോ പോയി സാന്ത്വനമടഞ്ഞെങ്കിൽ !
നിന്റെ താളത്തിലീണത്തിലൊരു നവ്യ
കാവ്യരസമകതാരിലീരടികളുയർത്തിയോ...
നീ വിശ്വവിഹായസ്സിലുടലാർന്നവൾ
ഗിരി മകുടങ്ങൾ പുൽകി
ഭൂവിനുയിരായൂർജ്ജമായ് ഭവിപ്പവൾ.
നീയാറായരുവിയായലകടലനന്തമായ്
തളിരിലയിൽ സുസ്മിതം തുഷാരബിന്ദുവായ്-
യെൻമിഴിയിണയിലെ ബാഷ്പമായി
തോരാത്ത കണ്ണീർ പേമാരിയായി
മഴ-പെയ്യുകയാണറുതിയില്ലാതെ,
അകത്തും പുറത്തും മഴ.
ഞാനും നീയും മഴ -
മഴ, നമുക്കൊരുമിച്ച് പെയ്തൊഴിയാം.

**Subscribe**
Eka Thathwa Malayalam Magazine
Single copy - Rs. 15/-
Subscription for one year - Rs. 170/-
For three years - Rs. 500/-

**രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം :**
ഏക തത്ത്വ
എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് - 678001.
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

Sent Money Order to :
Editor, Eka Thathwa,
A-9, New Civil Nagar,
Behind Civil Station,
Palakkad - 678001



# അപസ്മാരം
## രോഗികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ


**അശോപ്പി ചേർത്തല**
**9388909583**


***1. അപസ്മാരം (Epilepsy) എന്നാൽ എന്താണ് ? അതിന്റെ ലക്ഷണങ്ങൾ എന്തെല്ലാം ?***

തലച്ചോറിലെ കോശങ്ങൾക്ക് ഇടയ്ക്കിടെ ഉണ്ടാകുന്ന അമിതമായ വിദ്യുൽ പ്രവാഹം മൂലമുള്ള രോഗലക്ഷണങ്ങളാണ് അപസ്മാരം എന്ന പേരിൽ അറിയപ്പെടുന്നത്. ഏതാനും നിമിഷങ്ങളോ ചിലപ്പോൾ മണിക്കൂറുകളോ നീണ്ടുനില്ക്കുന്ന കൈകാലുകളുടെ വിറയലും ബലം പിടുത്തവും ബോധക്ഷയം, തുറിച്ചു നോട്ടം, പെരുമാറ്റത്തിനുണ്ടാകുന്ന നിമിഷനേരത്തേക്കുള്ള വ്യത്യാസം, ഞെട്ടൽ - ഇവയൊക്കെ അപസ്മാരത്തിന്റെ ലക്ഷണങ്ങളാണ്.

***2. അപസ്മാരത്തിന്റെ കാരണങ്ങളെന്ത് ?***

50-60% രോഗികളിലും പ്രത്യേക കാരണങ്ങൾ ഒന്നുംതന്നെ ഉണ്ടാകണമെന്നില്ല. 30-40% രോഗികളിൽ താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ് അപസ്മാരമുണ്ടാകുന്നത്.

- പാരമ്പര്യസ്വഭാവമുള്ള അപസ്മാരങ്ങൾ
- തലച്ചോറിലെ ജന്മനാ ഉള്ള വൈകല്യങ്ങൾ (ex, neuronal migration defects)
- തലച്ചോറിനുണ്ടാകുന്ന ആഘാതം
- തലച്ചോറിനും അതിന്റെ പാടക്കും ഏൽക്കുന്ന പഴുപ്പ് (Meningo-encephalitis)
- തലച്ചോറിലെ രക്തക്കുഴലുകൾക്കുണ്ടാകുന്ന കേടുപാടുകൾ.
- തലയ്ക്കകത്തുള്ള മുഴകൾ (Cerebral Tumour)

***3. അപസ്മാരം പകരുന്ന രോഗമാണോ ? പാരമ്പര്യസ്വഭാവമുണ്ടോ?***

അപസ്മാരം ഉള്ള ഒരു രോഗിയുടെ കൂടെ താമസിക്കുന്നതുകൊണ്ട് അത് മറ്റുള്ളവർക്ക് പകരാൻ സാധ്യതയില്ല. ചില പ്രത്യേക അപസ്മാര രോഗങ്ങൾ പാരമ്പര്യസ്വഭാവമുള്ളതാണ് (Ex. J.M.E) എന്നാൽ ബഹുഭൂരിഭാഗവും പാരമ്പര്യസ്വഭാവമുള്ളതല്ല.

***4. അപസ്മാരം മൂർച്ഛിക്കുവാനുള്ള കാരണങ്ങളെന്ത് ?***

a) പറഞ്ഞ സമയത്ത് നിശ്ചിത അളവിൽ ഡോക്ടർ നിർദ്ദേശിച്ച മരുന്ന് കഴിക്കാതിരിക്കുന്നതാണ് രോഗം മൂർച്ഛിക്കുവാനുള്ള കാരണം.

b) മരുന്ന് തെരഞ്ഞെടുക്കുന്നതിലുള്ള അപാകതകൾ. ചില മരുന്നുകൾ കഴിച്ചാൽ ചില അപസ്മാര രോഗങ്ങൾ വഷളാകാം. ഓരോ തരത്തിലുള്ള അപസ്മാരത്തിനും യോജിച്ച മരുന്ന് തെരഞ്ഞെടുക്കേണ്ടത് അതിപ്രധാനമായ കാര്യമാണ്.

c) രാത്രി ഉറക്കമിളയ്ക്കുക, അമിതമായ മദ്യപാനം, മാനസിക പിരിമുറുക്കം, ടി. വി. അടുത്തിരുന്ന് കാണുക തുടങ്ങിയവ ചില ആളുകളിൽ രോഗം വഷളാക്കിയേക്കാം.

***5. അപസ്മാര രോഗികൾ ശ്രദ്ധിക്കേണ്ടതെന്തൊക്കെയാണ് ?***

a) അപസ്മാര ചികിത്സയിൽ പ്രാവീണ്യമുള്ള ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള മരുന്ന് നിശ്ചിത അളവിൽ സമയത്തുതന്നെ കഴിക്കുക. ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ മരുന്ന് നിർത്തരുത്.

b) രാത്രി നന്നായി ഉറങ്ങുക. യാതൊരു കാരണവശാലും ഉറക്കമിളയ്ക്കരുത്.

c) മദ്യപാനം, നീന്തൽ, അപകടസാധ്യതയുള്ള ജോലികൾ എന്നിവ കഴിവതും ഒഴിവാക്കുക.

d) അപസ്മാര രോഗികൾ വണ്ടിയോടിക്കാതിരിക്കുന്നത് ഉത്തമം.

e) ടി. വി. അടുത്തിരുന്ന് കാണാതിരിക്കുക. റിമോട്ട് കൺട്രോൾ വച്ച് ചാനലുകൾ മാറ്റുക.

കമ്പ്യൂട്ടർ ഉപയോഗിക്കുന്നതുകൊണ്ട് കുഴപ്പമില്ല.

***6. അപസ്മാരമുള്ള സ്ത്രീകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് ?***

a) അപസ്മാര സ്ത്രീകൾക്ക് ആർത്തവസമയത്ത് രോഗം മൂർച്ഛിക്കുവാനിടയുണ്ട്. ചില സ്ത്രീകളിൽ ആ സമയത്ത് മാത്രം രോഗം കണ്ടുവരുന്നു. (Catamenial Epilepsy)

b) അപസ്മാരമുള്ള സ്ത്രീകൾക്ക് ഗർഭധാരണത്തിന് യാതൊരു തടസ്സവുമില്ല. ഈ സ്ത്രീകൾക്കുണ്ടാകുന്ന കുട്ടികളിൽ 5% വൈകല്യങ്ങൾ കണ്ടേക്കാം. എന്നാൽ ഗർഭസമയത്ത് ഒരു കാരണവശാലും ഡോക്ടറുടെ ഉപദേശപ്രകാരമല്ലാതെ മരുന്ന് നിർത്തരുത്. അങ്ങനെ സംഭവിച്ചാൽ രോഗം മൂർച്ഛിക്കുകയും ഗർഭസ്ഥശിശുവിന് അപായമുണ്ടാവുകയും ചെയ്യും.

c) അപസ്മാരമുള്ള അമ്മമാർ മുലയൂട്ടുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. അത് കുഞ്ഞുങ്ങൾക്ക് ദോഷമുണ്ടാക്കുവാൻ സാധ്യത കുറവാണ്.

d) അപസ്മാരമുള്ള കുട്ടികളുടെ മാതാപിതാക്കൾ അവരുടെ വിവാഹ സമയത്ത് ഭാവി വരനെ / വധുവിനെ കുട്ടിയുടെ രോഗവിവരം അറിയു

ന്നതിന് സൗകര്യമൊരുക്കുന്നതാണ് ഉത്തമം. വിവാഹശേഷമുള്ള ജീവിതത്തിൽ പരസ്പരവിശ്വാസം നഷ്ടപ്പെടാതിരിക്കാൻ ഇത് സഹായിക്കും.

***7. അപസ്മാരമുള്ള കുട്ടികളുടെ മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?***

a) അപസ്മാരം ഒരു പകർച്ചവ്യാധിയല്ല. അതുള്ള കുട്ടിക്ക് സ്കൂളിൽ പോകുന്നതിനോ പഠിക്കുന്നതിനോ യാതൊരു തടസ്സവുമില്ല. Phenobarbitone പോലുള്ള മരുന്നുകൾ ചില കുട്ടികളിൽ പഠന വൈകല്യങ്ങൾ ഉണ്ടാക്കിയേക്കും.


b) ഈ കുട്ടികൾക്ക് സാധാരണ എല്ലാ കായിക വിനോദങ്ങളിലും പങ്കുചേരാം. എന്നാൽ നീന്തൽ, പാറ കയറ്റം, സൈക്കിളിംഗ്, ബൈക്ക് സവാരി തുടങ്ങിയവ അപകട സാധ്യതയുള്ളതാണ്.

c) പനി വരുമ്പോൾ മാത്രം കുട്ടികൾക്കുണ്ടാകുന്ന കോട്ടൽ സാധാരണയായി അപസ്മാരമായി മാറാറില്ല. ഇവർക്ക് പൊതുവെ അപസ്മാരത്തിനുള്ള മരുന്നുകളുടെ ആവശ്യം ഉണ്ടാകാറില്ല.

d) പ്രതിരോധ കുപ്പിമരുന്നുകളോ കുത്തിവയ്പ്പോ മൂലം അപസ്മാരം ഉണ്ടാവുകയില്ല. അതുകൊണ്ടുതന്നെ അപസ്മാരമുള്ള കുട്ടികളിൽ പ്രതിരോധ കുത്തിവെയ്പ് നല്കാതിരിക്കുന്നതിന് ന്യായീകരണമില്ല. (Petrussis ഒഴികെ)

e) കുട്ടികളില്ലാത്ത രോഗികൾ സന്താനോത്പാദനത്തെ ഭയപ്പെടേണ്ടതില്ല. മുതിർന്നവരേക്കാൾ കുട്ടികളിലുണ്ടാകുന്ന അപസ്മാരം ചികിത്സിച്ചു മാറ്റാൻ എളുപ്പമാണ്. എന്നാൽ ബുദ്ധിമാന്ദ്യവും തലച്ചോറിന് കേടുപാടുകളും ഉള്ള കുട്ടികളിൽ രോഗശാന്തി വിഷമമാകും. അപസ്മാര രോഗികളുടെ കൈയിൽ ഇരുമ്പുതാക്കോലുകൾ പിടിപ്പിക്കുന്നത് അബദ്ധധാരണകളാണ്.

*(വിവരങ്ങൾക്ക് കടപ്പാട് : സെന്റർ ഫോർ എപ്പിലെപ്സി & ന്യൂറോളജി, കോഴിക്കോട് – 11)*



**പി. ആർ. ജോസ്**
**9847946094**

# സുഖയാത്രയിലെ പ്രതിസന്ധി

**ട്രെ**യിനിലെ ഫസ്റ്റ് ക്ലാസ് എ.സി. കമ്പാർട്ടുമെന്റിലിരുന്ന് യാത്ര ചെയ്യുമ്പോൾ ബാഹ്യലോകവുമായി അയാൾ ബന്ധപ്പെടാറില്ല. ട്രെയിനിൽ സീറ്റില്ലാതെ വിഷമിച്ചുനിൽക്കുന്ന യാത്രക്കാരെയോ ടിക്കറ്റെടുക്കാൻ പണമില്ലാതെ ക്ലേശിക്കുന്നവരെയോ കുറിച്ച് യാതൊരു ആകുലതയുമില്ല. നമ്മുടെ യാത്ര സുഖകരമാകണം, ആനന്ദകരമാവണം അത്രതന്നെ. എന്നാൽ ഇടയ്ക്കുവച്ച് ട്രെയിൻ പോകാൻ പറ്റാതെ അരമണിക്കൂർ കിടക്കുമ്പോഴേക്കും എ. സി. യാത്രക്കാരന് വെപ്രാളമായി. എന്തു പ്രതിബന്ധമാണ് തന്റെ യാത്രയ്ക്ക് നേരിട്ടതെന്നറിയാൻ പുറത്തേക്കു നോക്കുകയായി.

സിഗ്നൽ കിട്ടാതെയാണോ ട്രാക്കിലെ തടസ്സമാണോയെന്നറിയുവാൻ അയാൾ താഴെയിറങ്ങി ട്രെയിനിന്റെ നാലുപാടും നിരീക്ഷിക്കുകയാണ്. അപ്പോഴാണ് ജനറൽ കമ്പാർട്ടുമെന്റിൽ സീറ്റുകിട്ടാതെ തിക്കിത്തിരക്കി നിൽക്കുന്നവരേയും ട്രെയിനിലെ യാചകരേയും അയാൾ കാണുന്നത്. അവരിൽ നിന്നാണ് ട്രെയിനിന്റെ എഞ്ചിൻ തന്നെയാണ് തകരാറെന്ന് അയാൾ മനസ്സിലാക്കിയത്.

താനുൾപ്പെടെയെല്ലാവരും ഒരേ ട്രെയിനിലെ യാത്രക്കാരാണെന്നും എല്ലാവരും യാത്രയുടെ ലക്ഷ്യം കാണുവാൻ സാധിക്കാത്ത തുല്യദുഃഖിതരാണെന്നും അപ്പോഴാണ് അയാൾക്ക് മനസ്സിലായത്. ഇതുപോലെ ജീവിതമാകുന്ന സുഖയാത്രയിൽ പാവപ്പെട്ടവരേയോ താഴ്ന്ന കിടയിലുള്ളവരേയോ ശ്രദ്ധിക്കുവാൻ നാം മിനക്കെടാറില്ല. സമയമില്ലയെന്നും പറഞ്ഞ് അതിൽനിന്നും രക്ഷ നേടും. എന്നാൽ ജീവിതത്തിൽ ഏതെങ്കിലും പ്രതിബന്ധമുണ്ടാകുമ്പോഴാണ് താഴെയിറങ്ങി അതിന്റെ കാരണമന്വേഷിക്കുന്നതും മറ്റുള്ളവരെ ശ്രദ്ധിക്കുവാൻ ശ്രമിക്കുന്നതും.

നമ്മുടെ സുഖയാത്രയിൽ പാവപ്പെട്ടവരേയും അവശതയനുഭവിക്കുന്നവരേയും അശരണരേയും കുറിച്ച് ചിന്തിക്കുവാനും സഹായിക്കുവാനുമുള്ള നല്ല മനസ്സ് നമുക്കോരോരുത്തർക്കുമുണ്ടാകട്ടെ. ഈശ്വര സാക്ഷാത്ക്കാരം എന്ന ഒരേയൊരു ലക്ഷ്യത്തിലേക്കാണ് നമ്മുടെ യാത്രയെന്ന് വിസ്മരിക്കരുത്.

■ കവിത

# പെയ്തു തോർന്നുവോ

**ശ്രീജ . ആർ**
**9496130546**

മതി അറിയാ കൂരിരുട്ടായ്
കൺപീലി വിടർത്തുന്ന
അഴകിൻ വിരുന്നായ്
മനസ്സിൽ പ്രത്യാശയുടെ
വാദ്യഘോഷം മുഴങ്ങുകയായ്
പെട്ടെന്ന് ഭീതി ഉളവാക്കുന്ന
മർമ്മ തിരയായ്
ഏറ്റുമുട്ടലിൻ ഇടിമുഴക്കമായ്
ദീപ്തമാകും മുൻപേ
മിന്നിമായുകയായ്
പൊടുന്നനെ ദിശ മാറുകയായ്
സ്ഫടികം പോൽ ദൃഷ്ടാന്തമായ്
വെള്ളരിപ്രാവ് പോൽ
സമാധാനദൂതനായ്
മുഖവുരയില്ലാതെ
ഒറ്റ സ്പർശത്തിൽ ചിന്നിച്ചിതറി
വന്നു ചെറു മഴയായ്
പിന്നിടു ശക്തി ആർജ്ജിച്ച്
അങ്ങനെ പെരുമഴയായ്
പെയ്തു തോർന്നുവോ
മഴത്തുള്ളികൾ
മനുഷ്യ രാശിയുടെ
ചേതോഹര വികാരങ്ങളായ്...



ജോസഫ് പൂതക്കുഴി
9846751749

# പൊതിച്ചോറ്

**അ**ക്കിത്തത്തിന്റെ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കൃതിയിലെ കവിത ചിന്നമ്മ ടീച്ചർ മനോഹരമായി ക്ലാസിൽ അവതരിപ്പിക്കുകയാണ്. ക്ലാസിൽ പിൻഡ്രോപ്പ് സൈലൻസ്. അങ്ങിനെയാണെന്നും. മലയാളം പിരീഡിൽ കുട്ടികൾ വളരെ അച്ചടക്കത്തോടെ ഇരിക്കും. അവർക്ക് ടീച്ചറെ വലിയ ഇഷ്ടമാണ്. കുട്ടികളെ വടിയെടുത്തടിക്കാത്ത, ആരേയും ശകാരിക്കാത്ത ടീച്ചർ. കുട്ടികൾ എത്ര വികൃതികളായാൽ പോലും അച്ചടക്കത്തോടെ ചിന്നമ്മ ടീച്ചറിന്റെ ക്ലാസിലിരിക്കുന്നത് കണ്ട് മറ്റദ്ധ്യാപകർ അസൂയപ്പെട്ടിട്ടുണ്ട്. ടീച്ചറിന്റെ സ്വരമാധുരിയും പ്രസന്നമുഖവും മാതൃത്വമോലുന്ന പെരുമാറ്റവും കുട്ടികളെ വല്ലാതെ സ്വാധീനിച്ചിരുന്നു. അക്കിത്തത്തിന്റെ കവിതയുടെ അർത്ഥവും അർത്ഥാന്തരങ്ങളും ടീച്ചർ ക്ലാസ്സിൽ വിശദീകരിച്ചുകൊണ്ടിരിക്കുമ്പോൾ പുറകിലത്തെ ബെഞ്ചിലിരിക്കുന്ന ശ്രീകല ഡസ്കിൽ തലചായ്ച്ചുവെച്ച് കിടക്കുന്നത് ടീച്ചറിന്റെ ശ്രദ്ധയിൽ പെട്ടു. ടീച്ചർ ആ കുട്ടിയുടെ അടുത്തുചെന്നു. 'ശ്രീകലേ' ടീച്ചർ വിളിച്ചു. അവൾ വിളികേട്ടില്ല. ടീച്ചർ അവളെ കുലുക്കി വിളിച്ചു. അവൾ സാവകാശം മുഖമുയർത്തി. അവളുടെ മുഖം വിയർത്തും വിളറിയുമിരിക്കുന്നു. "എന്തുപറ്റി?"

"തല കറങ്ങുന്നു ടീച്ചർ." അവൾ എഴുന്നേറ്റുനിൽക്കാൻ ശ്രമിച്ചു.

ടീച്ചർ പറഞ്ഞു, "ഇരുന്നോളൂ.'

പിൻബഞ്ചിന്റെ ഇടത്തേ അറ്റത്താണ് കുട്ടി ഇരുന്നിരുന്നത്. ശ്രീകലയുടെ അടുത്തുചെന്നു. "എഴുന്നേൽക്കൂ ശ്രീകല. നമുക്ക് സ്റ്റാഫ് റൂമിലേക്ക് പോകാം." ടീച്ചർ അവളെ ചേർത്തുപിടിച്ചുകൊണ്ട് സ്റ്റാഫ് റൂമിലേക്ക് നടന്നു. നടക്കുന്നതിനിടയിൽ അവളുടെ കാലുകൾ കുഴയുന്നുണ്ടായിരുന്നു.

സ്റ്റാഫ് റൂമിൽ കുട്ടിയെ ഒരു ബെഞ്ചിൽ കിടത്തി. മേശപ്പുറത്തു കിടന്ന പത്രമെടുത്തു വീശിക്കൊടുത്തു. ടീച്ചർ വീട്ടിൽനിന്നു കൊണ്ടുവന്ന വാട്ടർ ബോട്ടിലിൽ ഉണ്ടായിരുന്ന ജീരകവെള്ളം അവൾക്ക് കൊടുത്തു. കുട്ടിയതു കുടിച്ചു. ടീച്ചർ അവൾക്ക് വീശിക്കൊടുത്തു. ശ്രീകല കണ്ണടച്ചുതന്നെ കിടക്കുന്നു. ടീച്ചർ അവളെ പിടിച്ചെഴുന്നേല്പ്പിച്ചിരുത്തി. അവൾ കണ്ണുതുറന്നു.

"എന്തുപറ്റി ?" ടീച്ചർ അവളുടെ നെറ്റി തടവിക്കൊണ്ടു ചോദിച്ചു.

"അറിയില്ല ടീച്ചർ, ക്ലാസ്സിൽ വരുമ്പോഴേ തലയ്ക്ക് വല്ലാത്ത ഭാരം പോലെ തോന്നിയിരുന്നു."

"ഇന്ന് വീട്ടിൽ നിന്ന് പോരുമ്പോൾ എന്തുകഴിച്ചു ?"

അതിനുത്തരം പറയാൻ അവൾ മടിച്ചു.

"പറയൂ ശ്രീകലേ, എന്താണുണ്ടായിരുന്നത് കഴിക്കാൻ ?"

"ഒന്നുമില്ലായിരുന്നു ടീച്ചർ. കട്ടൻ ചായ മാത്രം കഴിച്ചാണ് പോന്നത്." അവളുടെ കണ്ണുകളിൽ കണ്ണുനീർ പൊടിഞ്ഞു. "അമ്മ പറഞ്ഞതാ ഒന്നും കഴിക്കാനില്ലാത്തതുകൊണ്ട് ഇന്ന് സ്കൂളിൽ പോകേണ്ട എന്ന്."

കുട്ടിയുടെ അമ്മ കൂലിപ്പണിക്കു പോകുന്ന ഒരു സ്ത്രീയാണെന്നും അച്ഛൻ മദ്യപാനിയാണെന്നും വേണ്ടത്ര വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കാത്ത ആളുമാണെന്ന് ടീച്ചർക്കറിയാമായിരുന്നതുകൊണ്ട് ടീച്ചർ കൂടുതലൊന്നും ചോദിച്ചില്ല.

"ഇപ്പോൾ എങ്ങിനെയുണ്ട്? തലകറങ്ങുന്നതുപോലെ തോന്നുന്നുണ്ടോ ?"

"കുറയുന്നുണ്ട് ടീച്ചർ."

"എന്നാൽ എഴുന്നേൽക്ക്. പോയി മുഖം കഴുകിയിട്ട് വരാം." ടീച്ചർ അവളെ പിടിച്ചെഴുന്നേല്പ്പിച്ചു. രക്തമയമില്ലാത്ത ആ കണ്ണുകളിൽ ദൈന്യത തിങ്ങിനിന്നു. അവൾ വാഷ്ബേസിനടുത്തെത്തി. "ഇനി കൈയും മുഖവും കഴുകൂ" ബാലവാടിയിൽ പഠിക്കുന്ന ഒരു കുട്ടിയെന്നപോലെ അവൾ അനുസരിച്ചു. ടീച്ചർ അവളെ തന്റെ മേശയ്ക്കടുത്തുള്ള കസേരയിൽ ഇരുത്തി. ഉച്ചയ്ക്ക് കഴിക്കാനായി വീട്ടിൽ നിന്നു ടീച്ചർ കൊണ്ടുവന്ന ചോറ്റുപാത്രം എടുത്തുകൊണ്ടുവന്നു. പാത്രം തുറന്ന് ശ്രീകലയുടെ മുന്നിൽവെച്ചു.

"മോളെ ഇത് കഴിക്ക്."

"അയ്യോ എനിക്കുവേണ്ട ടീച്ചർ. എനിക്ക് വിശക്കുന്നില്ല ടീച്ചർ."

അവളുടെ ക്ഷീണിച്ച മുഖവും തളർന്ന ശരീരവും അവൾക്ക് നന്നായി വിശപ്പുണ്ട് എന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു. അവൾ വിശപ്പില്ല എന്ന് വെറുതെ പറഞ്ഞതാണ് എന്ന് ടീച്ചർക്ക് അറിയാമായിരുന്നു. ടീച്ചർ അവളുടെ അടുത്തേക്ക് ഒരു കസേര വലിച്ചിട്ട് ഇരുന്നു.

"നിനക്ക് നന്നായി വിശക്കുന്നുണ്ട് എന്ന് എനിക്കറിയാം. എന്റെ ചോറായതുകൊണ്ട് നീ കഴിക്കാൻ മടിക്കണ്ട. ഈ ചോറ് തിന്നുകഴിയുമ്പോൾ നിന്റെ ക്ഷീണമൊക്കെ മാറിക്കോളും. ശ്രീകല ഇന്ന് ഭക്ഷണമൊന്നും കഴിക്കാത്തതല്ലേ."

"എനിക്ക് വേണ്ട ടീച്ചർ" അവൾ പിന്നേയും പറഞ്ഞു.

ദേവകി ടീച്ചർ അവളോട് കുറച്ചുകൂടി അടുത്തിരുന്നു. "ശ്രീകലയ്ക്ക് ടീച്ചറോട് ഇഷ്ടമുണ്ടോ ?"

"ഉണ്ട് ടീച്ചർ, ഒത്തിരി ഇഷ്ടമാണ്."

"എന്നാൽ ടീച്ചർ പറയുന്നത് അനുസരിക്കണം. ഈ ചോറ് മുഴുവനും തിന്നണം."

അവൾ ദയനീയമായി ടീച്ചറെ നോക്കി. ടീച്ചർ പോയി കൈ കഴുകി വന്നു. പാത്രത്തിൽ നിന്ന് ചോറു വാരി ഒരുരുളയാക്കി. "വായ് തുറക്ക്, ഇത് കഴിക്ക്" സ്നേഹനിർഭരമായ ടീച്ചറുടെ നിർബന്ധത്തിന് മുന്നിൽ ഒരു നേഴ്സറി കുട്ടിയെന്നപോലെ ആ

പത്താം ക്ലാസ്സുകാരി വായതുറന്നു. ടീച്ചർ ആ ഉരുളച്ചോറ് അവളുടെ വായിൽ വെച്ചുകൊടുത്തു. ടീച്ചർ രണ്ടാമത്തെ ഉരുളയ്ക്കായി പാത്രത്തിൽ കയ്യിട്ടപ്പോൾ ശ്രീകല ടീച്ചറുടെ കൈയിൽ പിടിച്ചു.

''വേണ്ട ടീച്ചർ, ഞാൻ വാരി തിന്നോളാം.'' അവളുടെ കണ്ണിൽനിന്നു കണ്ണുനീർ പാത്രത്തിൽ ഇറ്റുവീഴുന്നുണ്ടായിരുന്നു. ടീച്ചർ അവളുടെ കണ്ണുനീർ തുടച്ചുപറഞ്ഞു, ''സാരമില്ല, ഒന്നും ഓർത്തു വിഷമിക്കണ്ട. ഈ ചോറും കറികളും മുഴുവൻ തിന്നുതീർത്തിട്ടേ ടീച്ചർ ഇവിടെനിന്നും എഴുന്നേൽക്കൂ.''

അവൾ പുഞ്ചിരിക്കാൻ ഒരു പാഴ്ശ്രമം നടത്തി. നാലുരുള ചോറ് അകത്തുചെന്നപ്പോൾ ശ്രീകലയുടെ മുഖത്ത് വെളിച്ചംവീണു. ആ ചോറു മുഴുവൻ സ്വാദോടെ അവൾ തിന്നുതീർത്തു. ടീച്ചർ പറഞ്ഞു, ''നല്ല കുട്ടി, വെള്ളം കുടിച്ചിട്ട് പോയി കൈ കഴുകിക്കോളൂ.'' അവൾ വെള്ളം കുടിച്ചു. അനിർവ്വചനീയമായ ഒരു സന്തോഷം അവളുടെ കണ്ണുകളിൽ തിളങ്ങി. അമ്മയുടെ മാറിൽ പറ്റിക്കിടന്നുകൊണ്ട് അമ്മയുടെ കണ്ണുകളിലേക്ക് നോക്കുന്ന അരുമക്കുഞ്ഞിന്റെ മുഖഭാവമായിരുന്നു അവൾക്കപ്പോൾ.

''ഞാനിതൊരിക്കലും മറക്കില്ല ടീച്ചർ'' അവളുടെ കണ്ഠമിടറി. കണ്ണുകളിൽ ജലബിന്ദുക്കൾ ഉരുണ്ടുകൂടി. ടീച്ചറവളുടെ പുറത്തുതട്ടി.

''എന്റെ കുട്ടി പോയി കൈ കഴുകിവരൂ.''

അവൾ കൈ കഴുകി വന്നു. ''ഞാൻ കാരണം ടീച്ചർ ഉച്ചയ്ക്ക് പട്ടിണിയായി.''

''അതൊന്നും സാരമില്ല. ഒരുനേരം ഭക്ഷണം കഴിച്ചില്ല എന്നുവെച്ച് എനിക്കൊരു കുഴപ്പവുമില്ല. മോൾക്ക് ഇപ്പോഴെങ്ങിനെയുണ്ട് ?''

''ഇപ്പോഴൊന്നുമില്ല ടീച്ചർ. ക്ഷീണമൊക്കെ മാറി.''

''എന്നാലിനി ക്ലാസ്സിലേക്ക് പൊയ്ക്കോളൂ.''

''ശരി, താങ്ക്യൂ ടീച്ചർ.''

ശ്രീകല സ്റ്റാഫ് റൂമിന്റെ പുറത്തേക്ക് ഇറങ്ങുമ്പോൾ ടീച്ചർ വിളിച്ചു, ''ഇങ്ങു വരൂ.''

അവൾ ടീച്ചറിന്റെ അടുത്തേക്ക് ചെന്നു. ''ശ്രീകല എന്റെ ചോറുണ്ടകാര്യം കുട്ടികളോടൊന്നും പറയേണ്ട. ഇന്ന് വൈകുന്നേരം സ്കൂൾ വിട്ട് ഞാനും ശ്രീകലയുടെ കൂടെ വീട്ടിലേക്ക് വരുന്നുണ്ട്.''

''അതുവേണ്ട ടീച്ചർ, ടീച്ചർ വരേണ്ട. എന്റെ വീടൊക്കെ തീരെ മോശമാ.''

''അതിനെന്താ വീട് ഞാനൊന്ന് കണ്ടുനോക്കട്ടെ. മോശം വീടും എനിക്കിഷ്ടാ.''

''എന്നാൽ സ്കൂൾ വിടുമ്പോൾ ഞാൻ ടീച്ചറെ കാത്തു നില്ക്കാം.'' അവൾ സമ്മതിച്ചു. അന്ന് വൈകുന്നേരം ശ്രീകലയോടൊപ്പം ചിന്നമ്മ ടീച്ചർ ശ്രീകലയുടെ വീട്ടിൽ എത്തി. അമ്മ വീട്ടിൽ ഉണ്ടായിരുന്നു. അകാല വാർദ്ധക്യം ബാധിച്ച ഒരു സ്ത്രീ. വെളുത്ത് മെലിഞ്ഞ് ദൈന്യത വിളിച്ചറിയിക്കുന്ന ക്ഷീണിച്ച മുഖം. പ്രകാശം മങ്ങിയ കണ്ണുകൾ. ടീച്ചറെ കണ്ടതോടെ അവർക്ക് വല്ലാത്ത ജാള്യത.

''അമ്മേ ഇത് എന്റെ ചിന്നമ്മ ടീച്ചറാണ്. ഈ ടീച്ചറാ എന്നെ മലയാളം പഠിപ്പിക്കുന്നത്.''

വളരെ സന്തോഷത്തോടെ ശ്രീകല ടീച്ചറെ പരിചയപ്പെടുത്തി. അമ്മ ടീച്ചറെ അകത്തേക്ക് വിളിച്ചു.

''ടീച്ചറെ ഇരിക്കാൻ നല്ല കസേരയൊന്നുമില്ല. വക്കടർന്ന ഒരു സ്റ്റൂൾ നീക്കിയിട്ടിട്ട് അവർ പറഞ്ഞു, ''ടീച്ചറിരിക്ക്.'' അവരുടെ തോളിൽ കിടന്ന നിറം മങ്ങിയ തോർത്തുകൊണ്ട് അവർ ആ സ്റ്റൂൾ തുടച്ചിട്ട് മുന്നോട്ടുനീക്കിയിട്ടു. ടീച്ചറിരുന്നു. സ്കൂളിൽവെച്ച് ശ്രീകലയ്ക്ക് തലകറക്കം ഉണ്ടായ കാര്യം ടീച്ചർ അമ്മയോട് പറഞ്ഞു.

ശ്രീകലയുടെ അമ്മ അവരുടെ കഷ്ടപ്പാടുകൾ ടീച്ചറോട് പറഞ്ഞു. പത്ത് സെന്റ് സ്ഥലവും ഈ കൊച്ചുവീടും മാത്രമേയുള്ളൂ. കാര്യമായ ആദായമൊന്നുമില്ല. അവർ കൂലിപ്പണിയെടുത്താണ് കുടുംബം പുലർത്തുന്നത്. കുടിയനായ ഭർത്താവ് കുടുംബകാര്യങ്ങളൊന്നും നോക്കാറേയില്ല. തെക്കേടത്തുകടവിൽ മണൽ ലോറികളിൽ കയറ്റിക്കൊടുക്കുന്ന പണിയാണിപ്പോൾ. പുഴയിൽ നിന്ന് വാരി തോണിയിൽ കയറ്റി കൊണ്ടുവരുന്ന വെള്ളമൊലിക്കുന്ന മണൽ റബ്ബർ കുട്ടയിൽ തലയിലേറ്റി ലോറിയിലിടണം. നല്ല അദ്ധ്വാനമുള്ള ജോലി. കുട്ട തലയിലെടുത്ത് അവരുടെ മുടിയെല്ലാം പൊഴിഞ്ഞുതുടങ്ങിയിരുന്നു. അവർ പണിക്കുപോയില്ലെങ്കിൽ കുടുംബം പട്ടിണിയിലാകും.

''വേറെ മക്കൾ ?'' ടീച്ചർ ചോദിച്ചു.

''ശ്രീകലയുടെ മൂത്ത ഒരു കുട്ടിയുണ്ട്. ശ്രീലക്ഷ്മി. അവൾ പേരാമ്പ്ര എം. ജി. കോളേജിൽ പഠിക്കുന്നു. എനിക്ക് രണ്ടു പെൺമക്കളാണ്.'' അവർ ദീർഘനിശ്വാസം വിട്ടു.

''സത്യം പറഞ്ഞാ ടീച്ചറെ ഇന്ന് രാവിലെ ഒന്നും കഴിക്കാതെയാ ശ്രീകല സ്കൂളിൽ പോയത്. ഒരു സാധനവും അവൾക്ക് കൊടുക്കാനില്ലായിരുന്നു. അവളോട് ഞാനിന്ന് പോകണ്ട എന്ന് പറഞ്ഞതാണ്. പോയില്ലെങ്കിൽ പഠിത്തം ശരിയാകില്ല എന്നും പറഞ്ഞവൾ പോയതാണ്. എന്തുചെയ്യാം എന്റെ കുട്ടിക്കീ ഗതിവന്നല്ലോ.'' അവരുടെ കണ്ണുകൾ നിറഞ്ഞു. ''ഒരാഴ്ചയായി പണിക്കുപോയിട്ട്. വല്ലാത്തൊരു തലവേദന. അതാ ടീച്ചറെ പറ്റിപ്പോയത്. ഞാൻ മണലുചുമക്കാൻ പോയില്ലെങ്കി ഈ വീടു പട്ടിണിയാ.''

''പറഞ്ഞിരുന്നു നേരം പോയി. ഞാൻ പിന്നെ വരാം.'' ടീച്ചറെഴുന്നേറ്റു. ബാഗ് തുറന്ന് 500 ന്റെ നോട്ടെടുത്ത് അമ്മയുടെ കൈപിടിച്ച് അതിൽവെച്ചു. അവർ പറഞ്ഞു, ''അയ്യോ എന്താ ഇത് ? ഇതൊന്നും വേണ്ട ടീച്ചർ.''

''അങ്ങനെ പറയരുത്. എന്റെ ഒരു സന്തോഷത്തിനാണ്. അമ്മയുടെ കൈയിൽ പണം ബാക്കി വരുമ്പോൾ മടക്കിത്തന്നോളൂ.'' അതു പറഞ്ഞ് ടീച്ചർ മുറ്റത്തേക്കിറങ്ങി. റോഡുവരെ ശ്രീകലയും ടീച്ചറോടൊപ്പം നടന്നു.

''ശ്രീകല എത്ര കഷ്ടപ്പെട്ടാലും നീ പഠനം മുടക്കരുത്. പഠനത്തിൽ നന്നായി ശ്രദ്ധിക്കണം. എന്നാൽ നിനക്കൊരു നല്ല ഭാവിയുണ്ടാകും. നിനക്ക് എന്തെങ്കിലും വിഷമമുണ്ടായാൽ എന്നോട് പറയാൻ

മടിക്കേണ്ട.'' ദേവകി ടീച്ചർ അവളുടെ കൈപിടിച്ചുകൊണ്ട് പറഞ്ഞു. നന്നായി പഠിക്കുന്ന അച്ചടക്കമുള്ള ഒരു കുട്ടിയാണ് ശ്രീകലയെന്ന് ടീച്ചർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടുതന്നെ ടീച്ചർക്കവളെ വളരെ ഇഷ്ടവുമായിരുന്നു.

വർഷങ്ങൾ പത്ത് കഴിഞ്ഞു. ശ്രീകല പഠിച്ച ഹോളി ഫാമിലി ഹൈസ്കൂളിൽ പൂർവ്വ വിദ്യാർത്ഥിസംഗമം നടക്കുന്നു. ആ ബാച്ചിലുള്ള കുട്ടികളിൽ ഭൂരിഭാഗം പേരും എത്തിച്ചേർന്നു. യോഗം ആരംഭിച്ചു. അന്നത്തെ അദ്ധ്യാപകരും മിക്കവരും സ്റ്റേജിലുണ്ട്. കുട്ടികൾ ഓരോരുത്തരായി സ്വയം പരിചയപ്പെടുത്തി സംസാരിക്കുന്ന സമയം. ശ്രീകലയുടെ ഊഴമെത്തി. അവൾ സ്റ്റേജിന്റെ പിന്നിലേക്ക് തിരിഞ്ഞുനോക്കി. തന്റെ പ്രിയപ്പെട്ട അദ്ധ്യാപകരെല്ലാരുമുണ്ട് വേദിയിൽ. ചിന്നമ്മ ടീച്ചറിൽ അവളുടെ കണ്ണുകളെത്തിയപ്പോൾ ആ കണ്ണുകളിൽ തിളക്കം. ഒരു മന്ദസ്മിതം ടീച്ചർക്ക് സമ്മാനിച്ച് അവൾ ആരംഭിച്ചു. ''എന്റെ ഏറ്റവും പ്രിയപ്പെട്ട ഗുരുജനങ്ങളെ, പ്രിയപ്പെട്ട സഹപാഠികളെ, നിങ്ങൾക്കെന്റെ വിനീത നമസ്ക്കാരം. പത്ത് വർഷങ്ങൾക്കുശേഷം ഈ വിദ്യാലയമുറ്റത്തെത്താൻ കഴിഞ്ഞതിൽ അതിയായ സന്തോഷം. എന്റെ ബാല്യകൗമാരങ്ങൾ കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു. ക്ലാസ്സിൽ നന്നായി പഠിച്ചിരുന്നതുകൊണ്ട് എനിക്ക് എസ്. എസ്. എൽ. സി. ക്ക് ഡിസ്റ്റിംഗ്ഷനോടുകൂടി പാസാകാൻ സാധിച്ചു. അതിനുശേഷം വളരെ കഷ്ടപ്പെട്ട് പേരാമ്പ്ര ഹയർ സെക്കണ്ടറിയിൽ നിന്ന് പ്ലസ്ടു പാസ്സായി. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽനിന്ന് മലയാളം ഐച്ഛികവിഷയമായി ഡിഗ്രിയും പിന്നീട് പി.ജി.യും എടുത്തു. നല്ല മാർക്കുണ്ടായിരുന്നതുകൊണ്ട് ബി. എഡിന് സെലക്ഷൻ കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ഞാനിപ്പോൾ കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപികയാണ്. എല്ലാം ഈശ്വര കടാക്ഷം.

വളരെ സന്തോഷത്തോടെയും അഭിമാനത്തോടെയും ഞാനൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. എന്നെ ഞാനാക്കിമാറ്റിയത് ഈ സരസ്വതീക്ഷേത്രമാണ്. ഒന്നുമല്ലാതിരുന്ന എന്നെ ഒരു അദ്ധ്യാപികയാക്കിയതിൽ അതും ഒരു മലയാളം അദ്ധ്യാപികയാക്കിയതിന് പിന്നിൽ ഒരു കഥയുണ്ട്. ഈ വിദ്യാലയത്തിലെ മലയാളം അദ്ധ്യാപികയായ ചിന്നമ്മ ടീച്ചറെ എനിക്കിഷ്ടമായിരുന്നു. ഇഷ്ടമെന്നു പറഞ്ഞാൽ പോര, ഒത്തിരി ഇഷ്ടം. തെക്കേടത്തുകടവിലെ പുഴയിൽ നിന്നും മണൽ ചുമന്ന് കിട്ടിയ കൂലി കൊണ്ട് എന്നെ പഠിപ്പിച്ച, പട്ടിണി കിടന്ന് എനിക്ക് ചോറു തന്ന എന്റെ മരിച്ചുപോയ അമ്മയെപ്പോലെ ചിന്നമ്മ ടീച്ചറെ ഞാൻ സ്നേഹിച്ചു. ആ സ്നേഹം മലയാളഭാഷയോടും എനിക്കുണ്ടായി. ആ സ്നേഹം കൊണ്ടാണ് ഡിഗ്രിക്കും പി.ജി.ക്കും മലയാളം ഐച്ഛികമായെടുത്തത്. മലയാളഭാഷയോടും മലയാള കവിതയോടും എനിക്ക് അടുപ്പമുണ്ടാക്കിയ എന്റെ ചിന്നമ്മ ടീച്ചറെ ഒരിക്കൽ കൂടി കാണാൻ ഇടയായതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ടീച്ചറുടെ കവിതാലാപനം ഇന്നും എന്റെ കാതുകളിലുണ്ട്. കവിതകൾ ചൊല്ലി ചൊല്ലി ഞാനും കവിതകൾ എഴുതാൻ തുടങ്ങി. ഞാൻ ഒരു കവിതാസമാഹാരം അച്ചടിച്ചുകൊണ്ടുവന്നിട്ടുണ്ട്. ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ വിശപ്പുകൊണ്ട് തല കറങ്ങി ക്ലാസ്സിലെ ഡസ്കിൽ തലവെച്ചുകിടന്നപ്പോൾ എന്നെ വിളിച്ചുകൊണ്ടുപോയി സ്വന്തം പൊതിച്ചോറെന്നെക്കൊണ്ട് നിർബന്ധിച്ചൂട്ടിയ എന്റെ പ്രിയപ്പെട്ട ഗുരുനാഥയ്ക്ക് എന്റെ ഈ കവിതാസമാഹാരത്തിന്റെ ആദ്യ പ്രതി നല്കാനാഗ്രഹിക്കുന്നു. ഈ കൃതിയുടെ പേര് 'ഗുരുദക്ഷിണ' !! ഈ എളിയ ഗുരുദക്ഷിണ സ്വീകരിക്കുവാൻ എന്റെ പ്രിയ ടീച്ചറോട് വിനീതമായി അപേക്ഷിക്കുന്നു. ദയവായി ടീച്ചർ ഈ ഉപഹാരം സ്വീകരിച്ച് എന്നെ അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീകല പിറകിലേക്ക് തിരിഞ്ഞുനോക്കി. ചിന്നമ്മ ടീച്ചർ പ്രസന്നവദനയായി എഴുന്നേറ്റ് മുന്നോട്ടു വന്നു. സ്റ്റേജിന്റെ മധ്യത്തിലെത്തിയപ്പോൾ 'ഗുരുദക്ഷിണ'യുമായി ശ്രീകല ടീച്ചറെ സമീപിച്ചു. ടീച്ചറിന്റെ കാൽതൊട്ടുവണങ്ങി ആദരപൂർവ്വം ടീച്ചർക്ക് തന്റെ പുസ്തകത്തിന്റെ ആദ്യപ്രതി നൽകി. സ്നേഹപൂർവ്വമത് സ്വീകരിച്ച ടീച്ചർ തന്റെ പ്രിയശിഷ്യയെ അനുഗ്രഹിച്ചു. ടീച്ചർ മൈക്കിനടുത്തേക്ക് നീങ്ങി.

''ഈ വിദ്യാലയത്തെ സ്നേഹിക്കുന്ന, എന്നെ സ്നേഹിക്കുന്ന മലയാള ഭാഷയെ സ്നേഹിക്കുന്ന എന്റെ പ്രിയശിഷ്യ - ഇന്നൊരു കവിയത്രിയായിരിക്കുന്നു. വളരെ വളരെ സന്തോഷം. ഇനിയും നല്ല ഗ്രന്ഥങ്ങൾ ശ്രീകലയിൽ നിന്നും ഉണ്ടായി മാതൃഭാഷ സമ്പന്നമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എനിക്ക് കിട്ടിയ ഈ 'ഗുരുദക്ഷിണ' എന്റെ ജീവിതത്തിലെ ഒരു അമൂല്യനിധിയായി ഞാൻ കണക്കാക്കുന്നു. ശ്രീകലയ്ക്ക് എന്റെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ !!''

യോഗപരിപാടികൾ അവസാനിച്ചു. ശ്രീകല ടീച്ചറിന്റെയടുത്തേക്ക് ഓടിവന്നു. ''ഞാൻ മനസ്സിൽ സൂക്ഷിച്ചുവെച്ച ഒരു കാര്യം ടീച്ചറോട് തുറന്നുപറഞ്ഞോട്ടെ.''

''പറഞ്ഞോളൂ ശ്രീകല, എന്താണ് ?''

അവൾ പറഞ്ഞു ''എന്റെ അമ്മ മരിച്ചുപോയി. ഞാൻ അമ്മയെപ്പോലെ സ്നേഹിക്കുന്ന എന്റെ പ്രിയപ്പെട്ട ടീച്ചറെ ഞാൻ അമ്മേയെന്ന് ഒന്നു വിളിച്ചോട്ടെ'' അവൾ ഗദ്ഗദ കണ്ഠയായി. അവളുടെ കണ്ണുകൾ നിറഞ്ഞു.

''അമ്മേയെന്ന് ഒന്നല്ല, ഒരായിരം പ്രാവശ്യം വിളിച്ചോളൂ കുട്ടീ. എനിക്ക് നീ മകളെപ്പോലെ തന്നെയാണ്.'' ചിന്നമ്മ ടീച്ചർ ഒരു മകളെയെന്നപോലെ തന്റെ പ്രിയശിഷ്യയെ വാരിപ്പുണർന്നു. അപ്പോൾ മുല്ലപ്പൂവിന്റെ മണമുള്ള മന്ദമാരുതൻ അവരെ തഴുകി കടന്നുപോയി. ആ അമ്മ ടീച്ചറുടെ കണ്ണിൽ നിന്നും ആനന്ദാശ്രുക്കൾ തന്റെ പ്രിയ ശിഷ്യയുടെ മൂർദ്ധാവിലും ശ്രീകലയുടെ കണ്ണുനീർത്തുള്ളികൾ ടീച്ചറുടെ പാദങ്ങളിലും പതിച്ചു. അദ്ധ്യാപികയായ ചിന്നമ്മ ടീച്ചർ ഒരു ദേവിയായി മാറിയതുപോലെ പറയാനാവാത്ത ഒരനുഭവം. ●

■ കവിത



വിജയൻ കല്ലട
9605407260, 0494 2405580

# ഓണമെത്തുമ്പോൾ

ഓണമടുത്തുപോയ് നാട്ടിലെല്ലാം
കാണുവാനെന്തുണ്ടീ കേരളത്തിൽ.
ഇമ്പമായ് പാടുന്നരുവിയില്ല
ആമ്പൽ നിറയും തടാകമില്ല
ഇമ്പമാം പാട്ടിന് തുമ്പിതുള്ളാൻ
തുമ്പം കലരുന്ന ബാല്യമില്ല
തുമ്പികളൊന്നുമേ പാറുന്നില്ല
തുമ്പച്ചെടികളുമെങ്ങുമില്ല.
മാകന്ദത്തോപ്പിലെ തേൻനുകർന്ന്
ഇമ്പമായ് കൂകും കുയിലുമില്ല.
തെച്ചിമന്ദാരങ്ങളൊന്നുമില്ല
മുക്കുറ്റിപ്പൂക്കളെ കാണ്മാനില്ല
പൂക്കളം തീർക്കുവാനന്യദേശ-
പൂക്കളെമ്പാടും ലഭിക്കുമല്ലോ?
ശുദ്ധജലമൊട്ടുമില്ലയെന്നാൽ
മദ്യം സുലഭമായ് കിട്ടുമല്ലോ?
കൊയ്ത്തുപാട്ടും തിരുവാതിരയും
കൈകൊട്ടിപ്പാട്ടുമിങ്ങൊട്ടുമില്ല.
ഓണവില്ലില്ലോണപ്പാട്ടുമില്ല-
ഓണക്കളിയോണത്തല്ലുമില്ല.

പുസ്തകങ്ങൾ

ഏറ്റവും
കുറഞ്ഞ ചിലവിൽ

ഉന്നത നിലവാരത്തിൽ
പ്രസിദ്ധീകരിക്കുവാൻ

ഏക തത്ത്വ
പബ്ലിക്കേഷൻ
പാലക്കാട് -1

മൊബൈൽ : 9446443321,
9387118131

തവണകളായും പണമടയ്ക്കാം.

■ കഥ



ജനാർദ്ദനൻ പി. വണ്ടാഴി
8089060168, 9539206386

# കൊതുകുമന്ത്രം

“ആവൂ, പെണ്ണേ എന്റെ മുതുകൊന്ന് ചൊറിയെടീ...” കൊച്ചുമകളോട് അയാൾ പാരവശ്യത്തോടെ പറഞ്ഞു. അപ്പൂപ്പന്റെ മുതുകു ചൊറിയുമ്പോൾത്തന്നെ കൊച്ചുമോൾ തന്റെ കൈയിലും കാലിലും ഏറ്റ കൊതുകുകടിയുടെ തിണർത്ത പാടുകൾ കാട്ടിക്കൊടുത്തു.

“എന്താപ്പാ, ഇങ്ങനേം ഒരു കൊതുകു പടയോ ?” അയാൾ പ്രാകി. എല്ലാവരുടേയും പരാതി ഇത് തന്നെയായിരുന്നു. “ഇവറ്റ ഇത്രേക്കെ എവിടെയാ ഉണ്ടാകുന്നത് ?”

ഇറാഖിന്റെ മുകളിലേക്ക് പറന്നുയർന്ന അമേരിക്കൻ വിമാനങ്ങൾ പോലെ ചോരക്കൊതിയൻമാരുടെ ഒരുപട. ഇവറ്റകൾ കടിച്ചോട്ടെ. ചോര കുടിച്ച് വറ്റിച്ചോട്ടെ. എന്തു ചൊറിച്ചിലാണ്. സഹിക്കാൻ വയ്യ!

“ഫാൻ ഫുൾസ്പീഡിൽ കറങ്ങിയിട്ടും രക്ഷയില്ല. അവറ്റകൾ സർക്കസ് പഠിച്ചുപോയി. കാറ്റിന്റെ ഒഴുക്കിനൊത്ത് പറന്ന് അവ ലക്ഷ്യത്തിലെത്തുന്നു. ഓരോ തുടം ചോരയാണ് അവ കുടിച്ചെടുക്കുന്നത്. ഇങ്ങനെ പോയാൽ ഇവ ചോര കുടിച്ചുവറ്റിക്കും.” ഇത് അപ്പൂപ്പന്റെ മൂത്ത മകനും, കോർപ്പറേഷൻ അതിർത്തിയിലെ ഒരു സർക്കാർ സ്ഥാപനത്തിലെ യുഡിസിയുമായ ഭാസ്ക്കരൻകുട്ടിയുടെ പരാതിയാണ്. ഇത് ഇഴഞ്ഞ മട്ടിൽ ജോലി ചെയ്യുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥൻ ഇന്നോ ഇന്നലെയോ ആയി മെനഞ്ഞെടുത്ത പരാതിയല്ല. പരാതിക്ക് ഏറെക്കാലത്തെ പഴക്കം തന്നെയുണ്ട്. ഈ കൊതുകുകളോട് ഒരു യുദ്ധത്തിന് വയ്യേ വയ്യേ എന്ന നിസ്സഹായത അയാളുടെ സ്വരത്തിൽ നിറഞ്ഞുനിന്നു.

അപ്പോഴാണവർ കമ്പോളത്തിലെ നിരവധി കൊതുകുനാശിനികളെപ്പറ്റി ഓർത്തത്. ആധുനികനായ പായകളും അത്യന്താധുനികനായ ലിക്വിഡുകളും! ഇതിനൊക്കെ മുമ്പൻ അരിമുറുക്കാകൃതിയിലുള്ള തിരികളായിരുന്നു. പൗരാണികനെ ഇപ്പോൾ ഉപയോഗിക്കാറില്ല. നായതുളസിച്ചെടി മുറിയിൽ കെട്ടിത്തൂക്കിയാൽ അതിലും കൊതുകുകൾ പറ്റിത്തൂങ്ങിക്കിടക്കും.

തിരിയും പായകളും കത്തിച്ചുമടുത്തു. അതിന്റെ മണം ഇവറ്റകൾക്ക് ഉത്തേജനൗഷധമാകുന്നോ എന്നൊരു സംശയം. കൊച്ചുമോൻ ഗോപീകൃഷ്ണനെ വിട്ട് ടൗണിൽ നിന്ന് ഏറ്റവും അത്യാന്താധുനികനായ ലിക്വിഡും യന്ത്രവും വാങ്ങിപ്പിച്ചു.

ഇന്നെന്തായാലും കൊതുകുകൾ രക്ഷപ്പെടില്ല. കൊതുകുപടയെ ഒന്നോടെ അമർച്ച ചെയ്യാൻ പോരുന്ന രാസായുധം എത്തിയിരിക്കുന്നു. എല്ലാവരും സന്തോഷിച്ചു. കാലിൽ കടിച്ച് രക്തമൂറ്റിക്കുടിക്കുന്ന കൊതുകിനോട് അല്പം ഗമയോടെ തന്നെ മണിക്കുട്ടി പറഞ്ഞു, “ഒന്നു സന്ധ്യയായിക്കോട്ടെ. നെന്നേക്കേ കൊല്ലാനുള്ള യന്ത്രം എത്തീട്ടുണ്ട്. കടിച്ചോ, അവസാനത്തെ ഒരുതുള്ളി രക്തം കുടിച്ചോ. അല്പം കടിയൊക്കെ ഞാൻ സഹിച്ചോളാം.”

വെയിൽ മങ്ങിത്തുടങ്ങി. കൊതുകുകൾ ഉണർന്നുതുടങ്ങി. കൊതി മൂത്ത് സഹിക്കാൻ കഴിയാത്തവ ചോര തേടി മുഴുത്ത മനുഷ്യനെ അന്വേഷിച്ച് പുറപ്പെട്ടു. കലണ്ടറിലെ അസ്തമന സമയം 6.31. ഗവൺമെന്റിന്റെ പവർകെട്ടിന്റെ ആരംഭം ആറ് മുപ്പത്. സൂര്യൻ മുഴുവൻ മറയു

ന്നതിനുമുൻപ് സർക്കാർ വിളക്കുകൾ കണ്ണടച്ചു.

യുദ്ധഭേരി മുഴക്കിക്കൊണ്ട് കൊതുകുകൾ പാഞ്ഞടുത്തു. ചെവിക്കരികിൽ ചുറ്റിപ്പറന്ന് വിപ്ലവകാരികളെപ്പോലെ അവ വെല്ലുവിളി നടത്തി. തടുക്കാമെങ്കിൽ തടുത്തോളു, ചോരയെടുക്കും കട്ടായം. പതിവു പരാതികൾ ഉയരുന്നു. ടപ്പോ... ടപ്പോ... എന്ന അടി ശബ്ദം ഇടയ്ക്കിടയ്ക്കുയരുന്നു. ചില കൊതുകുകൾ ദാരുണ മരണം വരിച്ചും, ചിലവ സമർത്ഥമായി പറന്നകന്നും യുദ്ധം തുടർന്നുകൊണ്ടേയിരുന്നു.

സർക്കാർ വിളക്കുകളുടെ പണിമുടക്ക് അനൗദ്യോഗികതയിലേക്ക് നീളുന്നു. പരാതികൾ പ്രാക്കായി മാറുന്നു. യന്ത്രം പ്രവർത്തനം തുടങ്ങുന്നതിനുമുമ്പെ ശക്തിയായ കൊതുകാക്രമണം നടന്നുകഴിഞ്ഞിരിക്കുന്നു. ആദ്യം വന്നവ ചോരയും ഊറ്റിയെടുത്ത് സ്ഥലം വിട്ടിരിക്കുന്നു. യന്ത്രം പ്രവർത്തിച്ചുതുടങ്ങിയാൽ അല്പം ആശ്വാസം. ഓടിട്ട വീടായതുകൊണ്ട് രാസായുധത്തിന്റെ പ്രസരണം പുറത്തേക്ക് അതിവേഗത്തിലാണ്. അതുകൊണ്ട് കൊതുകുകൾ പോകുന്നില്ല. ഇപ്പോഴും അവ മൂളിച്ചുറ്റി നടക്കുകയാണ്.

അപ്പൂപ്പൻ ചെവിക്കരുകിലൂടെ പറന്നുപോയ കൊതുകിനെ ലക്ഷ്യമാക്കി വിഫലമായ ഒരടി പാസാക്കി. ''എന്താണ്ടാ ആ കുന്ത്രാണ്ടം നിർത്തീട്ടിരിക്കുകയാണോ ?''

''ഇല്ല മുത്തശ്ശാ.'' ഗോപീകൃഷ്ണൻ സംശയനിവാരണത്തിനായി യന്ത്രത്തിന്റെ അടുത്തുചെന്ന് പരിശോധിച്ചു. അതാ, അപ്പോഴേക്കും അമ്മയുടെ ശബ്ദം. ''ഇവറ്റകളൊന്നും ചാവില്ലേ ?'' തുടർന്ന് കൊതുകുകളെ തല്ലിക്കൊല്ലുന്ന ശബ്ദം. ''ഇതുകളെ കൊല്ലാൻ ഇനി പെര തീവെയ്ക്കേണ്ടിവരോ ?''

ഒടുവിൽ, അത്യന്താധുനിക രാസായുധം കൊതുകൾക്കുമുമ്പിൽ കീഴടങ്ങി. കൊതുകുപട വിജയശ്രീലാളിതരായി വിപ്ലവാവേശിതരായി വെന്നിക്കൊടി പറപ്പിച്ചുകൊണ്ട് പാടി : ''തടുക്കാമെങ്കിൽ തടുത്തോളു, ചോരയെടുക്കും കട്ടായം.''

ഇനി ഒരു പരീക്ഷണങ്ങൾക്കും ഇല്ലെന്നും തീരുമാനിച്ചിരിക്കുന്ന സന്ദർഭത്തിലാണ് ഗോപീകൃഷ്ണൻ എന്തോ നേടിയെടുത്ത സന്തോഷത്തോടെ തുള്ളിച്ചാടി വരുന്നത്. അവന്റെ കൈയിൽ ഒരു വാരിക കുഴൽ പോലെ ചുരുട്ടിപ്പിടിച്ചിട്ടുണ്ട്.

''എന്താടാ നീ നെലത്ത് നിക്കാത്തത് ?'' അവൻ കൈയിലെ കുഴൽ പരുവത്തിലുള്ള വാരിക നിവർത്തുന്നു. എല്ലാ തലകളും അങ്ങോട്ടു നീളുന്നു. എളുപ്പത്തിൽ കൊതുകിനെ നശിപ്പിക്കാം! വലിയൊരു തലക്കെട്ട്. അതിനിടയിൽ ചത്തുമലർന്നു കിടക്കുന്ന അനേകം കൊതുകുകൾ. ഗോപീകൃഷ്ണൻ ഒരു നായകന്റെ ഗമയിൽ ഷർട്ടിന്റെ കോളർ ഒന്നുപിടിച്ചിട്ട് ചുറ്റും ഒന്ന് കണ്ണോടിച്ച് വാർത്ത വായിച്ചുതുടങ്ങി.

ചോരക്കൊതിയന്മാരായ കൊതുകുകളിൽ നിന്ന് എളുപ്പത്തിൽ രക്ഷനേടാം. വിദഗ്ദ്ധന്മാർ സമ്മതിച്ചിട്ടുള്ളതും, ഋഷീശ്വരന്മാർ താളിയോലകളിൽ എഴുതിവെച്ചിട്ടുള്ളതുമായ ഒരമൂല്യ മന്ത്രം. വെറും അമ്പതുരൂപ. താഴെ കാണുന്ന അഡ്രസ്സിൽ മണിയോർഡർ അയക്കുക. എത്രയും വേഗത്തിൽ കൊതുകുമന്ത്രം സ്വന്തമാക്കൂ! ചോര കുടിയന്മാരിൽ നിന്നും രക്ഷനേടൂ! കേൾവിക്കാരിൽ പലരും വല്ലാത്തൊരു പ്രതിസന്ധിക്ക് പ്രതിവിധി കണ്ടെത്തിയതുപോലെ ആശ്വാസം കൊണ്ടു. പിറ്റേന്നു തന്നെ അമ്പതുരൂപ കൊതുകുമന്ത്രം ആപ്പീസിലേക്ക് അയക്കപ്പെട്ടു. മൂളിപ്പറന്നുനടക്കുകയും സൗകര്യം കിട്ടിയാൽ ചോരയൂറ്റിക്കുടിക്കുന്ന കൊതുകുകളോട് ഒരു ഭീഷണിയുടെ സ്വരത്തിൽ അവർ മുന്നറിയിപ്പുനല്കി. നെന്റെ ഈ നെഗളിപ്പുണ്ടല്ലോ. അതൊക്കെ ഇനി എത്ര ദെവസൂണ്ടാവും. മന്ത്രം ഒന്നെത്തിക്കോട്ടെ.

കൊതുകുകൾ ചെവിക്കരികിൽ പറന്നടുത്ത് ശക്തമായി വെല്ലുവിളിച്ചു. ''കാണാം... കാണാം.'' കൊതുകുകടികൊണ്ട് വശംകെട്ട പതിനഞ്ചുദിനങ്ങൾ കടന്നുപോയി. ചൊറിഞ്ഞുചൊറിഞ്ഞ് നഖങ്ങൾക്കിടയിൽ ചെളി പറ്റിപ്പിടിച്ചു. പോസ്റ്റുമാൻ വലിയൊരു പൊതി താങ്ങിയെത്തി. അമ്പതുരൂപ കൂടെ അടക്കണം. മന്ത്രമിങ്ങെത്തിയില്ലെ, പിന്നെ അമ്പതുകൂടി പോയാലെന്ത് ? പോസ്റ്റുമാൻ കാട്ടിക്കൊടുത്ത ഇടങ്ങളിലൊക്കെ ഒപ്പുവെച്ച് മന്ത്രത്തെ സ്വന്തമാക്കി.

പിന്നെ ഒരുത്സവത്തിന്റെ പ്രതീതിയാണ് അവിടെ ഉണ്ടായത്. ആ വീട്ടിലെ ആബാലവൃന്ദം ജനങ്ങളും പെട്ടിക്കുചുറ്റും വട്ടമിട്ടുനിന്നു. ഗോപീകൃഷ്ണൻ പാഴ്സൽ അഴിച്ചു തുടങ്ങി. ആദ്യത്തെ പെട്ടിക്കകത്താ വേറൊരു പെട്ടി. ആ പെട്ടിക്കകത്താ മറ്റൊരു പെട്ടി.

''ഇതെന്താണ്ടാ പാഞ്ചാലീടെ വസ്ത്രാക്ഷേപം പോലെ.'' അച്ഛന്റെ തമാശകൾ മാലപ്പടക്കങ്ങളുതിർത്തിട്ടും അവൻ പണി തുടർന്നുകൊണ്ടിരുന്നു. അഴിച്ചഴിച്ച് പെട്ടിയൊരു കുഞ്ഞുപെട്ടിയായി. അഴിച്ചിട്ട കടലാസുകൾ ഒരു വട്ടിക്കോളവും. ഇപ്പോഴും എല്ലാവരിലും ആകാംക്ഷ കത്തിജ്ജ്വലിച്ചുനിൽക്കയാണ്. ചെറിയ പെട്ടി തുറന്നു. അതിനകത്തതാ നാലായി മടക്കിയ ഒരു കടലാസ് ! തലകൾ ഒന്നുകൂടി അങ്ങോട്ടു നീളുന്നു. ഇതാ കൊതുകുമന്ത്രം കിട്ടിപ്പോയി. ആകാംക്ഷാഭരിതമായ നിമിഷങ്ങൾ. ഗോപീകൃഷ്ണന്റെ കൈയിൽ മന്ത്രമിരിക്കുന്നു. അവൻ ഉച്ചത്തിൽ വായിച്ചുതുടങ്ങി: ''ഋഷീശ്വരന്മാരാലും തലമുറതലമുറയായും ഉപയോഗിച്ചുവരുന്ന സിദ്ധൗഷധമാണ് ഈ മന്ത്രം. രക്തദാഹിയായ ഒരു കൊതുക് ഇടതുകാലിൽ കടിച്ചെന്നിരിക്കട്ടെ, വലതുകൈകൊണ്ട് അതിനെ അടിച്ചുകൊല്ലുക. വലതുകാലിലാണ് വന്നിരിക്കുന്നതെങ്കിൽ ഇടതുകൈകൊണ്ട് കൊല്ലാം. കൈയെത്താൻ പറ്റാത്ത മുതുകത്താണെങ്കിൽ പരസഹായം തേടാം. കൊതുക് കൂടുതലുള്ള സ്ഥലത്തെ ആൾക്കാർ ഇരുകൈകളിലും അല്പം നഖം വളർത്തുന്നതും നല്ലതാണ്. ചൊറിച്ചിലിനുള്ള ഏറ്റവും നല്ല ഔഷധം മാന്തൽ തന്നെയാണ്.''

പണം പോയ ദുഃഖം മറന്ന് അവിടെ കൂട്ടപ്പൊട്ടിച്ചിരി മുഴങ്ങി. പരമ്പരാഗതവും ഋഷീശ്വരന്മാരാൽ താളിയോലയിൽ രേഖപ്പെടുത്തപ്പെട്ടതുമായ കൊതുകുമന്ത്രം ഗ്രഹിച്ച സന്തോഷത്തോടെ. ●

■ കഥ

# താള്




**ടി. കെ. ഉണ്ണികൃഷ്ണൻ**

**0491–2578098, 9447972209**


**നാ**ളത്തെ പത്രത്തിൽ ഒരു കർഷകന്റെ ആത്മഹത്യകൂടി വരും. കാറ്റും ഭയങ്കര മഴയും കൃഷി മുഴുവൻ നശിപ്പിച്ചിരിക്കുന്നു. മേൽപ്പറമ്പിൽ നട്ട വാഴകൾ കാട്ടാനകളും നശിപ്പിച്ചു. രണ്ടുവർഷത്തേക്ക് പാട്ടത്തിനെടുത്ത ഭൂമിയാണ്. ഭൂമി ഉടമയ്ക്ക് പകുതി പണമേ കൊടുത്തിട്ടുള്ളു. ബാക്കി കിട്ടാൻ അയാൾ നിത്യവും വരവാണ്. കൃഷി ഇറക്കിയത് ബ്ലെയ്ഡുകാരിൽ നിന്ന് കടം വാങ്ങിയാണ്. സ്വന്തം ഭൂമി ഇല്ലാത്തതിനാൽ ബാങ്കുകാർ കടം തന്നില്ല. ബ്ലെയ്ഡുകാർ ഗുണ്ടകളെ കാട്ടി പേടിപ്പിക്കുന്നു. ഇരിക്കുന്ന ചെറിയ വീട് വാടകയ്ക്കാണ്. വീട്ടിൽ ഭാര്യയും മകളുമുണ്ട്. മകൾ പന്ത്രണ്ട് പാസ്സായതോടെ പഠിത്തം നിർത്തി. പഠിക്കാൻ മോഹമില്ലാഞ്ഞിട്ടല്ല. പണമില്ലാഞ്ഞിട്ട്. ചുറ്റുമുള്ളവരോടെല്ലാം കടം വാങ്ങിക്കഴിഞ്ഞു. ഇനി മുന്നോട്ടുപോകാൻ ഒരു വഴിയും കണ്ടില്ല. അപ്പോഴാണ് ഈ തീരുമാനത്തിലെത്തിയത്. ഭക്ഷണത്തിൽ വിഷം ചേർത്ത് എല്ലാവരും മരിക്കാം എന്ന് ആലോചിച്ചതാണ്. പക്ഷെ ഭാര്യയേയും മകളേയും കൂട്ടി മരിക്കുമ്പോൾ കൊന്ന പാപം ഏറ്റെടുക്കാനൊരു മടി. അവരെ ദൈവത്തിനുവിട്ട് ഒറ്റയ്ക്ക് പോകാൻ തന്നെ തീരുമാനിച്ചു.

പുലർച്ചെ ഉറങ്ങിക്കിടക്കുന്ന ഭാര്യയേയും മകളേയും ഉണർത്താതെ അയാൾ പുറത്തേക്കിറങ്ങി. വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന വയലിലൂടെ റോഡിലേക്ക് നടക്കുമ്പോൾ തുണി നനയുന്നത് അയാൾ ശ്രദ്ധിച്ചില്ല. ഇനി എന്തു നനഞ്ഞാലെന്താ.

ഉറച്ച തീരുമാനവുമായി റോഡിലൂടെ നടക്കുമ്പോൾ മലമ്പുഴ ഡാം ലക്ഷ്യമിട്ടു. നാലഞ്ചു കിലോമീറ്റർ നടന്നപ്പോൾ ഡാം എത്തി. അയാൾ അതിന്റെ നടുവിൽ വന്ന് താഴേക്ക് നോക്കി. കലങ്ങിമറിഞ്ഞ വെള്ളം നിറഞ്ഞുനിൽക്കുന്നു. തലയിൽ കെട്ടിയ തോർത്തെടുത്ത് അയാൾ കണ്ണുകൾ ഇറുക്കിക്കെട്ടി. ചാടുമ്പോൾ ഒന്നും കാണേണ്ടെന്നു കരുതി. കൈകൂപ്പി ദൈവത്തെ വിളിച്ചു. ചാടാൻ കാൽ പൊക്കാൻ ശ്രമിക്കുമ്പോഴാണ് ചെകിടത്ത് ഒരടി വീണത്. തോർത്ത് എടുത്ത് മാറ്റിയപ്പോൾ മാന്യനായി തോന്നുന്ന ഒരാൾ.

“എന്തു ഭ്രാന്താണ് കാണിക്കുന്നത് ?” ഗൗരവമുള്ള ശബ്ദം.

“മരിക്കാനും സമ്മതിക്കില്ലേ ഈ ലോകം.” അയാൾ കണ്ണീരോടെ പറഞ്ഞു.

“എന്തിനു മരിക്കണം ?”

അയാൾ തന്റെ അവസ്ഥകൾ നിരത്തി.

“വല്ല ജോലിയുമെടുത്ത് ജീവിച്ചുകൂടെ. വീട്ടുകാരെ പോറ്റിക്കൂടെ?”

“എവിടെ ജോലി, എന്തു ജോലി ?”

അതുകേട്ട് അയാൾ പറഞ്ഞു, “അത് ഞാൻ സമ്മതിക്കില്ല. ഏതു ജോലിയും ചെയ്യാൻ തയ്യാറാണെങ്കിൽ ജോലിയുണ്ട്. ഈ കേരളത്തിൽ ജോലിയുള്ളതുകൊണ്ടാണല്ലോ ബംഗാളിൽ നിന്നും ബീഹാറിൽ നിന്നും യുപിയിൽ നിന്നും ലക്ഷക്കണക്കിന് ആളുകൾ വന്ന് ജോലി നോക്കുന്നത്.” അതിന് അയാൾക്ക് മറുപടിയുണ്ടായിരുന്നില്ല. “പണിയെടുത്ത് കുടുംബം പോറ്റാത്ത മടിയൻ. ഭീരുവായി മരിക്കൂ. ചാടിക്കോളൂ ഞാൻ പോകാം.”

അയാൾക്ക് സ്വന്തം തീരുമാനത്തിൽ ലജ്ജ തോന്നി. തിരിഞ്ഞ് നടക്കുന്ന ആ മാന്യനെ അയാൾ വിളിച്ചു, “സാറെ” മാന്യൻ നിന്നു. അയാൾ പറഞ്ഞു “ഏതു ജോലിയും ചെയ്യാൻ തയ്യാർ. ഇന്നെനിക്ക് ജോലി സാറ് താ.” മാന്യൻ പറഞ്ഞു, “വാ, എന്റെ കൂടെ വാ.” അയാൾ മാന്യന്റെ കൂടെ നടന്നു. രണ്ടു കിലോമീറ്റർ നടന്നപ്പോൾ ഒരു കോളനിയിലെ വലിയ ബംഗ്ലാവിലേക്ക് അവർ കടന്നു.

മുറ്റത്തെത്തിയപ്പോൾ മാന്യൻ പറഞ്ഞു, “ഞാൻ ദിനചര്യകൾ നടത്തിവരാം.” മാന്യൻ അകത്തേക്കുപോയി. പുറത്തുകണ്ട പൈപ്പിൽ നിന്നും വെള്ളമെടുത്ത് അയാൾ മുഖവും മറ്റും കഴുകി. അപ്പോഴാണ് ഒരു സ്ത്രീ ഒരു ഗ്ലാസ് ചായയും ഒരു പ്ലെയിറ്റിൽ ദോശയും ചട്ട്ണിയുമായി വന്നത്. അയാൾക്ക് അത് കൊടുത്ത് അവർ അകത്തേക്കുപോയി. ആ മാന്യന്റെ ഭാര്യയായിരിക്കുമെന്ന് അയാൾ മനസ്സിലാക്കി.

ദോശയും ചട്ട്ണിയും കഴിച്ച് പാത്രം കഴുകി വരാന്തയിൽ വയ്ക്കുമ്പോൾ മാന്യൻ വന്ന് പറഞ്ഞു, “വീടിന്റെ പുറകിൽ കൈക്കോട്ടും കൊടുവാളും മറ്റും വച്ചിട്ടുണ്ട്. ആ പണി സാധനങ്ങളുമെടുത്ത് വരൂ.” അയാൾ അതുമെടുത്ത് വന്നു. മാന്യൻ അയാളുമായി നടന്നു. കോളനിയിൽ പല പ്ലോട്ടുകളും വീടുപണി നടക്കാതെ കിടപ്പുണ്ട്. അതിൽ ഒന്നിന്റെ മുന്നിൽ മാന്യൻ നിന്നപ്പോൾ അയാളും നിന്നു. മാന്യൻ പറഞ്ഞുതുടങ്ങി, “ഇത് എന്റെ പ്ലോട്ടാണ്. എനിക്ക് ഈ കോളനിയിൽ മൂന്നാല് പ്ലോട്ടുകൾ വേറെയുമുണ്ട്. അതിലെല്ലാം ഈ താള് വന്ന് കാടുകെട്ടിയിരിക്കുന്നു. ഇതിലെല്ലാം ഇഴജന്തുക്കൾ വന്ന് കോളനിക്കാർക്ക് ശല്യമാകും. ഇന്ന് ഈ പ്ലോട്ട് വൃത്തിയാക്ക്.”

അയാൾ പ്ലോട്ടിലേക്ക് നോക്കി. ശരിയാണ്. അരക്കുയരത്തിൽ താള് വളർന്ന് കാടുകെട്ടിയിരിക്കുന്നു. “ശരി സാർ. ഈ താളെല്ലാം എവിടെ കളയണം ?”

മാന്യൻ ചിരിച്ചുകൊണ്ടു പറഞ്ഞു, “ഈ താള് കേടുവരാതെ ഒതുക്കി കെട്ടിവെയ്ക്കണം. ബാക്കി വൈകുന്നേരം പറയാം. ഉച്ചയ്ക്ക് ഭക്ഷണം കഴിയ്ക്കാൻ വന്നോളൂ.”

മാന്യൻ മടങ്ങിയപ്പോൾ അയാൾ പണി തുടങ്ങി. ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ വന്നപ്പോഴും സംസാരമൊന്നും ഉണ്ടായില്ല. വൈകുന്നേരം നാലു മണിക്ക് മാന്യൻ വന്നു. പ്ലോട്ട് വൃത്തിയായിരിക്കുന്നു. ആ താളെല്ലാം അയാൾ ഒതുക്കി കെട്ടിവെച്ചിരിക്കുന്നു. അത് കണ്ട് മാന്യൻ പറഞ്ഞു, “ഈ കെട്ടെടുത്തുവാ.” അത് തലയിൽ വയ്ക്കാൻ അയാളും സഹായിച്ചു.

ബംഗ്ലാവിലെത്തി താളിറ

ക്കി. മാന്യൻ എഴുന്നൂറ് രൂപ കൂലി കൊടുത്ത് പറഞ്ഞു, “താള് നിങ്ങൾക്ക് എന്റെ വക സമ്മാനം. ഇത് കൊണ്ടുപോയി ചെറിയ ചെറിയ കെട്ടുകളാക്കി കടലാസ്സിൽ പൊതിഞ്ഞ് ഈ കടലാസിന്റെ ഫോട്ടോകോപ്പികളെടുത്ത് ഓരോന്നുവീതം ഓരോ കെട്ടിലും വയ്ക്കുക. കടലാസ്സിൽ പൊതിഞ്ഞ് ഈ കടലാസിന്റെ ഫോട്ടോകോപ്പികളെടുത്ത് ഓരോന്നുവീതം ഓരോ കെട്ടിലും വയ്ക്കുക. താളിന്റെ തണ്ടുകൊണ്ടും ഇലകൊണ്ടും എന്തെല്ലാം വിഭവങ്ങൾ ഉണ്ടാക്കാമെന്നും, ഇത് എന്തെല്ലാം ഗുണങ്ങൾ ചെയ്യുമെന്നും ഇതിലെഴുതിയിട്ടുണ്ട് എന്റെ ഭാര്യ. പച്ചക്കറിക്കടകളിലും വീടുകളിലും കൊടുക്കൂ. ഇന്നല്ലെങ്കിൽ നാളെ ഈ കച്ചവടം തന്നെ നന്നാക്കും. നാളെ വരണം മറ്റ് പ്ലോട്ടുകളും നന്നാക്കണം.

നന്ദി പറഞ്ഞ് അയാളിറങ്ങുമ്പോൾ താളിന്റെ കെട്ട് തലയിൽ വയ്ക്കാൻ മറന്നില്ല. പിറ്റേ ദിവസം രാവിലെ അയാൾ പണിക്കിറങ്ങുമ്പോൾ അദ്ധ്വാനിക്കുന്നത് അപമാനമല്ല അഭിമാനമാണ് എന്ന് മനസ്സിലാക്കിയ മകളും ഭാര്യയും കൊട്ടകളിൽ താളുകളുടെ കെട്ടുമായി ഒപ്പമിറങ്ങി. പച്ചക്കറിക്കടകളിലും വീടുകളിലും വിൽപ്പനയ്ക്കായി.

പിന്നീട് അവർ താളിനോടൊപ്പം മണിത്തക്കാളി (മടന്തക്കാളി) മുരിങ്ങയില, പച്ചച്ചീര, തഴുതാമ എന്നീ പലതരം ചെടികളുടെ ഇലയും കെട്ടുകളായി വിൽപ്പനയ്ക്ക് വച്ചു. എല്ലാറ്റിന്റേയും ഒപ്പം അതിന്റെ ഗുണവും എങ്ങിനെയുണ്ടാക്കണമെന്ന വിവരവും ആ മാന്യനായ മനുഷ്യന്റെ ഭാര്യ എഴുതിക്കൊടുത്ത കുറുപ്പുകളും വച്ചു. അയാൾക്കെന്നും കോളനികളിൽ പണി കിട്ടും. അമ്മയും മകളും ഇലകളുമായി കച്ചവടത്തിനിറങ്ങും. കടങ്ങൾ കുറഞ്ഞുതുടങ്ങി. വീട്ടിൽ സന്തോഷം വന്നു. നാട്ടുകാരിൽ നിന്ന് അയാളുടെ പേരിനോടൊപ്പം ഒരു വിശേഷണം കൂടി കിട്ടി. താള് ഭാസ്ക്കരൻ. അതിൽ അയാൾക്ക് വിഷമമുണ്ടായിരുന്നില്ല. താളാണല്ലോ അയാളെ കരയ്ക്ക് കയറ്റിയത്.

●

# നാട്ടുവെളിച്ചം



**എം. ഡി. വിശ്വംഭരൻ**
**9446142131**

**നാ**ട്ടിൽ നിന്നും അമ്മാവൻ വിളിച്ചുപറഞ്ഞപ്പോഴാണ് അറിഞ്ഞത് അച്ഛന് സുഖമില്ല. ഉടനെ ചെല്ലണം അച്ഛനെ ഏതെങ്കിലും നല്ല ആശുപത്രിയിൽ കാണിക്കണം. ഇപ്പോഴും പഴയ രീതിയിലുള്ള ചികിത്സാക്രമങ്ങളാണ് അച്ഛന് പഥ്യം. ഇക്കാലത്ത് നാടൻ ചികിത്സ കൊണ്ടൊന്നും ഒരുഫലവുമില്ല. ഏതായാലും ഉടനെ പോകണം. പരീക്ഷ അടുത്തുവരുന്നത് കാരണം സ്കൂളിൽ നിന്നും അവധി ചോദിച്ചാൽ സമ്മതിക്കുമോ എന്നറിയില്ല. എങ്ങനെ ആയാലും പോകാതെ പറ്റില്ല. അകലെയാണെങ്കിലും നാട്ടിൽ താൻ മാത്രമെയുള്ളൂ. സഹോദരി സ്റ്റേറ്റ്സിലാണ്. ചേച്ചിക്ക് എപ്പോഴും വന്ന് അച്ഛനെ നോക്കാൻ പറ്റില്ലല്ലോ അതിന് കാത്തിരിക്കുകയും വേണ്ട. രണ്ടു ദിവസത്തെ അവധിയെടുത്താൽ അടുത്തുവരുന്ന രണ്ട് ഒഴിവ് ദിവസങ്ങളും കൂട്ടി നാലുദിവസം കിട്ടും. അങ്ങോട്ടുമിങ്ങോട്ടും യാത്രയ്ക്ക് രണ്ടു ദിവസം പോകും. പ്രിൻസിപ്പാളിനോട് കാര്യം പറഞ്ഞ് ബോദ്ധ്യപ്പെടുത്തി യാത്ര പുറപ്പെട്ടു. രാത്രി വീട്ടിലെത്തി അച്ഛൻ കിടക്കുന്ന മുറിയിൽ പ്രവേശിച്ചു. അച്ഛൻ മയക്കത്തിലാണ്. അമ്മ മരിച്ചശേഷം ക്ഷീണമാണ് അച്ഛന്. ഒറ്റപ്പെടലിന്റേയും വിരഹത്തിന്റെയുമൊക്കെ ആകുലതകൾ വല്ലാതെ പിടികൂടിയിട്ടുണ്ട്. പ്രൈമറി സ്കൂൾ പ്രഥമാദ്ധ്യാപകനായിട്ടാണ് ജോലിയിൽ നിന്നും വിരമിച്ചത്. പെൻഷനായി അധികം കഴിയുന്നതിനു മുൻപേ അമ്മ വിടപറഞ്ഞു. ഉള്ളതുകൊണ്ട് എല്ലാക്കാര്യങ്ങളും ഒപ്പിക്കാനുള്ള തത്രപ്പാടിൽ സ്വന്തം കാര്യം നോക്കാൻ മറന്ന അമ്മ അത്രനാൾ പിടിച്ചുനിന്നതുതന്നെ അത്ഭുതം. രണ്ടു മക്കളേയും പഠിപ്പിക്കാനും അവരുടെ കാര്യങ്ങൾ നോക്കാനുമായി അച്ഛൻ ഒരാളുടെ വരുമാനം കൊണ്ട് കഴിയുന്നതായിരുന്നില്ല. മക്കളെ നല്ല നിലയിൽ വിദ്യാഭ്യാസം ചെയ്യിക്കുകയെന്നതായിരുന്നു വെല്ലുവിളി. മുണ്ടു മുറുക്കിയുടുത്തും എല്ലാം ഒപ്പിക്കുകയായിരുന്നു അമ്മ. തികച്ചും അനാർഭാടമായ ജീവിതം. മക്കൾക്ക് രണ്ടുപേർക്കും ജോലിയായി. മകളുടെ വിവാഹവും കഴിഞ്ഞ് കുടുംബം പച്ചപിടിച്ചു തുടങ്ങിയപ്പോൾ അതൊന്നും അനുഭവിക്കാൻ നില്ക്കാതെ അമ്മ പോയി. അതോടെ അച്ഛൻ ചിറകറ്റതുപോലെയായി. പരാതിയോ പരിഭവങ്ങളോ ഇല്ലാതെ തികച്ചും ശാന്തമായ ജീവിതമായിരുന്നു അത്.

അച്ഛന്റെ അടുത്തു കസേര വലിച്ചിട്ടിരുന്ന് അച്ഛനെ വിളിച്ചു. കണ്ണുതുറന്നു നോക്കി താൻ വന്നതറിഞ്ഞ സന്തോഷത്തോടെ എഴുന്നേറ്റിരുന്നു. “നീ വന്നിട്ടു കുറച്ചു നേരമായോ?”

“ഞാൻ വന്നതേയുള്ളൂ. അച്ഛന് എന്തുപറ്റി ? അമ്മാവൻ വിളിച്ചു പറഞ്ഞാണ് വിവരമറിഞ്ഞത്.”

“ഓ അയാള് വിളിച്ചോ അതിന്റെയൊന്നും കാര്യമില്ലായിരുന്നു. എനിക്ക് ചെറിയൊരു നീരിളക്കപ്പനി. അത്രയേ ഉള്ളു. കാലിന് കുറച്ച് വേദനയുണ്ട്. പിന്നെ പ്രായമായി വരുകയല്ലേ. അതിന്റേയൊരു ക്ഷീണം. കാണാതിരിക്കുമോ ? പത്മനാഭൻ വൈദ്യന്റെ കുറച്ചുമരുന്നു കഴിച്ചാൽ മാറാവുന്ന വേദനയെ ഉള്ളു. അതിനു നീ ഇത്രടം കഷ്ടപ്പെട്ടു വരേണ്ട കാര്യമൊന്നുമുണ്ടായിരുന്നില്ല. എന്തായാലും വന്നതുനന്നായി ഒന്നു കാണാൻ പറ്റിയല്ലോ. അല്ലച്ഛാ നമുക്കു നാളെ ടൗണിലേ ഏതെങ്കിലും ആശുപത്രിയിൽ പോകാം. പഴയ കാലമല്ല അച്ഛൻ വല്ല മരുന്നും കഴിച്ചിരുന്നാൽ പറ്റില്ല ഇവിടെ നോക്കാനാരാ. അപ്പച്ചിയുണ്ട്. എന്നാലും അവർ

ക്കും പ്രായമായി വരുകയല്ലേ? ഇപ്പോൾ കാലുവേദന എങ്ങനെയുണ്ട്? ഇന്നുതന്നെ പോകണോ ആശുപത്രീല്.''

''വേണ്ടടോ. നിർബന്ധമാണേൽ രാവിലെ പോകാം. ഇന്ന് കുളിച്ച് വല്ലതും കഴിച്ച് ഉറങ്ങാൻ നോക്ക്. ഹേമയും കുട്ടികളും വന്നിട്ടുണ്ടോ ?''

''ഇല്ല, പരീക്ഷക്കാലമല്ലേ? ഞാൻ പിന്നീട് കൊണ്ടുവരാം. അച്ഛൻ വല്ലതും കഴിച്ചോ ? ഇല്ലെങ്കിൽ ഞാൻ കുളിച്ചുവന്നിട്ടു നമുക്ക് കഞ്ഞി കുടിക്കാം.''

''ഓ... അങ്ങനെയാവട്ടെ.''

രാവിലെ തന്നെ വണ്ടി വിളിച്ച് ആശുപത്രിയിലെത്തി ശീട്ടെടുത്ത് ഫിസിഷനെത്തന്നെ കാണാമെന്നു കരുതി. മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലാണ്. എല്ലാ വിഭാഗം ഡോക്ടർമാരുടേയും സേവനം കിട്ടും, എല്ലാവിധ പരിശോധനകളും നടത്താനുള്ള സൗകര്യവുമുണ്ട്. ചെലവ് അല്പം കൂടുമെന്നേയുള്ളു. എന്നാലും സഹിക്കാം. ഫിസിഷൻ ഡോ. തോമസ് കുര്യൻ, കേട്ടിട്ടുണ്ട് പരിചയമില്ല. ഇവിടെ വന്നിട്ട് അധികകാലമായില്ല എന്നാണ് അറിഞ്ഞത്. ധാരാളം രോഗികൾ ഓരോ വിഭാഗത്തിലും ഊഴം കാത്തിരിക്കുന്നു. അങ്ങുമിങ്ങും പായുന്നവരുടെ കൂട്ടത്തിൽ ചില പരിചിതമുഖങ്ങളും കാണാമായിരുന്നു. ചിലർ ഒന്നു ചിരിച്ചെന്നു വരുത്തി കടന്നുപോയി. കൂട്ടത്തിൽ ചിലർ ഇങ്ങോട്ടുവന്നു പരിചയം പുതുക്കാനും കുശലം ചോദിക്കാനും മറന്നില്ല. അച്ഛനു കിട്ടിയ ടോക്കൺനമ്പർ വിളിച്ചപ്പോൾ പരിശോധനാ മുറിയിലേക്ക് കടക്കുമ്പോൾ ഡോക്ടർ എഴുന്നേറ്റുനിൽക്കുന്നു. ''അല്ല ഇതാരാ കൃഷ്ണൻകുട്ടി സാറോ? വരു, ഇരിക്കൂ, എന്തുപറ്റി?''

ഡോക്ടറെ കണ്ടപ്പോൾ അച്ഛന്റെ മനസ്സ് കുളിർത്തു, സ്റ്റുഡന്റാണ്. അച്ഛൻ ചിരിച്ചുകൊണ്ടു ചോദിച്ചു, ''ഓ, താനായിരുന്നോ ഇവിടുത്തെ ഡോക്ടർ. ഒരുപാട് സന്തോഷം.''

''സാറിനെ എനിക്ക് മറക്കാൻ പറ്റുമോ? പഠനത്തിൽ പിറകിലായിരുന്ന എന്നെ മറ്റദ്ധ്യാപകർ കുറ്റപ്പെടുത്തുകയും പരിഹസിക്കയും ചെയ്തപ്പോൾ പഠനം തന്നെ ഉപേക്ഷിക്കാൻ ആഗ്രഹിച്ച എന്നെ സാന്ത്വനിപ്പിച്ചും പ്രോത്സാഹിപ്പിച്ചും എനിക്ക് ഇങ്ങനെയൊക്കെ ആകാൻ കഴിഞ്ഞത് സാർ ഒരാളുടെ ശ്രമം ഒന്നുകൊണ്ട് മാത്രമാണ്.''

''അതെല്ലാം ഓരോ നിമിത്തമല്ലേ, തനിക്ക് ചെറിയൊരു കുറവുണ്ടെന്ന് എനിക്കുതോന്നി. അതുകണ്ടെത്തി തന്റെ കഴിവുകളെ ബോധ്യപ്പെടുത്തുക മാത്രമേ വേണ്ടിയിരുന്നുള്ളു. അതു ഞാൻ ചെയ്തു. ഏതായാലും മോനെ നീ ഇതുപോലൊരു സ്ഥലത്ത് എത്തിയതാണ് ഒരു അദ്ധ്യാപകൻ എന്ന നിലയിൽ എനിക്കു കിട്ടിയ ഏറ്റവും വലിയ സന്തോഷം. ഇതെന്റെ മകൻ. അവനും അദ്ധ്യാപകനാണ്.''

''ഓ... എനിക്കറിയാം. എന്റെ സീനിയറായി പഠിച്ചിരുന്നതാണല്ലോ ? അച്ഛന്റെ വഴി തന്നെ തെരഞ്ഞെടുത്തു അല്ലേ ? ഓ... എന്താ സാറിന് അസുഖം?''

''ഓ അങ്ങനെ പറയാനൊന്നുമില്ല. ഒരുകാലുവേദന കുറച്ചായി മാറ്റമൊന്നുമില്ല. വല്ല നീരിളക്കമായിരിക്കുമെന്ന് കരുതിയിരിക്കയായിരുന്നു. ഇനി രോഗി രോഗം കണ്ടുപിടിക്കാൻ ശ്രമിക്കുന്നുവെന്ന പരാതിവേണ്ട. താൻ തന്നെ നോക്കി നിശ്ചയിക്കൂ.''

''ശരി, ഞാനൊന്നു നോക്കട്ടെ.'' ബ്ലഡ്പ്രഷർ നോക്കി, ഷുഗർ നോക്കാൻ അടുത്തുനിന്ന ഡ്യൂട്ടി നേഴ്സിനോട് നിർദ്ദേശിച്ചു. ആ കുട്ടി അക്യുചെക്ക് ചെയ്തുനോക്കി. ഷുഗർ നോർമ്മൽ. പ്രഷർ അതിർവരമ്പിൽ നില്ക്കുന്നു.

''സാർ ഒന്നു മേശമേൽ കിടക്കൂ, ഞാനൊന്ന് നോക്കട്ടെ.'' അയാൾ കാൽമുട്ടും പാദത്തിലുമൊക്കെ തട്ടിയും മുട്ടിയും നോക്കി. ''കാര്യമായ കുഴപ്പമൊന്നും പ്രാഥമിക പരിശോധനയിൽ കാണുന്നില്ല. എങ്കിലും വേദന കുറച്ചായിട്ടുള്ളതല്ലേ ഒരു വിശദമായ പരിശോധന ആവശ്യമാണ്.'' മകനോടായി അയാൾ പറയുന്നുണ്ടായിരുന്നു. ''നമുക്ക് ഒരു എക്സറേ എടുക്കണം പിന്നെ ഒരു സി. ടി. യും നോക്കാം.''

എല്ലാം മുറ പോലെ നടന്നു. ഇടയ്ക്ക് തോമസ് കുര്യൻ തന്നെ വിളിച്ചുകൊണ്ടുപോയി ന്യൂറോളജിസ്റ്റുമായി കൺസൾട്ട് ചെയ്തു.

''സാർ ഇവിടെ രണ്ടുദിവസം കിടക്കണം. ചില അത്യാവശ്യ ടെസ്റ്റുകൾ നടത്താനുണ്ട്.'' ഡോക്ടർ അച്ഛന്റേയും മകന്റേയും മുഖത്തു മാറി മാറി നോക്കി.

''എനിക്ക് അത്രയ്ക്കൊന്നും കുഴപ്പമില്ലന്നേ. ഇവിടെ കിടന്നാൽ ആരാ നോക്കാൻ ? ഇവനാണെങ്കിൽ ജോലിക്കു പോകണ്ടേ ലീവ് ഇല്ല.''

''അത് സാരമില്ല സാറേ, എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഞാനില്ലേ ? സാർ കൂടുതൽ വിഷമിക്കേണ്ട. ഏതായാലും രണ്ടുദിവസം കിടക്കണം അതാ നല്ലത്. ഞാൻ അഡ്മിഷന് എഴുതുകയാണ്.'' അവിടെ അഡ്മിറ്റായി. പരിശോധനകളുടെ ഒരു പെരുമഴയായിരുന്നു പിന്നെ. ഓർത്തോ വിഭാഗം തലവനെ വരുത്തിക്കാണിച്ചു. അവർ തമ്മിൽ സംസാരിച്ചു മരുന്നുകൾ കാര്യമായിട്ടൊന്നുമില്ല. പരിശോധനാ റിപ്പോർട്ട് കിട്ടിയിട്ടുവേണം ചികിത്സ തുടങ്ങാൻ. തൽക്കാലം ചില വൈറ്റമിനുകളും അത്യാവശ്യം കുറച്ച് വേദനാ സംഹാരികളും മാത്രം നിർദ്ദേശിച്ചു. രക്തം, കഫം, മൂത്രം അങ്ങനെ കിട്ടാവുന്നതൊക്കെയും അവർ പരിശോധിച്ചു. അപ്പച്ചിയെ കൊണ്ടുവന്ന് നിർത്തിയിട്ട് സ്കൂളിലേക്ക് വണ്ടികയറി. രണ്ടുദിവസം കഴിഞ്ഞ് വരാമെന്ന് ഡോക്ടറോട് പറഞ്ഞാണ് പുറപ്പെട്ടത്. മനസ്സിൽ ആകെ ആശങ്കയായിരുന്നു. എന്താണ് അച്ഛന് പറ്റിയത് ? ഇതിനകം പലവിധ ടെസ്റ്റുകളും നടത്തിയിരുന്നു. ഒന്നിലും കാര്യമായ കുഴപ്പങ്ങൾ കണ്ടില്ല. പിന്നെ എന്താ പ്രശ്നം ? ആശുപത്രിബില്ല് എല്ലാ കണക്കുകളും തെറ്റിച്ചുകൊണ്ട് ഉയർന്നുവന്നു. ഇടയ്ക്ക് അച്ഛൻ പറയുന്നുണ്ടായിരുന്നു. ''എടാ ഞാൻ പറഞ്ഞില്ലേ ഇതിന്റെയൊന്നും ആവശ്യമില്ല. ഇപ്പോൾ കാശെത്രയായി?''

''അച്ഛൻ കാശിനെക്കുറിച്ചൊന്നും വേവലാതിപ്പെടേണ്ട, വന്ന അസുഖം മാറുന്നതല്ലേ പ്രധാനം.''

''പക്ഷെ എനിക്ക് വേദന

കൂടുന്നതല്ലാതെ കുറയുന്നില്ല. നമുക്ക് വീട്ടിൽപ്പോകാം. പിന്നീട് വേണമെങ്കിൽ മറ്റാരെയെങ്കിലും കാണിക്കാം.” അച്ഛന്റെ നിർബന്ധം കൂടിയപ്പോൾ ഡോക്ടറോട് വിവരം പറഞ്ഞു. അദ്ദേഹത്തിന് ഡിസ്ചാർജ്ജ് ചെയ്യാൻ മടി. വന്നകാര്യം ഒരു തീരുമാനമാകാതെ എങ്ങനെയാ സാറെ എന്നായി ഡോക്ടർ. ഇതിനിടയ്ക്ക് ചെറിയ പനിയും പിടിപെട്ടിരുന്നു. വീട്ടിൽ പോകണമെന്ന് നിർബന്ധമായപ്പോൾ ഡോക്ടർ കുറേ നിബന്ധനകളും അതിലേറെ മരുന്നുകളുമായി മനസ്സില്ലാമനസ്സോടെ ഡിസ്ച്ചാർജ്ജ് ചെയ്തു. “ശരിക്കും വ്യത്യാസം കാണുന്നില്ലെങ്കിൽ നമുക്ക് അപ്പോളോയിൽ ഒന്നുപോകുന്നത് നല്ലതായിരിക്കും. അവിടുത്തെ ന്യൂറോളജിസ്റ്റ് എന്റെയൊരു സുഹൃത്താണ്. ഞാനൊരു കത്ത് തരാം. അതുമായി പോയി അദ്ദേഹത്തെ കാണണം. മിടുക്കനാണ്. ഇത് നിസ്സാരമായി കാണാനാവില്ലെന്നാണ് എന്റെ പക്ഷം.” ഒടുവിൽ ഡിസ്ച്ചാർജ്ജ് വാങ്ങി വീട്ടിലേക്ക്. മരുന്നുകൾ കൃത്യമായി കഴിക്കണമെന്നും ചൂടുവെള്ളത്തിൽ മാത്രമേ കുളിക്കാവൂ എന്നും പറഞ്ഞ് കാര്യങ്ങൾ അപ്പച്ചിയെ ഏല്പ്പിച്ചശേഷം ജോലിസ്ഥലത്തേക്ക് പുറപ്പെട്ടു. ചേച്ചിയെ വിളിച്ചുകാര്യങ്ങൾ ധരിപ്പിച്ചിരുന്നു. വേണ്ടിവന്നാൽ അച്ഛനെ അമേരിക്കയിലേക്ക് കൊണ്ടുപോകാമെന്നും ചേച്ചി അഭിപ്രായപ്പെട്ടു. അവിടെ വിദഗ്ദ്ധ ചികിത്സ കിട്ടുമല്ലോ ? ഏതായാലും രണ്ടാഴ്ച കഴിയട്ടെ.

ആശുപത്രിയിൽ നിന്നും നിർദ്ദേശിച്ച മരുന്നുകളുമായി അച്ഛൻ കഴിഞ്ഞു. വേദനക്ക് കുറവൊന്നുമില്ല. ഇപ്പോൾ കാലിൽ കുറേശ്ശേ നീരുമുണ്ട്. കുറച്ചു തമാശയായും എന്നാൽ അതിലേറെ കാര്യമായും പെങ്ങളോട് പറഞ്ഞു, “ഇനി ചികിത്സയുടെ കാര്യമൊന്നുമില്ല. ഒക്കെ തീരാൻ പോകുന്നതിന്റെ ലക്ഷണങ്ങളാണ്. മരണത്തെ പിടിച്ചുനിർത്താൻ മരുന്നിനാവില്ലല്ലോ. അത് പ്രകൃതി വിരുദ്ധവുമാണ്. എല്ലാം അതിന്റെ സമയത്ത് നടക്കും.”

“ഇതൊക്കെ ഇപ്പോൾ ആരാ തീരുമാനിക്കുന്നത് ? വേണ്ടാത്ത വർത്തമാനങ്ങളൊന്നും വേണ്ട.” പെങ്ങൾ ആങ്ങളയോട് ചൊടിച്ചു. ഒരു ദിവസം പത്മനാഭൻ വൈദ്യർ അച്ഛനെ കാണാൻ വന്നു. ആശുപത്രിയിലായ വിവരങ്ങളൊക്കെ അറിഞ്ഞാണ് വന്നത്. അവർ പഴയ ചങ്ങാതിമാരുമാണ്. വിശേഷങ്ങൾ ചോദിച്ചപ്പോൾ അച്ഛൻ പറഞ്ഞു, “വൈദ്യരേ നിങ്ങൾ എന്തെങ്കിലും ചെയ്യ്”

“ഏതായാലും ഇനിയിപ്പോൾ എന്തുപേടിക്കാനാ.” വൈദ്യർ ചിരിച്ചു. “അല്ലാ ഇത്രയും വിദഗ്ദ്ധന്മാർ ചികിത്സിച്ചിടത്ത് ഇനി ഞാനെന്തു ചെയ്യാനാ. അതു ശരിയുമല്ല.”

“അതല്ല, വൈദ്യരുടെ പെട്ടിയിലും കാണും എന്തെങ്കിലും.”

“ശരി, രണ്ടുനേരവും മുരിങ്ങയിലനീരിൽ രാസ്നാദി പൊടി തലയിൽ വയ്ക്കണം. കുറച്ചു കഷായം കുടിക്കണം. ചില അരിഷ്ടങ്ങളും സേവിക്കണം. ഇപ്പോൾ കഴിക്കുന്ന എല്ലാ മരുന്നുകളും നിർത്തുകയാ വേണ്ടത്. അതുപക്ഷെ ഞാൻ പറയില്ല.”

“പറയേണ്ട ഞാൻ അതെല്ലാം മാറ്റി വയ്ക്കാം. ചാകുന്നെങ്കിൽ ചാകട്ടെ.” വൈദ്യർ പോയി. വൈകുന്നേരമായപ്പോൾ അരിഷ്ടവും കഷായവുമൊക്കെയായി വന്നു. വേദനക്ക് ബലാരിഷ്ടവും പോത്തിൻ ദ്രാവകവും സമാസമം രണ്ടുനേരം. ചില ആയുർവേദ വേദനാസംഹാരി ഗുളികകൾ കൂടാതെ ചെറിയ രാസ്നാദി കഷായം രണ്ടുനേരം. രണ്ടുദിവസം കഴിഞ്ഞപ്പോൾ വേദന കുറഞ്ഞുതുടങ്ങി. വിശപ്പും ശരിയായി വന്നു. ആശുപത്രിയിലെ മരുന്നു കഴിക്കുന്നില്ല എന്ന കാര്യം അച്ഛനും വൈദ്യരും രഹസ്യമായി സൂക്ഷിച്ചു. രണ്ടുനേരവും ചൂടുവെള്ളത്തിൽ കുളി നെറുകയിൽ രാസ്നാദി പൊടി. ഏതാനും ദിവസത്തെ ചികിത്സകൊണ്ട് വേദനയും നീരും പൂർണ്ണമായി മാറി.

സ്കൂളിൽ നിന്നും ഒരാഴ്ചത്തെ ലീവെടുത്ത് വിദഗ്ദ്ധ ചികിത്സക്കു കൊണ്ടുപോകാൻ വരുമ്പോൾ അച്ഛൻ ഉത്സാഹത്തോടെ മുറ്റത്ത് ഉലാത്തുന്നു. അതുകണ്ട് സന്തോഷത്തോടെ അപ്പച്ചിയും കൂടെയുണ്ട്. അത്ഭുതമിഴികളോടെ നോക്കി നില്ക്കുമ്പോൾ അച്ഛൻ പറഞ്ഞു, “എടാ ഞാൻ പറഞ്ഞില്ലേ. പത്മനാഭൻ വൈദ്യരെ കാണുന്ന കാര്യം. ഇപ്പോഴിതാ ഞാൻ വൈദ്യരുടെ ചികിത്സയിലാണ് നല്ല കുറവുണ്ട്.”

“അപ്പോൾ അച്ഛന്റെ കാലുവേദന ?”

“അതൊക്കെ എപ്പഴേ പോയി. ദാ... വേണമെങ്കിൽ എനിക്ക് ഓടിച്ചാടി നടക്കാം. ഒരു കുളിർകാറ്റു പോലെ.”

മനസ്സിൽ ആശ്വാസത്തിന്റെ നെടുവീർപ്പുയർന്നു. ●

## ■ പാചകം



പി. എൻ. ഗംഗാലക്ഷ്മി
9447972209

# കാരറ്റ് ഹൽവ

**ആവശ്യമുള്ള സാധനങ്ങൾ**

1. കാരറ്റ് – 1കി.
2. പഞ്ചസാര – 200ഗ്രാം
3. പാല് – $^1/_2$ ലിറ്റർ
4. കണ്ടൻസ്ഡ് മില്ക്ക് – $^1/_2$ ടിൻ
5. നെയ്യ് – $^1/_2$ കപ്പ്
6. അണ്ടിപ്പരിപ്പ് – 2 ടേബിൾ സ്പൂൺ
7. ഏലക്കാ പൊടി – $^1/_2$ ടീ സ്പൂൺ

**പാകം ചെയ്യേണ്ട വിധം**

കാരറ്റ് കഴുകി തൊലികളഞ്ഞ് ഗ്രേറ്റ് ചെയ്തെടുക്കുക. അണ്ടിപ്പരിപ്പ് നെയ്യിൽ വറുത്തുമാറ്റി വെക്കുക. ഒരു പാനിൽ പകുതി നെയ്യ് ഒഴിച്ച് കാരറ്റ് വരട്ടി എടുക്കുക. കാരറ്റ് വരണ്ടുതുടങ്ങിയാൽ പാല് ചേർക്കുക. പാല് വറ്റിയാൽ, കണ്ടൻസ്ഡ് മില്ക്ക്, പഞ്ചസാര, നെയ്യ് എന്നിവ ചേർത്ത് ഇളക്കിക്കൊണ്ടിരിക്കുക. വെള്ളമെല്ലാം വറ്റി നെയ്യ് തെളിഞ്ഞ് തുടങ്ങുമ്പോൾ അണ്ടിപ്പരിപ്പ്, ഏലയ്ക്കാ പൊടി എന്നിവ ചേർത്ത് ഇറക്കിവെയ്ക്കാം. ●

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

വിവർത്തനത്തിലെ പ്രശ്നങ്ങൾ

ഈ ലോകത്തിൽ സുമാർ 135 കോടി ജനങ്ങളുണ്ട്. അനേകം ഭാഷകൾ, ജീവിത രീതികൾ, അനുഭവങ്ങൾ, ചടങ്ങുകൾ എന്നിവയുള്ള ഇവിടെ വിശാലമനസ്കതയോടെ വ്യത്യാസങ്ങളെ മനസ്സിലാക്കി നീക്കുപോക്കോടെ സ്വീകരിച്ചു കഴിയുന്നത് Homosapiens (വിവേക ജീവി) എന്ന നമുക്ക് വിവേകസൂചകമാണ്. മറിച്ച്, മാവേലി നാടു വാണീടും കാലത്തെ പദങ്ങളും സുവിധാ സാമഗ്രികളും മാത്രമേ അംഗീകരിക്കാവൂ എന്ന് ശഠിച്ച, എല്ലാ പദങ്ങളേയും സ്വന്തം ഭാഷയിൽ വിവർത്തനം ചെയ്തേ സ്വീകരിക്കുകയുള്ളൂ എന്ന നില അത്ര ശരിയല്ല ! ഭൗതിക പ്രഗതിയോടു ചേർന്ന് ദൈനിക ജീവിതത്തിൽ ഉപയോഗിക്കേണ്ട അവസ്ഥയിൽ, അന്യഭാഷാപദങ്ങളെ അനാവശ്യ മാറ്റം കൂടാതെ സ്വാഗതം ചെയ്തു പോകുന്നത് സ്വന്തം ഭാഷയെ വിപുലമാക്കാൻ സഹായിക്കുകയില്ലെ? ഇന്ന് ഉപയോഗത്തിൽ ഉള്ള കസബ, ഫുട്ബാൾ, ഡൈവിങ്ങ്, ഹൈ ജംപ് മുതലായ വാക്കുകൾക്ക് പുറമെയുള്ള ഒരു പദമാണ് 'ദർഘാസ്'. (ടെൻഡർ/കൊട്ടേഷൻ എന്നതിൽ ഉപയോഗിക്കുന്ന ഈ വാക്ക് 'ദർഘാസ്ത്' എന്ന പേർഷ്യൻ പദത്തിന്റെ വക്രീകൃത രൂപമാണ്!)

ഇന്റർനെറ്റിലെ ആധുനിക സുവിധയായ 'ഫേസ്ബുക്ക്' എന്നതിനെ മുഖപുസ്തകം എന്ന വിവർത്തനം ചെയ്തത് ഒഴിവാക്കാമായിരുന്നു. 'യൂ ട്യൂബ്' എന്നതിന് 'നീ കുഴൽ' ആക്കിയാൽ പരിഹാസയോഗ്യമല്ലെ ആവുക ? ഇതുപോലെത്തന്നെ ട്വിറ്റർ, മൊബൈൽ, സെൽ ഫോൺ, ടി വി എന്നിവയെ സ്വീകരിച്ച് പോകുന്നതിനാൽ മാതൃഭാഷ വികസിക്കുകയല്ലെ ചെയ്യുക ? ഈ സന്ദർഭത്തിൽ ചെന്തമിഴ് പ്രേമികൾ Bus നെ പേരുന്തു എന്നാക്കിയത് അനാവശ്യമെന്നല്ലെ പറയാവൂ !

GS (Goods and Service Tax) എന്നതിനെ സാധന സേവകരം എന്നാക്കിയത് അനുചിതമല്ലെ? ഇവിടെ Service എന്നത് സുവിധകളെ (നല്ല പാതകൾ, ശുചിത്വവഴികൾ, വിദ്യുച്ഛക്തി, പേയജലം പോലെയുള്ള സുവിധ/സൗകര്യങ്ങളെ) അല്ലെ സൂചിപ്പിക്കുന്നത് ? അതിനാൽ GST ക്ക് 'സാധന സുവിധ കരം' എന്നാക്കുന്നത് ഭേദമാണ്.

ഇതുപോലെയുണ്ടായ ഒരു അനുചിത പരിഭാഷയെ എടുത്തു കാട്ടട്ടെ. (ഇതിനാൽ വ്യഥ, നഗണ്യനായ ഈയുള്ളവന് മാത്രമേ ഉണ്ടായിട്ടുള്ളു എന്നത് 'കയ്പുള്ള' ഒരു സത്യമാണ് !) ഗാന്ധിജിയുടെ അംഗീകാരം ലഭിച്ച Young India (യങ്ങ് ഇന്ത്യ) ൽ 1925ൽ പ്രകാശിതമാക്കിയ പട്ടിക, Seven Social Sins (ഏഴു സാമാജിക പാതകങ്ങൾ) എന്നതിൽ Knowledge Without Character എന്ന അതിപ്രധാന പാതകത്തെ 'ചരിത്ര ഹീൻ ശിക്ഷ' എന്ന് ഹിന്ദിയിൽ അനുചിത വിവർത്തനത്തിനുശേഷം ഇംഗ്ലീഷിൽ അതിനെത്തന്നെ Education without Character എന്നാക്കിയത് തികച്ചും അബദ്ധമാണ്. വിദ്യാലയങ്ങളിലെ ശിക്ഷയിൽ മാത്രം വിവേചനശക്തിയും ദൈനിക ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള ദൃഢതയും സാധ്യമാകുമെന്ന വിചാരം മരുമരീചിക പോലെയല്ലെ? ഇതിനെ ഗാന്ധിഭക്തൻ, പണ്ഡിതൻ, ജ്ഞാനിയായ ശ്രീ.എക്കണത്ത് ഈശ്വരൻ തന്റെ ബഹുമൂല്യ കൃതി The Compassionate Universe (സഹതാപ സഹിതമായ പ്രപഞ്ചം) എന്നതിൽ കൊടുത്തതാണ് 'വിവേചനവും ദൃഢതയും ഇല്ലാത്ത അറിവ്'. ഇതല്ലെ ഉചിതമായ പരിഭാഷ? എന്തായാലും അത്യുത്തമമായ ഈ ഏഴു സാമാജിക പാതകങ്ങളെ' ഗാന്ധിജിയുടെ സ്ഥൂല ശരീരത്തിന്റെ കൂടെത്തന്നെ ദഹിപ്പിച്ച ഇന്ത്യക്കാർക്ക് ഒരുവിധ വ്യഥയും ഉണ്ടാവുകയില്ല!

ഇന്ന് ഗാന്ധിജിയെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നത്, ചിലപ്പോൾ Crocodile Tears (മുതലക്കണ്ണീർ) ഒഴുക്കുന്ന രാഷ്ട്രീയക്കാർക്ക് പുറമെ, ആത്മാർത്ഥത നിറഞ്ഞ ഏകതത്ത്വ എഡിറ്റർ (ബിന്ദു) മാത്രമല്ലെയുള്ളൂ? നമ്മുടെ ഉറങ്ങുന്ന ലോകത്ത് ഉറങ്ങാനാവാത്ത ചിന്തകരും ബുദ്ധിജീവികളും എവിടെയാണ് ?

എം. എം. മേനോൻ
0491-6451469, 0491-2572939

ചീഫ് എഡിറ്റർ ശ്രീ. മുരളിയ്ക്ക്,

ശ്രീ. സുകുമാരൻ നെല്ലാനിക്കാട് എന്ന അദ്ധ്യാപകൻ എഴുതിയ പുസ്തകം പുനർജ്ജനി. ഇതിൽ കഥയുണ്ട്, കവിതയുണ്ട്, ലേഖനമുണ്ട്, സ്മരണകളുണ്ട്, ഇതിനൊക്കെ പുറമെ അദ്ദേഹം നിർമ്മിച്ച ശില്പങ്ങളുടെ ചിത്രങ്ങളും വിവരണങ്ങളും കൂട്ടായിട്ടുണ്ട്.

വായിച്ചു തീർന്നപ്പോൾ പുസ്തകത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് പറയാനല്ല തോന്നുന്നത്. ഈ പുസ്തകത്താളുകൾ നമുക്ക് നൽകുന്ന സ്വാരസ്യത്തേക്കാൾ, പതിന്മടങ്ങ് ആസ്വാദ്യകരമാണ്, ശില്പി സുകുമാരൻ നെല്ലാനിക്കാട് എന്ന കലാകാരനെ അറിയൽ. അതറിയാനായി ഈ പുസ്തകം വാങ്ങുക

എളിമ ജീവിതത്തിൽ കൂടിപ്പോയതുകൊണ്ടും, അതിസാമർത്ഥ്യം കൈമുതലായി ഇല്ലാത്തതിനാലും, ഓരം ചേർക്കപ്പെട്ട സാധു മനുഷ്യൻ. സാമ്പത്തിക ബുദ്ധിമുട്ടിനാൽ പത്താം തരത്തിനു മുകളിൽ പഠിക്കാനായില്ല. തൊഴിലിനായി മറ്റു വഴിക്ക് തിരിഞ്ഞു, ഒരദ്ധ്യാപകനായി. അവിടെ തീരേണ്ടതായിരുന്നു കോട്ടയംകാരനായ ഈ സാധാരണക്കാരന്റെ ജീവിതം. പക്ഷെ ഉള്ളിലൂറിക്കിടന്ന ജന്മസിദ്ധമായ കലാവാസനകൾ തട്ടിയുണർത്തി ഉണർന്നെഴുന്നേറ്റത് പിന്നീടാണ്.

നല്ലൊരു നാടകക്കാരനായി, അഭിനേതാവായി, സംവിധായകനായി, നിർമ്മാതാവായി, ആ വഴിയിൽ തീർത്ത കുഴികളറിയാത്തതിനാൽ പൊളിഞ്ഞുപാളീസായി. അപ്പോഴും കഥകളും, കവിതകളും എഴുത്തുതുടർന്നു. അവിടന്ന് പറിച്ചുനടൽ പാലക്കാട്ടേക്ക് – അകത്തേത്തറ എൻ. എസ്. എസ്. സ്കൂളിലേക്ക്. ചെറായ എന്ന നാട്ടിൻപുറത്ത് കുറേ സ്ഥലം വാങ്ങി കൃഷി തുടങ്ങി. നെല്ലും ചേനയും ചേമ്പും വാഴയും പച്ച

ക്കറികളും തെങ്ങും റബ്ബറും ആ കൈകളിലൂടെ സമൃദ്ധിയിൽ നിറഞ്ഞാടി. അവയ്ക്ക് കൂട്ടായി തേനീച്ചകളേയും, മത്സ്യത്തേയും വളർത്തി. 3 കുളങ്ങളും നിർമ്മിച്ചു.

അവിടേയും ആ ബഹുമുഖ പ്രതിഭ നിന്നില്ല. തന്റെ ഉള്ളിന്റെയുള്ളിൽ അനങ്ങാതിരുന്ന ചിത്രകാരനെ വീണ്ടെടുത്ത്, ശില്പ നിർമ്മാണത്തിലേക്ക് തിരിഞ്ഞു. ആരുടേയും ശിക്ഷണമില്ലാതെ, ഒരു അക്കാദമിയുടേയും സർട്ടിഫിക്കറ്റില്ലാതെ, അറിയപ്പെടുന്ന ശില്പിയായി വളർന്നു ആ പ്രതിഭ. ആരും മത്സരിച്ചു കീഴടക്കാനില്ലാത്തതിനാൽ, ഇങ്ങിനെയൊരാൾ ജീവിച്ചിരുന്നു എന്നതിനു തെളിവായി നാടിന്റെ നാനാഭാഗത്തും, അദ്ദേഹത്തിന്റെ കരവിരുതിൽ രൂപം കൊണ്ട ശില്പങ്ങൾ നിറഞ്ഞു.

പാലക്കാട് മ്യൂസിക് കോളേജിലെ ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ശില്പം, സംഗീതജ്ഞൻ ശ്രീ.ഇളയരാജയുടെ അമ്മ ചിന്നത്തായുടെ പ്രതിമ എന്നിവ ചിലതു മാത്രം. കഥാകാരനും, കവിയും, നാടകക്കാരനും, ശില്പിയുമായ ഈ യോഗാഭ്യാസി 81 വർഷം കൊണ്ട് രചിച്ച സ്വന്തം കഥ മാത്രം മതി നമ്മെ അമ്പരിപ്പിക്കാൻ.

ഒരുപാടൊരുപാട് അവസരങ്ങളുണ്ടായിട്ടും, വകഞ്ഞുമാറ്റി കയറിപ്പിടിക്കാൻ മിനക്കെടാതിരുന്ന ഈ വലിയ കലാകാരൻ, നിശ്ശബ്ദനായി, നാടിന്റെ ഏറ്റവും ഒടുവിലത്തെ കോണിൽ കർമ്മനിരതനായി ഇരിക്കുന്നു. വൈകി, വല്ലാതെ വൈകി എങ്കിലും, ഒരുനാൾ വരും, കണ്ടെത്തും കേരളം താങ്കളെ. നമിക്കുന്നു, നന്മകൾ നേരുന്നു.

പുത്തൂർ രവി
നിത്യത, വന്ദന ലേ ഔട്ട്,
പുത്തൂർ, പാലക്കാട്.
9446036155

ഗംഭീരം - മറ്റൊന്നും പറയാനില്ല

ഏക തത്ത്വ ആഗസ്റ്റ് ലക്കം കിട്ടി. മുഖച്ചിത്രം ആകർഷകം. രണ്ടുറുമ്പുകൾ രണ്ടുപ്രതീകങ്ങളാണ്. മനുഷ്യർ ഇതൊക്കെ ഒന്നു നോക്കി പഠിച്ചെങ്കിൽ... താഴെ കുറിക്കുകൊള്ളുന്ന കുറിപ്പടി. കണ്ടുമുട്ടുന്ന നേരത്ത് ഏറ്റുമുട്ടാതെ... മുരളി സാർ എഡിറ്റോറിയൽ വിശദമായി വിഷയപ്രതിപാദനം. നന്നായി. സാറിന്റെ എഡിറ്റോറിയലുകൾ പുസ്തക രൂപത്തിൽ ഉടൻ തയ്യാറാക്കണം. അത് ചിലർക്കൊക്കെ ധാരാളം ഉപയോഗപ്പെടുത്താം. പരസ്പരം കണ്ടുമുട്ടുമ്പോൾ മനുഷ്യനായി മാറട്ടെ എന്നു മാത്രം പ്രാർത്ഥിക്കാം.

ഒരുപേജിൽ അറിയപ്പെടുന്ന മൂന്നുപേരുടെ സൃഷ്ടികൾ. അർത്ഥവത്തായ ചന്തിരൂർ താഹയുടെ 'മാവ്' നമ്മെ കൂടുതൽ ചിന്തിപ്പിക്കുന്നു. തെക്കീട്ടിലിന്റെ 'യോഗം' വർത്തമാനകാലചിന്തകൾ തന്നെ. കഥ എന്നത് വായനക്കാരനെ വായനയ്ക്കു ശേഷം വേട്ടയാടണം. അതാണ് വേണ്ടത്. തെക്കീട്ടിൽ ആ കാര്യത്തിൽ വിജയിച്ചിരിക്കുന്നു. തുളസി കേരളശ്ശേരി സംഗതി ക്ലാസ്സ് എന്ന കഥയിലൂടെ നമ്മുടെ ഭരണകർത്താക്കൾക്കും ആധുനിക ചിന്താഗതിക്കാർക്കും നേരെ ആഞ്ഞടിക്കുന്നു. ഗാന്ധി ഒരു വിൽപ്പന ചരക്കായി മാറുക എന്നത് അലോസരപ്പെടുത്താത്ത കഥാകാരന്മാരില്ല തന്നെ. മനോഹരമായ ഒരു കഥ, ആശംസകൾ. സ്നേഹപൂർവ്വം...

ടി. വി. ഹരികുമാർ
9446118387

ഡിയർ മുരളീധരൻ,

മധുകണം തൂവും നിൻ
മധുരസ്വരത്താൽ
പൊന്നോണപ്പുലരിതൻ
ദിവ്യമാം വേളയിൽ
ആശംസ നേർന്നീടു
മലയാളി മക്കൾക്കായ്
പഞ്ചവർണ്ണാംഗിയാം
തുഞ്ചന്റെ പൈങ്കിളിയേ !

"ഏവർക്കും സമ്പൽസമൃദ്ധമായ ഓണം ആശംസിക്കുന്നു."

ശ്രീ. മുരളീധരന്റെ മുഖപ്രസംഗം പച്ചയായ സത്യങ്ങളുടെ ദൃശ്യാവിഷ്ക്കരണമായിത്തോന്നി വായിച്ചപ്പോൾ. പ്രതികരിക്കാനുള്ള മനസ്സുണ്ട്. പക്ഷെ വളരെ കുറച്ചുപേർക്കുമാത്രം. ഒറ്റക്കെട്ടായി സാധാരണക്കാർ പ്രതികരിച്ചാൽ ചെറിയ ഒരു പോംവഴിയെങ്കിലും കാണാനുള്ള സാധ്യതയുണ്ടാവില്ലേ? പുതിയ തലമുറ അനാരോഗ്യകരമായ ചുറ്റുപാടിലാണ് വളരുന്നത്. അവരെ കാണുമ്പോൾ ഭീതിയും അസ്വസ്ഥതയും തോന്നുന്നു. പരിശ്രമിച്ചാൽ അവർക്കായി വിഷലിപ്തമല്ലാത്ത ഒരു ചുറ്റുപാട് ജീവിതത്തിന്നായി ഒരുക്കാൻ കഴിയില്ലേ? മുഖപ്രസംഗം വായിച്ചപ്പോൾ എന്റെ മനസ്സിൽ തോന്നിയ അഭിപ്രായം കുറിച്ചതാണ്. ഏക തത്ത്വയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു. ഉയരങ്ങൾ പിടിച്ചടക്കാൻ സർവ്വേശ്വരനോട് പ്രാർത്ഥിക്കുന്നു. ഭാവുകങ്ങളോടെ,

മീനാക്ഷി എഴുവത്ത
8447291292, 9526048127

**മറുപടി**

പ്രളയത്തെത്തുടർന്ന് വൈദ്യുതിയും ഇന്റർനെറ്റും എല്ലാം തടസ്സപ്പെട്ടതിനാൽ ഇ-മെയിലിലൂടേയും വാട്സ് ആപ്പിലൂടേയും അയച്ച കൃതികൾ മിക്കവയും ഉൾപ്പെടുത്താനായില്ല. കൃതികളെല്ലാം പോസ്റ്റലായി അയക്കുവാൻ ശ്രദ്ധിക്കുക. A4 size പേപ്പറിൽ വായിക്കാൻ പറ്റുന്ന വിധം വൃത്തിയായി ഒരു പുറത്തു മാത്രം എഴുതി അയക്കുന്നതാണ് അഭികാമ്യം. കത്തുകളയച്ച ഏവർക്കും നന്ദി. തുടർന്നും എഴുതുക.

എഡിറ്റർ

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

■പുസ്തകപരിചയം

# ശ്രീ. സുകുമാരൻ നെല്ലാനിക്കാടിന്റെ പുനർജ്ജനിയെക്കുറിച്ച്...


**കൃഷ്ണ എഴക്കാട്**
**9847469166**





**കോ**ട്ടയം ജില്ലയിൽ നിന്നും പാലക്കാട്ടേക്ക് കുടിയേറിയ അദ്ധ്യാപകനും, സാഹിത്യകാരനും, കർഷകനും, ചിത്രകാരനും ശില്പിയുമായ ശ്രീ. സുകുമാരൻ നെല്ലാനിക്കാടിന്റെ പുസ്തകമാണ് പുനർജ്ജനി. പേര് സൂചിപ്പിക്കുന്ന പോലെ ഏറെകാലത്തെ സാഹിത്യരംഗത്തെ മൗനത്തിനുശേഷം പുനർജ്ജനിക്കുന്ന വ്യക്തിയെ നമുക്കിതിൽ വായിച്ചെടുക്കാം.

കഥ, കവിത, ലേഖനം, അദ്ദേഹത്തെക്കുറിച്ച് തന്നെ വന്ന അഭിമുഖം, യൗവ്വനകാലത്തെ യോഗാഭ്യാസപ്രകടനത്തിന്റെ ചിത്രങ്ങൾ, ശില്പവൈവിധ്യങ്ങളുടെ ചിത്രങ്ങൾ എന്നിങ്ങനെ തന്റേതായ കയ്യൊപ്പുകളുടെ ശേഖരമാണ് പുനർജ്ജനിയിൽ. മുഖചിത്രത്തിൽ കാണുന്ന ശില്പം സ്വപ്നസുന്ദരി താനേറെ ഇഷ്ടപ്പെട്ട് ചെയ്തതാണെന്ന് അദ്ദേഹം പറയുന്നുണ്ട്. നെഹ്റു, ഇന്ദിര, ലെനിൻ, വിവേകാനന്ദൻ, യേശു, സ്വന്തം മാതാപിതാക്കൾ, ചെമ്പൈ സ്വാമി, ദ്വാരപാലകൻ, ചിന്നത്തായ് (ശ്രീ. ഇളയരാജയുടെ മാതാവിന്റെ ശില്പം), ശ്രീനാരായണ ഗുരുവിന്റെ പ്രതിമകൾ, ഗീതോപദേശം എന്നിങ്ങനെ ധാരാളം പ്രതിമകൾ അദ്ദേഹം പൂർത്തീകരിച്ചിട്ടുണ്ട്.

തകഴിയുടേയും കാരൂരിന്റേയും കഥകളോട് കിട പിടിക്കുന്ന രചനകളാണ് കഥാഭാഗത്ത് (8 കഥകൾ) 21 കവിതകൾ വിപ്ലവത്തിന്റെ യൗവ്വനകാലം ഓർമ്മിപ്പിക്കുന്നു. മൺമറഞ്ഞ അനുഷ്ഠാന കലയെ പരിചയപ്പെടുത്തുന്ന ലേഖനവും കഥാപ്രസംഗത്തിന്റെ പൂർവ്വകാല ചരിത്രവും പുതുതലമുറക്ക് അന്യമായ അറിവുകളാണ്.

നല്ലൊരു കർഷകൻ കൂടിയായ അദ്ദേഹം തന്റെ എല്ലാ സർഗ്ഗവാസനകളേയും വേണ്ടത്ര പരിപോഷിപ്പിച്ചിരിക്കുന്നു. ഇനിയും ചെയ്തുതീർക്കാൻ പ്രതിഭ ബാക്കിയുണ്ട്. ആയുസ്സും ആരോഗ്യവും ഉണ്ടെങ്കിൽ എന്ന് പറയാതെ പറയുകയാണ് അദ്ദേഹം പുനർജ്ജനിയിലൂടെ.



**പുനർജ്ജനി**
**വില : 120 രൂപ**
**പേജ് : 124**
**പ്രസാധകർ : ഏക തത്ത്വ പബ്ലിക്കേഷൻസ്**


■ കവിത

# അത്രമേൽ പ്രിയങ്കരിയുടെ എഴുത്തിലെ നിഗൂഢതകൾ തിരയുന്നവൻ


**തുളസി കേരളശ്ശേരി**
**9526144499**




അത്രമേൽ പ്രിയങ്കരിയായൊരു
പെണ്ണെഴുതുമ്പോൾ
അവളുടെ
സ്നേഹാക്ഷരക്കൂട്ടുകൾ
നിറങ്ങളിൽ നീരാടി
നൃത്തം ചെയ്യുന്നതായവനു തോന്നും
ഓരോ വരിയും
അവളുടെ മനോഹരമായ കടാക്ഷമെറിയും
ഓരോ വാക്കും
ചുംബനകുങ്കുമമേകി ചുണ്ടിലുലാത്തും
അതിൽ പുളകിതനായി
അവയോരോന്നും
പേർത്തും ചേർത്തും വച്ച്
ആന്തരാർത്ഥങ്ങൾ ചികയും
ഇടയ്ക്കെങ്ങാനും
പൊട്ടും പൊടിയുമായ്ക്കിടക്കുന്ന
ആശ്ചര്യചിഹ്നത്തിലോ
കുത്തിലോ കോമയിലോ,
അനന്തവും അഗാധവുമായ
പ്രണയത്തെ കണ്ടുപിടിച്ച്
പൊട്ടിച്ചിരിക്കും
നൃത്തം ചെയ്യും
പിന്നെ പതിയെ
മറ്റാരോടോ
സംഭവിച്ചുപോയൊരു
പ്രണയത്തിന്റെ
ആത്മാവിഷ്കാരമോ എന്നന്വേഷിക്കും
അല്ലെന്നറിഞ്ഞാൽ ഉന്മാദിയെപ്പോലെ
ആർത്തു ചിരിക്കും
കുത്തിയൊഴുകുന്ന പ്രണയനദിയിൽ മുങ്ങിനിവരും
ഒടുവിൽ,
കവിയെയല്ല കവിതയെമാത്രം വായിക്ക്
എന്ന വ്യാഖ്യാനവുമായി അവളെത്തുമ്പോൾ
അവൾക്ക് പരിഭാഷപ്പെടാത്തത്ര
തീവ്രവും ദീപ്തവുമായ ഭാഷയിൽ,
വരണ്ടുണങ്ങി വിചിത്രമാംവിധം
വിറങ്ങലിച്ചുപോയ
അതേ നദിക്കരയിലിരുന്ന് വിലാപകാവ്യമെഴുതും
അതെ,
അത്രമേൽ പ്രണയമുള്ളവനുമാത്രം
എഴുതാനാവുന്ന സ്നേഹകാവ്യം.



**മുഹമ്മദ് കനി**
**8157874953**

# വിധി
## (Fate)

**ദൈ**വമേ (അല്ലാഹുവേ) എനിയ്ക്ക് സംഭവിച്ച ഈ 'വിധി' ആർക്കും വരുത്തരുതേ ! എന്നാലും അവന്റെ 'വിധി' ഇങ്ങിനെയായിപ്പോയല്ലോ ! ഇങ്ങിനെയൊക്കെ സംഭവിയ്ക്കുമെന്ന് ഞാൻ ഒരിയ്ക്കലും കരുതിയില്ല ! എന്നാലും എന്തൊരു 'വിധി'യാണിത് എന്നെല്ലാം വിലപിക്കുന്ന നാമടക്കമുള്ള ജനം നിരവധിയാണ്. ദുരന്തങ്ങൾ സംഭവിയ്ക്കുമ്പോഴും പ്രതീക്ഷയ്ക്ക് വിപരീതമായി കാര്യങ്ങൾ നമ്മുടെ നിയന്ത്രണത്തിലൊതുങ്ങാതാവുമ്പോഴും മാത്രമേ ഇങ്ങിനെ വിലപിയ്ക്കുന്നത് നാം കാണാറുള്ളൂ. എല്ലാ കുറവുകളും ദൈവത്തിനുമേൽ ചാർത്തിക്കൊണ്ട് നാം നിരപരാധിയായി ചമയുന്നു.

എന്നാൽ 95 ശതമാനവും നമ്മുടെ പ്രവർത്തിദോഷം കാരണമാണ് ദുരന്തങ്ങൾ സംഭവിയ്ക്കുന്നതെന്ന സത്യത്തെ നാമോർക്കാറേയില്ല. ഈശ്വരൻ സൃഷ്ടിച്ച ഈ പ്രകൃതിയിലെ ഓരോ സൃഷ്ടിയ്ക്കും ഓരോ രീതികൾ വിധിച്ചിട്ടുണ്ട്. ആ രീതിയിൽ നിന്നും വ്യതിചലിച്ചുകൊണ്ട് മനുഷ്യക്കരങ്ങൾ പ്രവർത്തിയ്ക്കുന്നതിന്റെ ഫലമായി പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടമാവുകയും അത് ദുരന്തങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു. ഈശ്വരൻ നൽകിയ 'വിധി' വിലക്കുകൾക്കനുസരിച്ച് പ്രവർത്തിയ്ക്കുന്നതായാൽ ദുരന്തങ്ങളുണ്ടാവില്ലായെന്നോർക്കണം.

ശരീരത്തിൽ നിന്നും രക്തം മുഴുവനായും നഷ്ടപ്പെട്ടാൽ മരണം നടക്കുക തന്നെ ചെയ്യും ഏത് മാർഗ്ഗത്തിലൂടെ രക്തം നഷ്ടപ്പെടുന്നു എന്ന കാര്യത്തിലാണ് പ്രസക്തി. അപകടത്തിൽപെട്ട് ചിലർ രക്തം വാർന്ന് മരിയ്ക്കുന്നു. എന്നാൽ മനഃപ്പൂർവ്വം ഞരമ്പു മുറിച്ചതുകൊണ്ട് രക്തം വാർന്ന് മരിയ്ക്കുന്നവരുമുണ്ട്. അപകടം മനഃപ്പൂർവ്വം വരുത്തിവയ്ക്കാതേയും രക്തം കയറ്റുവാൻ അവസരം ലഭിയ്ക്കാതെയുമാണ് മരിച്ചതെങ്കിൽ അത് അവന്റെ 'വിധി' എന്നല്ലാതെ ഒന്നും പറയുവാൻ കഴിയില്ല. എന്നാൽ ആത്മഹത്യ ചെയ്യുവാൻ വേണ്ടി ഞരമ്പുമുറിയ്ക്കുകയും നഷ്ടപ്പെട്ട രക്തം തിരികെ ശരീരത്തിലേയ്ക്ക് കയറുവാൻ അവസരം ലഭിച്ചിട്ടും അത് ചെയ്യാതെ മരണം സംഭവിച്ചാൽ അതിനെ ചോദിച്ചുവാങ്ങിയ വിധി എന്നും പറയാം.

ആദ്യത്തെ മരണത്തിൽ മരിച്ച വ്യക്തിയ്ക്ക് ഈശ്വരൻ പരലോകത്ത് പ്രതിഫലം നൽകുകയും, രണ്ടാമത്തെ തരത്തിലുള്ള മരണത്തിൽ മരിച്ച വ്യക്തിയ്ക്ക് പരലോകത്ത് ശിക്ഷയുമാണ് ലഭിയ്ക്കുക.

പരലോകത്തിൽ എന്നുദ്ദേശിച്ചത് ഈ ഭൗതികലോകത്തെ ജീവിതത്തിൽ നിന്നും ആത്മീയലോകത്തെ ജീവിതത്തിലേയ്ക്ക് പ്രവേശിയ്ക്കുമ്പോൾ എന്നർത്ഥം വച്ചുകൊണ്ടാണ്. ഇത് പെട്ടെന്നുൾക്കൊള്ളാൻ ബഹുമാനപ്പെട്ട വായനക്കാരിൽ പലർക്കും കഴിഞ്ഞെന്നുവരില്ല. അവർ ഇങ്ങിനെ ഇപ്പോൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. 'അതായത് ഉറക്കം ഒരു ചെറുമരണമാണല്ലോ. ആ മരണത്തിൽ നാം സ്വപ്നത്തിൽ ജീവിക്കുന്നു. സുന്ദരസ്വപ്നവും, ദുഃസ്വപ്നവും കാണുന്നു. പരലോകജീവിതത്തെ അങ്ങനെയുള്ള നിരന്തര സ്വപ്നമായി കണ്ടാൽ മതിയാവുന്നതാണ്. ഈ ലേഖനം 'വിധി' എന്ന വിഷയത്തെ കുറിച്ചായതുകൊണ്ട് പരലോകത്തെപ്പറ്റി കൂടുതൽ എഴുതുന്നില്ല.

ഈ ലോകത്തിൽ മനുഷ്യന് സ്വന്തമായി യാതൊന്നും തന്നെയില്ല എന്ന സത്യം നാമടക്കമുള്ള മനുഷ്യർ മനസ്സിലാക്കുന്നില്ല. അത് മനസ്സിലാക്കുകയാണെങ്കിൽ ഭൂമി ഒരു സ്വർഗ്ഗമായിത്തീരുന്നതാണ്. കാരണം ഒന്നും തന്നെ എന്റേതല്ല എന്ന ചിന്ത വന്നുവെങ്കിൽ ഇതെല്ലാം പിന്നെ ആരുടേതാണെന്ന ചിന്ത വരികയും അതന്വേഷിച്ചു കണ്ടെത്തുകയും ചെയ്യും. ഉത്തരം ലഭിയ്ക്കുന്നത് എല്ലാം തന്നെ ഈശ്വരന്റേതാണെന്നായിരിക്കും. എല്ലാം തന്നെ ഈശ്വരന്റേതായതുകൊണ്ട് അത് ഞാൻ മാത്രം ഉപയോഗിയ്ക്കുന്നതായാൽ എന്നോട് ഈശ്വരന് വെറുപ്പുണ്ടാവുകയും ഞാൻ ശിക്ഷിയ്ക്കപ്പെടുകയും ചെയ്യുമെന്ന ഉൾക്കിടിലം ഉണ്ടാവുകയും ഞാനിഷ്ടപ്പെടുന്നതെല്ലാം മറ്റുള്ളവർക്കും വേണമെന്ന ആഗ്രഹം ഉണ്ടായിത്തീരുകയും അങ്ങിനെ മാനസിക പരിവർത്തനത്താൽ ഉത്തമ മനുഷ്യനായി മാറുകയും ചെയ്യും. അങ്ങിനെ ഉത്തമ മനുഷ്യരടങ്ങുന്ന സ്ഥലത്തെയാണ് സ്വർഗ്ഗം എന്ന് വിശേഷിപ്പിക്കുന്നത്. ദുഷ്ട മനുഷ്യരടങ്ങുന്ന സ്ഥലത്തെ നരകമെന്ന് വിശേഷിപ്പിക്കുന്നു. ഭൂമിയിലെ സ്വർഗ്ഗ നഗരങ്ങൾ മനുഷ്യക്കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലങ്ങൾ കൊണ്ടുണ്ടാവുന്നു. എന്നാൽ പരലോക (ആത്മീയ ലോകം)ത്തെ സ്വർഗ്ഗനരകങ്ങൾ (യഥാർത്ഥ സ്വർഗ്ഗനഗരങ്ങൾ) ഭൂമിയിലെ കർമ്മഫലങ്ങൾക്കനുസരിച്ച് ദൈവം നൽകുന്നു. ഇത് ദൈവത്തിന്റെ പദ്ധതി'യാണ്. അതുകൊണ്ടുതന്നെ ദൈവത്തിന് ഇഷ്ടമായ കാര്യങ്ങൾ മനസ്സിലാക്കി നാം പ്രവർത്തിയ്ക്കേണ്ടതുണ്ട്.

ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യ(വിധി)ങ്ങളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ദൈവം (അല്ലാഹു) മനുഷ്യന് അറിയിച്ചുകൊടുക്കുകയാണെങ്കിൽ ദുരന്തങ്ങളൊന്നും സംഭവിയ്ക്കാതെ ശ്രദ്ധിക്കുവാൻ മനുഷ്യന് കഴിയുമായിരുന്നുവെന്ന് ഞാൻ പലപ്പോഴും ചിന്തിച്ച കാര്യമാണ്. അതേപ്പോലെ പലരും ചിന്തിയ്ക്കുന്നുണ്ടാവും എന്ന് കരുതുന്നു. അങ്ങിനെ ചിന്തിച്ചപ്പോൾ (അന്വേഷിച്ചപ്പോൾ) എനിയ്ക്ക് ലഭിച്ച ഉത്തരം ഇങ്ങിനെയായിരുന്നു. 'ജീവിതം ഒരു പരീക്ഷണ ഘട്ടം മാത്രമാണ്. ഈ ഭൗതിക ലോകത്തെ ജീവിതത്തിൽ നിന്നും ആത്മീയ ലോകത്തെ ജീവിതത്തിലേക്ക് പ്രവേശിയ്ക്കുന്നതിനുവേണ്ടിയുള്ള പരീക്ഷകളാണ് ഈ ജീവിതം. പരീക്ഷയെ

ഴുതുവാൻ തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കുറച്ചുദിവസങ്ങൾക്കു മുമ്പുതന്നെ ചോദ്യപ്പേപ്പറുകളും, അതിനുള്ള ഉത്തരങ്ങളും നൽകുകയാണെങ്കിൽ പിന്നെ പരീക്ഷയുടെ ആവശ്യം ഉണ്ടോ ? ഓൾ പ്രമോഷൻ നൽകിയാൽ പോരേ ? അതേപോലെ പരലോകജീവിതത്തിൽ (ആത്മീയ ലോകത്ത്) സ്വർഗ്ഗം എന്ന സമ്മാനം നൽകാൻ അർഹതയുള്ളവരെ തിരഞ്ഞെടുക്കുന്നതുകൊണ്ടാണ് ഈശ്വരൻ ഭാവികാര്യങ്ങൾ മുൻകൂട്ടി ആർക്കും തന്നെ അറിയിച്ചുകൊടുക്കാത്തത്. ഇതും ദൈവത്തിന്റെ 'പദ്ധതി'യാണ്.

ലോകത്തുകാണുന്ന എല്ലാത്തിന്റെയും ഉടമസ്ഥൻ ദൈവമാണല്ലോ. അതുകൊണ്ടുതന്നെ 'നിപ' എന്ന വൈറസിന്റെ ആക്രമണം മൂലം 17 പേരുടെ ജീവൻ എടുത്തതും ദൈവമായിരിക്കുമല്ലോ. ദൈവത്തിന്റെ നിർദ്ദേശമനുസരിച്ചായിരിക്കുമല്ലോ വൈറസ് അറ്റാക്ക് ചെയ്തത്. 17 പേരുടെ ജീവൻ എടുത്തതും പിന്നീട് ആ വൈറസിനെ പിടിച്ചുകെട്ടുവാൻ ഏർപ്പാടു ചെയ്തതും ദൈവം തന്നെയല്ലെ? എന്തിനാണ് ഇങ്ങിനെയെല്ലാം ദൈവം പ്രവർത്തിച്ചത് എന്ന ചിന്ത ഏവർക്കുമുണ്ടാവേണ്ടതും അതിന്റെ ഉത്തരം കണ്ടെത്താൻ ശ്രമിയ്ക്കേണ്ടതും ദൈവത്തിന്റെ ഉന്നതസൃഷ്ടികളായ മനുഷ്യരുടെ ചുമതലയാണ്. ഇത് ഈശ്വരനെ നിഷേധിക്കലല്ല, മനസ്സിലാക്കാൻ ശ്രമിയ്ക്കുന്ന ഒന്നാണ്. എല്ലാ കാര്യങ്ങളും അറിയുന്നവൻ അവൻ മാത്രമാണ്. എന്നാൽ നമ്മുടെ ബുദ്ധിയിൽ തെളിഞ്ഞുവരുന്ന കാര്യങ്ങൾ നാം പങ്കുവെയ്ക്കുന്നതിൽ തെറ്റില്ല.

ഈശ്വരൻ പറയുന്നു 'ഞാൻ നിങ്ങൾക്ക് നന്മയേ ചെയ്യൂ.' ഈ ദൈവവചന പ്രകാരം തിന്മയായ ഒരു കാര്യവും അവൻ ചെയ്യുകയില്ലായെന്നത് സത്യമാണ്. നാമറിയാത്ത നന്മകൾ ഈ 17 പേരുടെ മരണത്തിലും അതിനോടനുബന്ധിച്ചുനടന്ന സംഭവങ്ങളിലുമുണ്ട് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇനിയെഴുതുന്നത് എന്റെ ചിന്തകളാണെങ്കിലും അതിൽ സത്യമുണ്ടായിരിക്കുമെന്നു തന്നെയാണ് ഞാൻ കരുതുന്നത്. ഭാവിയിൽ അതിമാരകമായ 'നിപ' എന്ന ഒരു രോഗം വരുമെന്നും അതുമുഖേന പതിനേഴായിരമോ, പതിനേഴു ലക്ഷമോ, അതുമല്ലെങ്കിൽ പതിനേഴു കോടിയോ, അതിലധികമോ മനുഷ്യർക്ക് ജീവഹാനിയും വമ്പിച്ച സമ്പത്തും നഷ്ടപ്പെടാൻ പോകുന്നുവെന്നതിൻ മുന്നറിയിപ്പാവാം ആ ദുരന്തം ഒഴിവാക്കാനായിട്ടായിരിക്കാം ദൈവം ഇങ്ങനെ ഒരു 'പദ്ധതി' ഇപ്പോൾ നടപ്പാക്കിയിരിക്കുന്നത് എന്ന് ഞാൻ കരുതുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ എല്ലാവരും രാപകലില്ലാതെ പരിശ്രമിയ്ക്കുകയും കേരള ജനത മാത്രമല്ല ലോകജനത തന്നെ പ്രാർത്ഥിച്ചുകൊണ്ടിരിയ്ക്കുകയും ചെയ്തതിന്റെ ഫലമായി മാരകവൈറസിനെ പിടിച്ചുകെട്ടാൻ കഴിയുകയും, 17 പേരിൽ കൂടുതൽ ജീവഹാനികൾ സംഭവിയ്ക്കാതെ വൈറസിനെ തുടച്ചുനീക്കാൻ സാധിച്ചതും ദൈവത്തിന്റെ പദ്ധതി'തന്നെയാണ്.

അനേക കോടി ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാൻ 17 പേരുടെ ജീവനും അൽപം സമ്പത്തും ബലി നൽകിക്കൊണ്ട് ഈശ്വരൻ തന്റെ പദ്ധതി' നടപ്പാക്കിയതാകാം. യുദ്ധകാലാടിസ്ഥാനത്തിൽ ദുരന്തങ്ങളെ നേരിടാനും, പ്രതിവിധി കണ്ടെത്താനുമുള്ള പ്രചോദനങ്ങളും പ്രോത്സാഹനങ്ങളും ലഭിയ്ക്കുന്നതിനുവേണ്ടിയുള്ള ദൈവീകപദ്ധതിയാണെന്ന് ഞാൻ കരുതുന്നു. ഇത് എന്റെ ചിന്തകൾ മാത്രമാണെന്ന് കരുതിയാൽ മതിയെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു.

ഇങ്ങിനെ ഞാനെഴുതുവാൻ കാരണം ഖുർ ആനിൽ 'യൂനുസ്' എന്ന മഹർഷിയ്ക്ക് (പ്രവാചകന്) സംഭവിച്ച ഒരു സംഗതിയെ വച്ചുകൊണ്ടാണ്. അത് ഇങ്ങിനെ. അദ്ദേഹം തന്റെ ജനതയോട് ഒരുപാട് തവണ (ദൈവനിർദ്ദേശമനുസരിച്ച്) തെറ്റുകളിൽ നിന്നും പിൻമാറാൻ അഭ്യർത്ഥിച്ചുകൊണ്ടിരുന്നിട്ടും ആ ജനത പിന്മാറാതായപ്പോൾ ദൈവം പ്രവാചകനോട് പറഞ്ഞു: 'യൂനുസേ ഞാൻ നിങ്ങളുടെ ജനതയെ നശിപ്പിക്കാൻ പോകുകയാണ് എന്ന് അവരോട് പറയുവാൻ പറഞ്ഞു. അതുപ്രകാരം അദ്ദേഹം അവരോട് പറഞ്ഞശേഷം അവരുടെയിടയിൽ നിന്നും മറ്റൊരിടത്തേയ്ക്കുപോയി. എന്നാൽ ദൈവം അവരെ നശിപ്പിച്ചില്ല. കാരണം അവർ പശ്ചാത്തപിയ്ക്കുകയും പൊറുക്കലിനെ തേടിക്കൊണ്ട് തെറ്റുകളിൽ നിന്നും വിരമിയ്ക്കുകയും ചെയ്തു. വാർത്താവിനിമയ സൗകര്യങ്ങളില്ലാതിരുന്ന ആ കാലഘട്ടത്തിൽ യൂനുസ് പ്രവാചകന് തന്റെ ജനതയെ നശിപ്പിക്കാതിരുന്ന വിവരം അറിയാനും കഴിഞ്ഞില്ല. എന്തായാലും ആ ജനത വരാനിരിയ്ക്കുന്ന ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടതായി ഖുർആൻ പറയുന്നുണ്ട്. ഈ സംഭവത്തിൽ നിന്നും ദൈവം തെറ്റുകൾ പൊറുത്തുതരുന്നത് മനസ്സിലാക്കുവാൻ കഴിയുന്നു. യൂനുസ് പ്രവാചകനായതുകൊണ്ട് ദൈവത്തിന്റെ പദ്ധതി ജനങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ഇപ്പോൾ പ്രവാചകന്മാരാരുമില്ലാത്തതുകൊണ്ടും ഇനി വരുവാനില്ലാത്തതുകൊണ്ടും ശാസ്ത്രജ്ഞന്മാരിലൂടെ നമുക്ക് ദൈവം ഇച്ഛിക്കുന്ന കാര്യങ്ങളിൽ ചിലത് അവൻ മനസ്സിലാക്കിത്തരുന്നുവെന്ന് ഞാൻ കരുതുന്നു. എന്റെ നിഗമനങ്ങൾ ശരിയാണെന്ന് ഞാൻ പറയുന്നില്ല. എനിക്ക് അങ്ങിനെ വിശ്വസിയ്ക്കാനാണ് താല്പര്യമെന്ന് മാത്രം.

ഭാവിയിൽ നടക്കാനിരിക്കുന്ന ദൈവ പദ്ധതിയെന്തെന്ന് നമുക്കറിയില്ല. എന്നാൽ അവനുദ്ദേശിക്കുന്നവർക്ക് ചില കാര്യങ്ങൾ അവൻ മുൻകൂട്ടി അറിയിച്ചുകൊടുക്കുന്നുണ്ട്, ഗവേഷണത്തിലൂടേയും, അല്ലാതേയും. വിധിയെ പഴിയ്ക്കാതെ മൈനസ്സുകളെല്ലാം പ്ലസ്സാക്കി മാറ്റിക്കൊണ്ട് ജീവിത വിജയം (ഇഹപരവിജയം) കരസ്ഥമാക്കാൻ വേണ്ടി നമുക്ക് പ്രവർത്തിച്ചുകൊണ്ട് പ്രാർത്ഥിയ്ക്കാം, പ്രാർത്ഥിച്ചുകൊണ്ട് പ്രവർത്തിയ്ക്കാം. ജഗദീശ്വരൻ നമ്മെ അനുഗ്രഹിയ്ക്കുമാറാകട്ടെ !

'ഈ പ്രപഞ്ചവും അതിലുള്ള സകല ചരാചരങ്ങളുടേയുമുടമസ്ഥൻ ദൈവമാണ് (അല്ലാഹു). അവന്റെയിഷ്ടം നടപ്പാക്കുന്നതു തടയാൻ അവനുമാത്രമേ കഴിയൂ.'


സ്തുതി മുഴുവൻ പ്രപഞ്ചനാഥന്.

●

## ■ കതിരും പതിരും

സൈനുദീൻ മുണ്ടക്കയം
9947253006

# പുതുച്ചൊല്ലുകൾ



1.
കാവികുടിച്ച്, കാവിയുടുത്ത്, കാവിയായി,
കാവുകയാണവൻ കാലം പോക്കാൻ.

2.
കലഹം കൂട്ടി നടപ്പവരാരും
ഉലകിനു നന്മകൾ ചെയ്യില്ല!

3.
മോദിച്ചു മോദിച്ചു മോന്തായമെത്തീട്ടും
മോദം വളർന്നങ്ങു മർക്കടനായിതാ.

4.
ഇതിഹാസത്തിലൊളിഞ്ഞിരിപ്പുണ്ടൊരുഹാസം
പരിഹാസമോ, അല്ല പരഹാസമോ!

5.
ന്യായം പറയാനാളില്ലെങ്കിൽ
നീതി നടത്തുവതെങ്ങനെ മേലിൽ ?

6.
കോടതികൾക്കും കൂച്ചുവിലങ്ങോ ?
കേൾപ്പതു നേരോ നുണയോ പറയൂ !

7.
ജ്ഞാനാജ്ഞാനങ്ങൾ തമ്മിലടിച്ചാൽ
അജ്ഞാനത്തിനിന്നു വിജയകിരീടം.

8.
അധികാരത്തിന്നപ്പക്കഷണം
അധികം തിന്നാലപകടമാ...!

9.
അധർമ്മികളുമാൾ ദൈവങ്ങളും,
സുഖലോലുപരാം സന്യാസികളും,
വിത്തില്ലാതെ വിളവിറക്കി,
വിത്തമെല്ലാം സ്വന്തമാക്കി.

10.
ഭാരത ധർമ്മങ്ങൾക്കിന്നുച്യുതി
ഭഗവത് ചൈതന്യമെങ്ങുമില്ല;
പുനരുത്ഥാനത്തിനെത്തുമോ ഭവാൻ
പങ്കിലയായിക്കിടപ്പൂ ഭാരതം.

11.
കണ്ണില്ലാത്തോനെ വഴിനടത്താൻ
കരുണയുള്ളോന്റെ കരങ്ങൾ വേണം.

12.
നീചപ്രവൃത്തികൾ ചെയ്യുവോനെ-
ന്യായം പറയാതെ ശിക്ഷിക്കേണം.

13.
പുലികൾക്കറിയാം ആടൊരു പാവം
ആട്ടിൻ മാംസം രുചികരമെന്നും.

14.
ചത്തതും കൊന്നതും രാഷ്ട്രീയക്കാർ
മനുഷ്യഗണത്തിലവർക്കില്ല സ്ഥാനം!

15.
ജനാധിപത്യത്തിൽ പണാധിപത്യം
മതാധിപത്യത്തിൽ നുണാധിപത്യം.

16.
വിശ്വം മുഴുവൻ പിടിച്ചടക്കാൻ
വിശ്വാസഘാതകരൊത്തുകൂടി;
നുണകൾ വിതച്ചവർ വളവുമിട്ടു
നാശത്തിൻ കതിരുകൾ കൊയ്തെടുക്കാൻ.

17.
പിച്ചച്ചട്ടിയിൽ കയ്യിട്ട്
പ്രഭുവിനെയൂട്ടാൻ നോക്കുന്നു.

18.
പെട്രോളിയത്തിലെ കൊള്ളലാഭം,
ശൗചാലയത്തിന്റെ നിർമ്മിതിക്കോ ?

19.
നാടിൻ പുരോഗതി കാണുവാനായ്-
ശൗചാലയങ്ങളിൽ ചെന്നെത്തിനോക്കാം.

20.
പദവിയിലെത്താൻ പ...ല...തും പറയും
പദവി ലഭിച്ചാലൊക്കെ മറക്കും.

21.
തിണ്ണ നിരങ്ങി നടപ്പവനെ-
പൊണ്ണനെന്നു വിളിച്ചീടും.

22.
സോദരീ സോദരരേയെന്നു തെക്കൻ
സോദര സോദരിമാരേയെന്നു വടക്കൻ!

23.
അധികാരിക്കിനിയെന്തും പറയാം-
അധികാരം നിലനില്ക്കുംവരെയും.

24.
പ്രോത്സാഹിപ്പിക്കാനാളുണ്ടെങ്കിൽ
പോക്കറ്റവനും നിന്നുവിളങ്ങും.

25.
നാരിയെ നാറ്റിച്ചു നാണം കെടുത്തുന്ന-
നാരികൾ നാട്ടിൽ നാവിട്ടലക്കുന്നു.

26.
കല്യാണമാം കല്യാണം
ആലുക്കും വേപ്പുക്കും കല്യാണം.

27.
ഭീകരർ നേതാക്കളാകും കാലം-
ഭാരത നാടിന്നു കഷ്ടകാലം.

28.
രാ...മായണമെന്നാദികവി-
രാവേ...ശരണമെന്നു ഭക്തന്മാർ.

29.
ആചാരത്തിൻ പൊരുളറിയാത്തോർ
ദുരാചാരത്തിന്നടിമകളത്രേ !

30.
അത്യാഹിതമെന്നാരോ ചൊല്ലി
കേട്ടവർ കേട്ടവരോട്ടമായി
സത്യമറിഞ്ഞിട്ടല്ലോട്ടമെന്നാൽ-
സത്യാന്വേഷികളതിലാരുമില്ല.

31.
നല്ല മനസ്സിൽ നന്മകൾ വിളയും
നീച മനസ്സിൽ തിന്മകൾ വളരും.

32.
പിറ കണ്ടാലേഴഴക്
പിറ വളർന്നാൽ കറ കാണാം.

33.
അയിത്തം ചൊന്നോരെയൊതുക്കി നിർത്തി
അയിത്തക്കാർക്കിപ്പോൾ പൈത്യമായി.
34.
പല പല സേനകളുണ്ടാകുന്നു-
ശിവനേയിവർക്കിവിടെന്താ ദൗത്യം ?
35.
പെണ്ണാണെന്ന് പറഞ്ഞിട്ടെന്താ-
പൊന്നിൻ വിലയൊരു പെണ്ണിനുമില്ല.
36.
പൊന്നും പണവും മുന്നിൽവച്ചാൽ-
പെണ്ണിനെ വേൾക്കാൻ ഉത്സുകരേറെ!
37.
പെണ്ണിനൊരാണും, ആണിനുപെണ്ണും-
മതിമതിയിവിടെ ഗോത്രം വളരാൻ.
38.
പാരിൽ പെണ്ണുപിറന്നില്ലേൽ-
ഭൂമിക്കെവിടാ നിലനില്പ്പ് ?
39.
പണമില്ലേലും മനസ്സുണ്ടെങ്കിൽ-
പാമരനും സുഖമെവിടേം കിട്ടും.
40.
ആത്മീയവൃക്ഷത്തിൻ കൊമ്പുവെട്ടി-
ഒട്ടുശാഖകൾ വച്ചുകെട്ടി;
പുതിയൊരാത്മീയ വൃക്ഷമാക്കാൻ-
പാമരർതേടുന്നെളുപ്പമാർഗ്ഗം!
41.
ഭാരതമെന്നാൽ പാരിൻ നടുവിൽ-
ഭ്രാന്തന്മാരുടെ നാടായി;
മതജാതികൾ തമ്മിൽ പോരുമുറുക്കി-
പരിഹാസത്തിന്നിരയാക്കി.
42.
ഒന്നാണു നമ്മളെന്നോതുന്നുമേടയിൽ-
ഒന്നല്ല നമ്മളെന്നനുയായിയോടും.
43.
ഒറ്റക്കെട്ടെന്നടിക്കടി ചൊല്ലുന്നു
തക്കം നോക്കീട്ടുകെട്ടങ്ങഴിക്കുന്നു.
പക്ഷം പിടിക്കുന്നു കാലുറപ്പിക്കുവാൻ
പോക്കണം കെട്ടോർക്കിന്നെന്തുമാകാം.
44.
ശാന്തി കിട്ടാതലയുമാത്മാക്കളെ-
വേദമന്ത്രങ്ങളാൽ ശാന്തരാക്കുന്നുഹാ!
ലോകശാന്തിക്കുതകുന്ന മന്ത്രങ്ങൾ
ആരുചൊല്ലുമെന്നാശങ്ക ഞങ്ങളിൽ!
45.
പാലമിട്ടാൽ കടക്കാമിരുപുറം,
പാതിപോയി തിരിഞ്ഞുനടക്കുകിൽ-
മറുകരയെത്തുവതെങ്ങനെ സോദരാ ?
46.
പ്രായഭേദം മതഭേദം,
ഏതുമില്ലാതെ ചിലർ,
വ്രണിത വികാരികളായ്
തുള്ളുന്നു സംഹാരരുദ്രരായ്.

■ കവിത

# മാവേലി എൻ വീട്ടിൽ വന്നിരുന്നോ?

**മനോഹരി സി. ബി.**
**9400681668**

ഓണം വരാനൊരാണ്ടു കാത്തിരുന്നൂ ഞാൻ
ഒടുവിൽ ഓണമിങ്ങോടിയെത്തി.
ഒരുമാസം മുമ്പേ തുടങ്ങീ ഞാൻ
അത്തം മുതൽ തുടങ്ങേണ്ട പൂക്കളം.

പൂവിൻകുറവിലും കടലാസു-പ്ലാസ്റ്റിക്ക്
പൂക്കളെ പടിപ്പുറത്തുനിർത്തി.
തുമ്പയും മുക്കുറ്റികൊങ്ങിണിപ്പൂക്കളും
ചെത്തി ചെമ്പരത്തിയും അണിനിരന്നു.

അത്തം പത്തിനിങ്ങോണം വന്നപ്പോൾ
തൃക്കാക്കരയപ്പനെ കുടിയിരുത്തി.
ഉപ്പേരി, പപ്പടം, പായസം എന്നുള്ള
പലവിധ വിഭവങ്ങൾ നേദിച്ചൂഞാൻ

പുള്ളിപ്പുലികളും വരയൻ പുലികളും
കുമ്മാട്ടിക്കൂട്ടവും നാട്ടിലെത്തി
ആടിയും പാടിയും നാട്ടിലവർ
ആവോളമാർത്തങ്ങുല്ലസിച്ചു.

കൈകൊട്ടിക്കളി പാട്ടുകേട്ടു ഞാനാ
മങ്കമാരെത്തേടി പുറത്തിറങ്ങി...
ആദിക്കുതേടി നടന്നുവെങ്കിലു
മൊരാൾക്കൂട്ടമെങ്ങുമേ കണ്ടതില്ല.

അയലത്തെ വീട്ടിലെ ടിവിയിലപ്പോൾ
മറ്റൊരു ചാനൽ മാറ്റീരുന്നു.
അയലത്തുവീട്ടിലെ ടിവിയിലപ്പോൾ
വള്ളം കളിപ്പാട്ടു കേട്ടിരുന്നു.

ഊഞ്ഞാലാട്ടവും ഓണക്കളികളും
മിഥ്യയാം തോന്നലായ് ഉറഞ്ഞു ഉള്ളിൽ
ആർപ്പു വിളിക്കേണ്ട കുട്ടികളെല്ലാം
ടി.വിക്കു മുന്നിൽ ചടഞ്ഞിരുന്നു.

മുതിർന്നവർ മദ്യത്തിൽ മുങ്ങിപ്പോയി
ചിലർ, ഓണം വളരെ പൊലിമയാക്കി.
കോടികൾ കുടിച്ചുതീർന്നപ്പോഴേ-
യ്ക്കോണം പൊയ്പ്പോയ് കഴിഞ്ഞിരുന്നു.

ശക്തമായുള്ളൊരു സംശയമെന്നുള്ളിൽ
മാവേലി എൻ വീട്ടിൽ വന്നിരുന്നോ ?
എന്നുടെ ആദരം സ്വീകരിച്ചോ ?
കേരളത്തിൻ ഗതി കണ്ടുകൊണ്ടാമന്നൻ
കണ്ണുനീർ വാർത്തു തിരിച്ചുപോയോ ?



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# യു.ആർ.എഫ്. നാഷണൽ റെക്കോർഡ്

## സുരേഷ് തെക്കീട്ടിലിന്



**തെക്കീട്ടിൽ കഥകളിലൂടെ സുരേഷ് തെക്കീട്ടിൽ ചരിത്ര നേട്ടത്തിലേയ്ക്ക്...**


ഫേസ്ബുക്കിൽ തുടർച്ചയായ ദിനങ്ങളിൽ അഞ്ഞൂറു കഥകൾ
എഴുതിയ സുരേഷ് തെക്കീട്ടിലിന്
യു. ആർ. എഫ്. നാഷണൽ റെക്കോർഡ്.
റെക്കോർഡ് പ്രഖ്യാപനവും സർട്ടിഫിക്കറ്റ് സമർപ്പണവും
അദ്ദേഹത്തിന്റെ മൂന്നു രചനാ സമാഹാരങ്ങളുടെ
പ്രകാശനവും കവിയരങ്ങും
2018 ആഗസ്റ്റ് 27 തിങ്കളാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ
പാലൂർ എ. എൽ. പി. സ്കൂളിൽ വെച്ച്.

**കൂടുതൽ വാർത്തകൾ അടുത്ത ലക്കത്തിൽ...**

**സുരേഷ് തെക്കീട്ടിലിന് ഏക തത്ത്വയുടെ**


**ആശംസകൾ**

# പുസ്തക പരിചയം



**കിഴക്കസ്തമിച്ച സൂര്യൻ**
(നോവൽ)
**പ്രമോദ് മഞ്ചേരി**
9495607393
വില - 100 രൂപ
പേജ് - 106
പ്രസാധകർ -
**ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്**

ചരിത്രസ്മാരകങ്ങൾ കാലത്തിന്റെ സ്മൃതി മണ്ഡപങ്ങളാണ്. വിജ്ഞാനദാഹികളുടെ മുന്നിൽ ചോദ്യങ്ങളുമായി ചരിത്രത്തിന്റെ മൗനങ്ങളിലാണ്ടുനിൽക്കുന്ന കൊണാർക്ക് സൂര്യക്ഷേത്രം ഒരത്ഭുതമാണ്.




**കടൽ അനുഭവങ്ങൾ**
(ലേഖനങ്ങൾ)
**കെ. ആർ. നാരായണൻ**
9594053133
വില - 100 രൂപ
പേജ് - 98
പ്രസാധകർ -
**പാമ്പുങ്കൽ പബ്ലിക്കേഷൻസ്, മുംബൈ**

മഹാത്ഭുതങ്ങളുടെ ഖജനാവാണ് കടൽ. ഇതിനെക്കുറിച്ചുള്ള സാധാരണക്കാരന്റെ അവബോധം പരിമിതമാണ്. കടലുമായി അടുത്തു ജീവിക്കുന്നവർക്കുപോലും അറിയാൻ കഴിയാത്ത പല രഹസ്യങ്ങളും കടൽ കൊണ്ടുനടക്കുന്നുണ്ട്. കടലിനേയും പരിസ്ഥിതിയേയും കുറിച്ചുള്ള കടൽ ശാസ്ത്രങ്ങളുടെ അടരുകൾ അന്വേഷിക്കുന്നവർക്ക് ഒരു അനുഗ്രഹമാണ് ഈ ഗ്രന്ഥം.



**കൽപ്രതിമകൾ**
(കഥകൾ)
**റ്റി. വി. ഹരികുമാർ കണിച്ചുകുളങ്ങര**
9446118387, 9447975914
വില - 85 രൂപ
പേജ് - 74
പ്രസാധകർ -
**ഗ്രാമം ബുക്സ്, കൊല്ലം**

സംഭവബഹുലമായ ജീവിതത്തിന്റെ ഒരു നിമിഷമാണ് കഥാകാരൻ തന്റെ കഥകളിലൂടെ പകർത്തുവാൻ ശ്രമിക്കുന്നത്. വലിയ കഥകളേക്കാൾ ആസ്വാദകന്റെ ചിന്തയ്ക്ക് ചൂടേകുന്നതാണ് ഇത്തരം കഥകൾ.



**എല്ലാവർക്കും യോഗ**
(വ്യായാമ മുറകൾ)
**മുതുകുളം സുനിൽ**
09820396523, 08652532017
വില - 100 രൂപ
പേജ് - 98
പ്രസാധകർ -
**പ്രതിഭ ബുക്സ്, തൃശ്ശൂർ**

യോഗമുറകൾ, സൂക്ഷ്മവ്യായാമം, സൂര്യനമസ്കാരം, സാധാരണ ഉണ്ടാവുന്ന സംശയങ്ങൾ, അവയുടെ നിവാരണ മാർഗ്ഗങ്ങൾ എന്നിവ വളരെ ലളിതമായ ഭാഷയിൽ വിവരിച്ചിരിക്കുന്ന ഈ പുസ്തകം സുഖധായകമായ ദീർഘായുസ്സ് നിലനിർത്താനും ആരോഗ്യദൃഢമായ ഒരു സമൂഹം സൃഷ്ടിക്കാനും വളരെയധികം സഹായിക്കും.

Published on 15/08/2018, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 8, Issue 10, September 2018, Rs.15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM


## Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime






















Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com